PRICE ₹50

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

അറിവോരം

VOL. 4 | ISSUE 6 | BIMONTHLY | DECEMBER 2024 | PAGES 52

04 പുസ്തകോത്സവത്തിന്റെ മൂന്നാം പർവം

07 മാലിന്യ സംസ്കരണം പൗരധർമ്മമായി ഏറ്റെടുക്കണം

10 സുസ്ഥിര കേരളം

13 ലെഹെം

18 കാർഷിക കേരളത്തിന്റെ പ്രശ്നങ്ങൾക്ക് ഒരു നിയമസഭാ സമിതി

കേരള നിയമസഭ
അന്താരാഷ്ട്ര
പുസ്തകോത്സവം

KLIBF

മൂന്നാം പതിപ്പ് / 2024 ജനുവരി 7 -1 3

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

അറിവോരം

വാല്യം 4 | ലക്കം 6 | ഡിസംബർ 2024

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
എ. എൻ. ഷംസീർ
നിയമസഭാ സ്പീക്കർ

എക്സിക്യൂട്ടീവ് എഡിറ്റർ
ഡോ. എൻ. കൃഷ്ണ കുമാർ
നിയമസഭാ സെക്രട്ടറി

അംഗങ്ങൾ
റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

എം. കെ. റിജു
സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

ഷാജി സി. ബേബി
സ്പെഷ്യൽ സെക്രട്ടറി

എം. എസ്. വിജയൻ
അഡീഷണൽ സെക്രട്ടറി

ഹരി പി.
അഡീഷണൽ സെക്രട്ടറി

രജനി വി. ആർ.
ജോയിന്റ് സെക്രട്ടറി

വി. ജി. റിജു
ജോയിന്റ് സെക്രട്ടറി

ജ്യോതി എൽ.
ജോയിന്റ് സെക്രട്ടറി

ജയശ്രീ എം.
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാക്കൾ
ഇ. കെ. മുഷ്താഖ്
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

പ്രീജിത്ത് രാജ്
സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

പ്രസിദ്ധീകരണ വിഭാഗം
വിവര വിഭവ വികസന 'ബി' വിഭാഗം

രൂപകൽപന
കുര്യൻ ക്രിയേറ്റീവ്

അച്ചടി
ഓറഞ്ച് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,
തിരുവനന്തപുരം - 01. ഫോൺ : 0471 4010905

കേരള നിയമസഭാ പ്രസിദ്ധീകരണം
ഇ-മെയിൽ : kladrd@gmail.com | ഫോൺ : 0471-2512493, 2353

മൊഴിമുഴക്കം

"എത്രദീർഘമായിതു ജീവിച്ചു സുഖമായ് മേലെത്രനാൾ ജീവിക്കുവാനാഗ്രഹിച്ചിരുന്നിതു നോക്കുക! ആർക്കുമറിയാവതല്ലായുസ്സിന്റെ പോക്കുകൾ ജീവിതത്തെ വിശ്വസിക്കാവതല്ല"

- എൻ. കുമാരനാശാൻ

ഉൾത്താളുകളിലൂടെ...

പുസ്തകോത്സവത്തിന്റെ മൂന്നാം പർവം എ. എൻ. ഷംസീർ	04
മാലിന്യ സംസ്കരണം പാരധർമ്മമായി ഏറ്റെടുക്കണം പിണറായി വിജയൻ	07
സുസ്ഥിര കേരളം വി. ഡി. സതീശൻ	10
ലെഹെം ചിറ്റയം ഗോപകുമാർ	13
കാർഷിക കേരളത്തിന്റെ പ്രശ്നങ്ങൾക്ക് ഒരു നിയമസഭാ സമിതി ഡോ. എൻ. ജയരാജ്	18
ഇന്ത്യൻ ഭരണഘടനയുടെ ചരിത്രാത്മക സ്വാധീനങ്ങളും വികാസവും ഡോ. എൻ. കൃഷ്ണ കുമാർ	20
സ്പീക്കറുടെ പൊതു പരിപാടികൾ	24
സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ	25
പതിനഞ്ചാം കേരള നിയമസഭ പന്ത്രണ്ടാം സമ്മേളനം	30
ചിത്രജാലകം	31
കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പ്	33
നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ	36
സുപ്രധാന സുപ്രീം കോടതി വിധികൾ	38
ഇതരസഭാ വാർത്തകൾ	39
വേർപാട്	40
ഇതര നിയമസഭാ സമിതികളുടെ സന്ദർശനം	41
നിയമസഭാ പ്രസംഗങ്ങളിലൂടെ	42
സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ	44
സഭാനായകരുടെ ജീവിത രേഖയിലൂടെ	45
വിജ്ഞാനപഥം	46
കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ റ്റി. മനോഹരൻ നായർ	47
നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ	50

പുസ്തകോത്സവത്തിന്റെ മൂന്നാം പർവം

എ. എൻ. ഷംസീർ, നിയമസഭാ സ്പീക്കർ

സമാനതകളില്ലാത്ത കൂട്ടായ്മയുടെ മനോഹാരിതയാണ് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ പ്രത്യേകത. ഭരണപക്ഷവും പ്രതിപക്ഷവും കൈകോർത്തുകൊണ്ടാണ് ഒന്നാം എഡിഷനും രണ്ടാം എഡിഷനും വിജയിപ്പിച്ചത്. അക്ഷരകേരളം ഹൃദയത്തിലേറ്റിയ പുസ്തകോത്സവം മൂന്നാം എഡിഷനിലേക്ക് പ്രവേശിക്കുകയാണ്. അക്ഷരങ്ങളോടും അറിവിനോടും അടുപ്പമുള്ളവരാണ് മലയാളികൾ. കേരളം സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമായി മാറിയത് പോലും വായിക്കാനും അറിയുവാനുമുള്ള സമൂഹത്തിന്റെ അതിയായ താൽപര്യം മൂലമാണ്. വിശ്വവിഖ്യാതമായ കേരള മോഡൽ ഉണ്ടാക്കാൻ സാധിച്ചതിനും അതിന് തുടർച്ചകളുണ്ടാക്കാൻ കഴിയുന്നതിനും രാജ്യത്തെ പ്രബുദ്ധമായ ഭൂമികയായി കേരളം തലയുയർത്തി നിൽക്കുന്നതിനും ഇത്തരം മികവുകൾ കാരണമായിട്ടുണ്ട്. അതിനാലാവണം കേരളത്തിൽ നിരവധി പുസ്തകോത്സവങ്ങൾ നടക്കാറുണ്ട്. സർക്കാർ വകുപ്പുകളുടെയും വിവിധ പ്രസിദ്ധീകരണ ശാലകളുടെയും മറ്റ് സ്ഥാപനങ്ങളുടേയുമൊക്കെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുള്ള പുസ്തകമേളകൾ നമുക്ക് സുപരിചിതമാണ്. അതിൽ നിന്നൊക്കെ വ്യത്യസ്തമായി, കേരളത്തിന്റെയൊട്ടാകെയുള്ള, ഓരോ പൗരന്റേയും പുസ്തകോത്സവം എന്ന വിലാസമാണ് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിനുള്ളത്.

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഒന്നാം പതിപ്പ് 2023 ജനുവരി മാസത്തിലായിരുന്നു. രണ്ടാം പതിപ്പ് കഴിഞ്ഞ വർഷം നവംബർ മാസത്തിലാണ് സംഘടിപ്പിച്ചത്. സംസ്ഥാന സർക്കാർ ഒരുക്കിയ മലയാളികളുടെ മഹോത്സവമായ കേരളീയത്തിന്റെ ഭാഗമായി നിയമസഭാ പുസ്തകോത്സവവും നടത്തണണമെന്നുള്ളതുകൊണ്ടാണ് നവംബറിൽ സംഘാടനമുണ്ടായത്. മൂന്നാം പതിപ്പ് ഒരുക്കുന്നത് 2025 ജനുവരി 7 മുതൽ 13 വരെയാണ്. നിയമസഭാ സമുച്ചയത്തിലും പരിസരത്തുമായി രാജ്യത്തിനകത്തും പുറത്തുമുള്ള

പുസ്തക പ്രസാധകർ അണിനിരക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാമത് എഡിഷൻ വായനയുടെ മഹോത്സവമായി മാറും.

2023 ജനുവരി മാസത്തിൽ കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിക്കുമ്പോൾ അത് രാജ്യചരിത്രത്തിൽ തന്നെ അത്തരത്തിലുള്ള ആദ്യത്തേതായിരുന്നു. ഒരു നിയമസഭ, വൻ ജനപങ്കാളിത്തത്തോടെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് വേദിയൊരുക്കുന്നത് വേറെവിടെയും നടന്നിട്ടില്ല. ആ പുസ്തകോത്സവം ജനാധിപത്യത്തിന്റെ സർഗാത്മകമായ അധ്യായമായി മാറി. അന്ന് കേരള നിയമസഭയിലേക്ക് എത്തിയത് ഒരു ലക്ഷത്തിലേറെ വിദ്യാർഥികളാണ്. ഏഴുലക്ഷത്തോളം പേർ അക്ഷരങ്ങളുടെ, അറിവിന്റെ വാതായനങ്ങളിലൂടെ ജനാധിപത്യത്തിന്റെ മൂല്യങ്ങളെ അടുത്തറിഞ്ഞു എന്നാണ് കണക്കുകളിൽ നിന്നും മനസ്സിലാക്കാനായത്. പുസ്തകോത്സവത്തിന്റെ വേദിയിൽ മലയാളത്തിന്റെ അഭിമാനമായ സാഹിത്യകാരൻ ടി. പത്മനാഭനെയും നിയമസഭാംഗമായി അരനൂറ്റാണ്ട് പിന്നിട്ട മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെയും ആദരിക്കുകയുണ്ടായി. ഏറെ ഹൃദ്യവും അർഥസമ്പുഷ്ടവുമായിരുന്നു ആ ചടങ്ങുകൾ. ശരൺകുമാർ ലിംബാളെയും ഷെഹാൻ കരുണതിലകെയും അടക്കം രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി സാഹിത്യ സാംസ്കാരിക നായകന്മാർ വിവിധ വേദികളെ പ്രകാശപൂർണ്ണമാക്കി. പുസ്തകോത്സവത്തിന്റെ എഴുദിവസങ്ങളിലും ഉത്സവരാവുകൾ ഒരുക്കാൻ മലയാളത്തിലെ പ്രമുഖ മാധ്യമങ്ങൾ മുന്നോട്ടുവന്നു. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മന്ത്രിമാരും നിയമസഭാ സാമാജികരുമൊക്കെ ഉപദേശ നിർദേശങ്ങളുമായി നിറഞ്ഞുനിന്നു. സമാനതകളില്ലാത്ത കൂട്ടായ്മയുടെ മനോഹാരിതയായിരുന്നു കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഒന്നാം എഡിഷനിൽ കാണാനായത്.

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം രണ്ടാം പതിപ്പിൽ കല, സാഹിത്യം, സാംസ്കാരികം തുടങ്ങിയ മേഖലകളിൽ സമഗ്ര സംഭാവന നൽകിയ വ്യക്തിത്വത്തിനുള്ള നിയമസഭാ പുരസ്കാരം നൽകി ആദരിച്ചത് മലയാളത്തിന്റെ അഭിമാനമായ എം. ടി. വാസുദേവൻ നായരെയാണ്. പറക്കാല പ്രഭാകറും പെരുമാൾ മുരുകനും ഷബ്നം ഹഷ്മിയും ടീസ്റ്റ സെതിൽവാദും മാലൻ നാരായണനും അടക്കം നിരവധി സാഹിത്യ സാംസ്കാരിക നായകർ പുസ്തകോത്സവത്തിന്റെ വിവിധ വേദികളെ പ്രകാശപൂർണ്ണമാക്കി.

പുസ്തകോത്സവത്തിന്റെ ഒന്നാം പതിപ്പിൽ 124 പുസ്തകസ്റ്റാളുകളിലായി 88 പ്രസാധകരാണ് ഉണ്ടായിരുന്നത്. രണ്ടാം പതിപ്പിലേക്കെത്തിയപ്പോൾ 258 സ്റ്റാളുകളിലായി 158 പ്രസാധകരെത്തി. അന്തർദേശീയ, ദേശീയ തലത്തിലുള്ള പ്രസാധകരുടെ പുസ്തകങ്ങൾക്കൊപ്പം ഏറ്റവും ചെറിയ പ്രസാധകർക്കും തങ്ങളുടെ പുസ്തകങ്ങളെ പരിചയപ്പെടുത്താൻ വേദിയൊരുക്കി. ചെറുകിട പ്രസാധകർക്ക് പുസ്തകങ്ങൾ പരിചയപ്പെടുത്താനും വിൽപ്പന നടത്താനുമുള്ള സമാനതകളില്ലാത്ത വേദിയായി മാറി എന്നതിലൂടെ സമത്വത്തിന്റെയും ജനാധിപത്യത്തിന്റെയും അന്തഃസത്ത ഉയർത്തിപ്പിടിക്കാൻ നിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് സാധിച്ചു. പുസ്തകോത്സവത്തിന്റെ ഒന്നാം പതിപ്പിൽ ഏഴുകോടിയോളം രൂപയുടെ പുസ്തക വിൽപ്പനയാണ് നടന്നത്. രണ്ടാം പതിപ്പിൽ പത്തുകോടിയോളം രൂപയുടെ പുസ്തകം വിറ്റഴിക്കാനായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

നിയമസഭാ പുസ്തകോത്സവത്തിന്റെ മറ്റൊരു സവിശേഷത, എം.എൽ.എ. മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് വഴിയും യുനിസെഫിന്റെ ഫണ്ട് വിനിയോഗിച്ചും പൊതുമേഖലാ സ്ഥാപനങ്ങളുടെ ബുക്ക് കൂപ്പൺ വഴിയുമൊക്കെ പുസ്തകോത്സവത്തിൽ പങ്കാളികളാകുന്ന പ്രസാധകരിൽ നിന്നും സ്കൂളുകളും ലൈബ്രറികളും പുസ്തകങ്ങൾ വാങ്ങുമെന്നതാണ്. ചെറുകിട പ്രസാധകർക്കടക്കം ഇതിലൂടെ തങ്ങളുടെ പുസ്തകങ്ങൾ വായനക്കാരിലേക്കെത്തും എന്ന് ഉറപ്പാക്കാനാകും.

കേരളത്തിന്റെ സാഹിത്യ, കലാ സാംസ്കാരിക മണ്ഡലത്തെ ജീവസ്സുറ്റതാക്കിയ നിരവധി പരിപാടികൾ കഴിഞ്ഞ രണ്ട് എഡിഷനുകളിലും പുസ്തകോത്സവ വേദിയിൽ അരങ്ങേറിയിരുന്നു. പുസ്തക ചർച്ചകളും വിഷൻ ടോക്സും പാനൽ ഡിസ്കഷനുകളും പുസ്തക പ്രകാശനങ്ങളും ഓഡിയോ ബുക്ക് റിലീസുകളും മീറ്റ് ദി ഓതർ, കവിയരങ്ങ്, എഴുത്തിന്റെയും വായനയുടേയും ജീവിതം, സ്മൃതിസന്ധ്യ, KLIBF TALKS, കവിയും കവിതയും തുടങ്ങി ഒട്ടനവധി പരിപാടികൾക്ക് നിയമസഭാ സമുച്ചയം വേദിയായി. കുട്ടികൾക്കും മുതിർന്നവർക്കും വെയിലും മഴയുമേൽക്കാതെ പുസ്തകശാലകൾ സന്ദർശിക്കാൻ പറ്റുന്ന വിധത്തിലാണ് സ്റ്റാളുകൾ ഒരുക്കിയത്. പ്രസാധകരുടെ പുസ്തകങ്ങൾ മനോഹരമായി പ്രദർശിപ്പിക്കാനും അക്ഷര സ്നേഹികൾക്ക് പുസ്തകങ്ങൾ പരിചയപ്പെടാനും പറ്റുന്ന

കേരള നിയമസഭ
അന്താരാഷ്ട്ര പുസ്തകോത്സവം

KLIBF

മൂന്നാം പതിപ്പ് / 2025 ജനുവരി 7 - 13

വിശാലമായ സൗകര്യം നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ പ്രത്യേകതയായി പറയാം.

രാജ്യത്തെ നിയമസഭാ മന്ദിരങ്ങളിലൊന്നും സാധാരണ നിലയിൽ പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടാവാറില്ല. നിയമ നിർമ്മാണസഭയെന്ന നിലയിൽ സ്വാഭാവികമായുള്ള നിയന്ത്രണങ്ങളാണ് അതൊക്കെ. കേരള നിയമസഭ, അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി നിയമസഭാ മന്ദിരത്തിലേക്ക് പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചു. രാജ്യമാകെ ആ നടപടി ശ്രദ്ധിക്കുകയുണ്ടായി. ഭരണകൂടത്തിന്റെ പരമ്പരാഗത രീതിശാസ്ത്രങ്ങളെ മാറ്റിമറിച്ചുകൊണ്ടുള്ള സുധീരമായനടപടിയെന്നാണ് ദേശീയ മാധ്യമങ്ങൾ വരെ ഇതിനെ വിലയിരുത്തിയത്. ജനാധിപത്യത്തിൽ ജനങ്ങളാണല്ലോ ഏറ്റവും പ്രമുഖർ. ജനങ്ങൾക്ക് വേണ്ടി ജനപ്രതിനിധികൾ നിയമനിർമ്മാണം നടത്തുന്ന സഭയിൽ ജനങ്ങൾക്ക് പ്രവേശനം നൽകണമെന്ന നിയമസഭാ സെക്രട്ടേറിയറ്റിന്റെ ശിപാർശ ചർച്ച ചെയ്തപ്പോൾ കേരള നിയമസഭയിലെ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും അക്കാര്യത്തിൽ ഒരഭിപ്രായം മാത്രമേ ഉണ്ടായിരുന്നുള്ളു. ജനങ്ങൾ വരട്ടെ, അവർ നിയമസഭയെ മനസ്സിലാക്കട്ടെ, അതിന്റെ ചരിത്രം ഉൾക്കൊള്ളട്ടെ, അതിനുള്ള വേദിയായി അന്താരാഷ്ട്ര പുസ്തകോത്സവം മാറട്ടേയെന്ന് ഒറ്റക്കെട്ടായി തീരുമാനിക്കുകയായിരുന്നു.

ജനാധിപത്യത്തിന്റെ ഉള്ളടക്കത്തെ കൂടുതൽ കരുത്തുറ്റതാക്കി മാറ്റാൻ കേരള നിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ കഴിഞ്ഞ രണ്ട് എഡിഷനുകളിലും സാധിച്ചു. മൂന്നാം എഡിഷന്റെ ഒരുക്കങ്ങൾ ദ്രുതഗതിയിൽ നടക്കുമ്പോൾ കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള സംഘാടന മികവാണ് പ്രതീക്ഷിക്കുന്നത്. അക്ഷരങ്ങളിലൂടെ ലഭിക്കുന്ന അറിവിന്റെ വെളിച്ചത്തെ ഇല്ലാതാക്കാനാണ് ഇരുട്ടിന്റെ ശക്തികൾ ശ്രമിക്കുന്നത്. അറിവിന് പകരം അജ്ഞാനം വിളമ്പുന്ന, അന്ധവിശ്വാസങ്ങളിൽ അഭിരമിക്കുന്ന, ശാസ്ത്രചിന്തകൾക്ക് പകരം നുണക്കഥകളെ സ്ഥാപിച്ചെടുക്കുന്ന, നവോത്ഥാന മൂല്യങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന പ്രതിലോമ ശക്തികൾ രാജ്യത്ത് വർഗീയതയുടെ വിളവെടുപ്പ് നടത്താൻ ശ്രമിക്കുകയാണ്. പുരോഗമന സമൂഹത്തെ പിന്നാക്കം നയിക്കാനുള്ള ശ്രമമാണ് അവരുടെ ഭാഗത്ത് നിന്നുമുണ്ടാവുന്നത്. സാമൂഹ്യപരിഷ്കരണ നവോത്ഥാന പ്രസ്ഥാനങ്ങൾക്കും മുമ്പുള്ള സമൂഹം പുനഃസ്ഥാപിക്കണമെന്നാണ് അവരുടെ ആഗ്രഹം. ചാതുർവർണ്യ വ്യവസ്ഥയും ജാതിജീർണ്ണതകളും നഃസ്ത്രീ സ്വാതന്ത്ര്യമർഹതി പോലുള്ള സൂക്തങ്ങളും തിരികെ കൊണ്ടുവരാനാണ് പരിശ്രമം. രാജ്യത്ത് നിലവിലുള്ള ഭരണഘടനയ്ക്ക് പകരം മനുസ്മൃതി സ്ഥാപിക്കണമെന്ന ചിന്ത എത്രമാത്രം അപരിഷ്കൃതമാണ്. അത്തരമൊരു വർത്തമാനത്തിൽ പുസ്തകങ്ങളും അക്ഷരങ്ങളും അറിവുമാണ് ജനങ്ങൾക്കുള്ള കരുത്ത്. പട്ടിണിയായ മനുഷ്യന്റെ കൈയിലെ ആയുധമായി പുസ്തകം മാറേണ്ടതുണ്ട്. വായനയാണ് ലഹരി എന്ന പുസ്തകോത്സവത്തിന്റെ ഒന്നാം പതിപ്പിന്റെ മുദ്രാവാക്യം ഇന്നും പ്രസക്തമാണ്. 2025 ന്റെ പുതുവർഷ പുലരികളിൽ കേരള നിയമസഭാ സമുച്ചയം പുസ്തകോത്സവത്തിന് അരങ്ങൊരുക്കുമ്പോൾ അക്ഷരവെളിച്ചത്തിലൂടെ അജ്ഞതയുടെ ഇരുട്ടിനെ അകറ്റാനുള്ള പ്രബുദ്ധകേരളത്തിന്റെ പരിശ്രമമാണ് സാർഥകമാവുക.

നിയമസഭയെ മനസ്സിലാക്കാനും അതിന്റെ ചരിത്രം ഉൾക്കൊള്ളാനും ഇവിടെ നടക്കുന്ന നടപടിക്രമങ്ങളെ സംബന്ധിച്ച് അറിവുണ്ടാകാനും അന്താരാഷ്ട്ര പുസ്തകോത്സവം സഹായകമാവും. നിയമസഭാ മന്ദിരത്തിന്റെ അകത്തളവും നിയമസഭയുടെ ചരിത്രം വിശദമാക്കുന്ന മ്യൂസിയവും നൂറുവർഷത്തെ പ്രവർത്തന ചരിത്രമുള്ള നിയമസഭാ ലൈബ്രറിയും കാണാൻ സൗകര്യമൊരുക്കുന്നുണ്ട്. പുസ്തകോത്സവത്തിന്റെ രണ്ട് എഡിഷനുകൾ സംഘടിപ്പിച്ചപ്പോൾതന്നെ കേരളത്തിന്റെ ആഭ്യന്തര ടൂറിസം ഭൂപടത്തിൽ മാത്രമല്ല, ദേശീയ തലത്തിൽ വരെ രേഖപ്പെടുത്തപ്പെട്ട ഇവന്റായി നിയമസഭയുടെ പുസ്തകോത്സവം മാറി എന്നത് അഭിമാനകരമായ കാര്യമാണ്. ഇതിന്റെ സംഘാടകരെന്നുള്ള നിലയിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് മുന്നിലുള്ള ലക്ഷ്യം അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന ഇന്ത്യയുടെ പുസ്തകോത്സവം എന്ന നിലയിൽ കേരള നിയമസഭയുടെ പുസ്തകോത്സവത്തെ ഉയർത്തുക എന്നതാണ്. നാംആ ലക്ഷ്യത്തിലേക്കാണ് കുതികൊള്ളുന്നത്.

മാലിന്യ സംസ്കരണം പൗരധർമ്മമായി ഏറ്റെടുക്കണം

പിണറായി വിജയൻ, മുഖ്യമന്ത്രി

അതിവേഗത്തിൽ നഗരവൽക്കരിക്കപ്പെടുകയും അതിന്റെ ഫലമായി നഗരങ്ങളിലെ ജനസാന്ദ്രത ദ്രുതഗതിയിൽ വർധിക്കുകയും ചെയ്യുന്ന ഒരിടമാണ് ഇന്ന് കേരളം. ഇവ രണ്ടും ആരോഗ്യ മേഖലയിൽ ഉൾപ്പെടെ പല വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. അവയുടെ ആഘാതം കുറയ്ക്കുവാൻ ഏറെ അനിവാര്യമാണ് ശാസ്ത്രീയമായ മാലിന്യ സംസ്കരണം. ശുദ്ധമായ വായുവും ജലവും ആരോഗ്യകരമായ ഭക്ഷണവും എല്ലാം ഉറപ്പുവരുത്തുന്നതിൽ വലിയ പങ്കു വഹിക്കാൻ അതിന് കഴിയും. അതുകൊണ്ടുതന്നെ മാലിന്യസംസ്കരണം ലക്ഷ്യംവച്ച് കഴിഞ്ഞ ഗാന്ധിജയന്തി ദിനത്തിൽ ഹരിത കേരളം മുഖേന ആരംഭിച്ച ജനകീയ ക്യാമ്പയിന് പ്രാദേശിക തലത്തിലും ആഗോളതലത്തിലും വളരെ പ്രസക്തിയുണ്ട്.

2016 ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ വികേന്ദ്രീകൃത മാലിന്യസംസ്കരണം നടപ്പാക്കുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടത്. മാലിന്യസംസ്കരണ മടക്കം ലക്ഷ്യം വച്ചുകൊണ്ട് നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ആ ഘട്ടത്തിൽ ഹരിത കേരളം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 2017 ആഗസ്റ്റ് 15 നാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന പേരിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനുള്ള ഒരു ജനകീയ ക്യാമ്പയിൻ ആരംഭിച്ചത്. 2020 ആയപ്പോഴേക്കും 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്താകെ 28,632 ഹരിത കർമ്മ സേനാംഗങ്ങളുടെ സേവനം ഉറപ്പാക്കിയിരുന്നു.

ഈ സർക്കാരിന്റെ കാലത്ത് ശുചിത്വ മാലിന്യസംസ്കരണത്തിൽ ബഹുജനങ്ങൾക്കും ഉത്തരവാദിത്വം ഉണ്ട് എന്ന പൊതുബോധം വളർത്തിയെടുക്കുന്നതിനുള്ള ഇടപെടലുകളാണ് തുടക്കത്തിൽ ഉണ്ടായത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, സി.കെ.സി.എൽ., കെ.എസ്.ഡബ്ല്യു.എം.പി., കുടുംബശ്രീ മിഷൻ എന്നിവയെ എല്ലാം ഏകോപിപ്പിച്ചുകൊണ്ടുള്ള വിപുലമായ ക്യാമ്പയിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഏറ്റെടുത്തത്. 2025 മാർച്ച് 30 ഓടെ കേരളത്തെ 'സമ്പൂർണ്ണ വലിച്ചെറിയൽ മുക്ത' സംസ്ഥാനമാക്കി പ്രഖ്യാപിക്കുക എന്നതായിരുന്നു ആ ക്യാമ്പയിനിലൂടെ ലക്ഷ്യം വച്ചത്. വിപുലമായ ആ ജനകീയ ക്യാമ്പയിൻ നടന്നുവരുന്ന സാഹചര്യത്തിലാണ് 2023 മാർച്ചിൽ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ തീപിടിത്തമുണ്ടായത്.

ഇതിനെത്തുടർന്നാണ് കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തം

ആക്കുന്നതിനായി മാലിന്യ നിർമ്മാർജ്ജനവും സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്ന ഒരു സമഗ്ര ക്യാമ്പയിൻ ആരംഭിക്കാൻ നിശ്ചയിച്ചത്. അങ്ങനെയാണ് 2024 മാർച്ച് 30 ഓടെ 'മാലിന്യമുക്തം നവകേരളം' എന്ന ക്യാമ്പയിന് തുടക്കം കുറിച്ചത്. ജൈവ-അജൈവ മാലിന്യങ്ങളെ നൂറു ശതമാനവും ഉറവിടത്തിൽ തരംതിരിക്കുക, നൂറു ശതമാനം അജൈവ മാലിന്യങ്ങളുടെയും വാതിൽപ്പടി ശേഖരണം നടത്തുക, 100 ശതമാനം ജൈവമാലിന്യങ്ങളും ഉറവിടത്തിൽ ശാസ്ത്രീയമായി സംസ്കരിക്കുക, മാലിന്യ കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതു ഇടങ്ങൾ സൃഷ്ടിക്കുക, എല്ലാ ജലാശയങ്ങളിലും ഖരമാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് ക്യാമ്പയിനിലൂടെ മുന്നോട്ടുവച്ചത്.

ഈ ക്യാമ്പയിന്റെ ഭാഗമായി ഇപ്പോൾ സംസ്ഥാനത്തെ 90 ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും വാതിൽപ്പടി ശേഖരണം നടത്താൻ കഴിയുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 17,809 മിനി എം.സി. എഫുകളും 1,293 എം.സി. എഫുകളും 124 ആർ.ആർ.എഫുകളും സ്ഥിരം സംവിധാനങ്ങളായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്. 35,412 ഹരിതകർമ്മ സേനാംഗങ്ങളാണ് സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഇന്ന് ചുക്കാൻ പിടിക്കുന്നത്.

ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി നിലവിൽ 712 സ്ഥാപനങ്ങൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 4.17 കോടി രൂപ കമ്പനി മുഖേന ഈ സാമ്പത്തിക വർഷം മാത്രം ഹരിതകർമ്മ സേനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. അജൈവ മാലിന്യശേഖരണ സംവിധാനത്തിനായി 29 സ്വകാര്യ ഏജൻസികളെ കൂടി എംപാനൽ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ വിപുലമായ സംവിധാനങ്ങളാണ് 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ ഭാഗമായി ഒരുക്കിയിട്ടുള്ളത്.

ഒരൊറ്റ വർഷം കൊണ്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി ബ്രഹ്മപുരത്തെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉറപ്പുവരുത്താൻ കഴിഞ്ഞു. കോഴിക്കോട് എൻ.ഐ.റ്റി. യുടെ കണക്കുകൾ പ്രകാരം 39 ഏക്കറിലായി 8.4 ലക്ഷം മെട്രിക് ടൺ മാലിന്യമാണ് അവിടെ ഉണ്ടായിരുന്നത്. 13 ഏക്കറിലെ ബയോ മൈനിങ് പൂർത്തിയാക്കുകയും മൂന്നര ലക്ഷം ടൺ മാലിന്യം തരംതിരിച്ച് സംസ്കരിക്കുകയും ചെയ്തു. ദിനം തോറും 150 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് അവിടെ ഒരുക്കിയിട്ടുണ്ട്. പ്രതിസന്ധികളുണ്ടാകുമ്പോൾ അവയെ മറികടക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയാണ് ഇതിൽ തെളിഞ്ഞു നിൽക്കുന്നത്.

മാലിന്യ സംസ്കരണം പൗരധർമ്മമായി ഏറ്റെടുക്കുന്ന സംസ്കാരം നമ്മുടെ നാട്ടിൽ വളർത്തിയെടുക്കേണ്ടത് ഏറെ അനിവാര്യമാണ്. ഉറവിടത്തിൽ തന്നെ ജൈവ മാലിന്യവും അജൈവ മാലിന്യവും വേർതിരിച്ചെടുക്കുന്നുവെന്നും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നത് ഇതിൽ ഏറെ പ്രധാനമാണ്. ഇക്കാര്യത്തിൽ വ്യക്തികൾ എന്നതിലുപരി സംഘടനാ സംവിധാനങ്ങൾക്ക് നിർണ്ണായക സ്വാധീനം ചെലുത്താനാവും.

വൃത്തിയുള്ള വീടും പരിസരവും നാടും കൂട്ടായ പ്രവർത്തനത്തിലൂടെ സാധ്യമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തൊഴിലാളി സംഘടനകൾ, സർവീസ് സംഘടനകൾ, സന്നദ്ധ-സാംസ്കാരിക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർഥി സംഘടനകൾ, കർഷക തൊഴിലാളി സംഘടനകൾ, വർഗ ബഹുജന സംഘടനകൾ, രാഷ്ട്രീയ പാർട്ടികളുടെ പോഷക സംഘടനകൾ, തുടങ്ങി എല്ലാ തലങ്ങളിലുമുള്ള സംഘടനാ സംവിധാനങ്ങൾ ശുചിത്വ കേരളത്തിനായി ഒരുമിക്കേണ്ട സമയമാണിത്. അവയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടാണ് ഈ ഗാന്ധിജയന്തി ദിനത്തിൽ തുടങ്ങി സീറോ വേസ്റ്റ് ദിനമായ 2025 മാർച്ച് 30 ന്

അവസാനിക്കുന്ന വിപുലമായ ജനകീയ ക്യാമ്പയിന് തുടക്കം കുറിച്ചത്.

പ്രാദേശിക മാലിന്യസംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും നമുക്ക് കഴിയണം. മാലിന്യങ്ങൾ തരംതിരിക്കാനും അവയെ ശാസ്ത്രീയമായി സംഭരിച്ച് സംസ്കരിക്കാനും പ്രാദേശിക തലത്തിൽത്തന്നെ പദ്ധതികൾ ആവിഷ്കരിക്കണം. അശാസ്ത്രീയ മാലിന്യ സംസ്കരണവും വലിച്ചെറിയൽ ശീലവും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച ബോധവൽക്കരണ ക്യാമ്പയിനുകൾ പൊതുജനങ്ങൾക്കിടയിൽ സംഘടിപ്പിക്കണം. മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനെതിരെ പ്രതിഷേധങ്ങൾ ഉണ്ടാവുന്നത് പലപ്പോഴും അവയെ കുറിച്ചുള്ള അവബോധത്തിന്റെ കുറവുകൊണ്ടാണ്. അതുകൊണ്ടുതന്നെ കൃത്യമായ അവബോധം വളർത്താൻ സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും മുൻകൈ എടുക്കണം.

ശരിയായ മാലിന്യ സംസ്കരണം സാധ്യമല്ലാതെ വരുമ്പോൾ ഭൂഗർഭജലം പോലും മലിനമാകുന്ന സാഹചര്യമുണ്ടാകും. ഇത് നമ്മുടെ ആരോഗ്യത്തെ തന്നെ ബാധിക്കുന്ന പ്രശ്നമാണ്. ജലജന്യ രോഗങ്ങൾ പടരുന്നതിന് ഇതു കാരണമാകും. ഇക്കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്താൻ നമുക്ക് കഴിയണം. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിൽ കൃത്യമായി കൊണ്ടുവരുന്നതും യൂസർഫീ നൽകുന്നതിലെ വിമുഖതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതും അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളാണ്. എല്ലാ ഓഫീസുകളും സ്കൂളുകളും സ്ഥാപനങ്ങളും ഹരിതചട്ടം അനുസരിച്ച് പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

ഓരോ വാർഡിലെയും വീടുകളും സ്ഥാപനങ്ങളും ഖരമാലിന്യ ചട്ടപ്രകാരം ചെയ്യേണ്ട കാര്യങ്ങളുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിച്ച മാലിന്യ പരിപാലന പരിപാടിയും ബൈലോയും അനുസരിച്ച് മാലിന്യം കൈകാര്യം ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം തദ്ദേശ ജനപ്രതിനിധികൾക്കാണ്. എല്ലാ തദ്ദേശ ജനപ്രതിനിധികളും മാതൃകാപരമായി ഈ ഉത്തരവാദിത്വം നിർവഹിക്കണം. പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യം പൂർണ്ണമായും നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ തുടങ്ങിയവ യോജിച്ച പ്രവർത്തനങ്ങൾ നടത്തണം.

അയൽക്കൂട്ട പ്രദേശത്തെ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനായി ഇടപെടുന്നതും അയൽക്കൂട്ട പ്രദേശത്തെ എല്ലാ പൊതു ചടങ്ങുകളും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്തപ്പെടുന്നു എന്നുറപ്പുവരുത്തുന്നതും അയൽക്കൂട്ട അംഗങ്ങളുടെ വീടുകളിൽ നിന്ന് നിരോധിത ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾ പൂർണ്ണമായി ഒഴിവാക്കുന്നതും അയൽക്കൂട്ട പ്രദേശത്തെ ഒരു വീട്ടിൽ നിന്നു പോലും മലിനജലം പുറത്തേക്ക് ഒഴുക്കിവിടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതും കുടുംബശ്രീ അംഗങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളാണ്.

ഇവ ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ മുഴുവൻ പ്രദേശങ്ങളിലുമുള്ള ജനങ്ങളുടെ മനോഭാവത്തിൽ വലിയ മാറ്റം സൃഷ്ടിക്കാനാവും. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന ഹരിതവിദ്യാലയം, ഹരിത കലാലയം എന്നീ ക്യാമ്പയിനുകൾ മുഴുവൻ സ്കൂളുകളിലേക്കും കോളേജുകളിലേക്കും വ്യാപിപ്പിച്ച് 50 ലക്ഷത്തിലധികം വരുന്ന വിദ്യാർഥികളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച് ശാസ്ത്രീയമായ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. വിദ്യാർഥികളിലൂടെ അവരുടെ കുടുംബങ്ങൾക്കും മാലിന്യസംസ്കരണത്തെ കുറിച്ചുള്ള അവബോധം ലഭ്യമാക്കാൻ കഴിയും.

അഞ്ച് ലക്ഷത്തിലധികം പേർ ജോലി ചെയ്യുന്നതും ലക്ഷക്കണക്കിന് പൊതുജനങ്ങൾ നിരന്തരം സന്ദർശിക്കുന്നതുമായ സ്ഥലങ്ങളാണ് കേരളത്തിലെ സർക്കാർ ഓഫീസുകൾ, ആശുപത്രികൾ തുടങ്ങിയവ. ഇവയെ മുഴുവൻ ഹരിത സ്ഥാപനങ്ങളാക്കി മാറ്റുന്ന പ്രവർത്തനം

ഈ ക്യാമ്പയിനിലെ പ്രധാനപ്പെട്ട മറ്റൊരു ഘടകമാണ്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 97 ടൂറിസം കേന്ദ്രങ്ങളെ ഹരിതടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരികയായിരുന്നു. പുതിയ ജനകീയ ക്യാമ്പയിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുഴുവൻ വിനോദ സഞ്ചാര കേന്ദ്രങ്ങളെയും ഹരിതടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുംവിധത്തിൽ പ്രവർത്തനങ്ങൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

ടൗണുകളെ മാലിന്യമുക്തമാക്കി സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തി നാടിന് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 2025 ജനുവരി 26 ന് മുമ്പ് സംസ്ഥാനത്തെ മുഴുവൻ ടൗണുകളെയും ഇത്തരത്തിൽ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് നമ്മൾ പ്രവർത്തിക്കേണ്ടത്. മാലിന്യമുക്തമായ ഒരു നാട്ടിൽ മാത്രമേ മികച്ച രീതിയിലുള്ള ആരോഗ്യമുള്ള ജനത ഉണ്ടാവുകയുള്ളൂ. അതോടൊപ്പം തന്നെ ഹരിതഗൃഹ വാതക ബഹിർഗമനത്തിൽ കുറവ് വരുത്താനും അതുവഴി ആഗോളതാപനം കുറയ്ക്കാനും അങ്ങനെ കാലാവസ്ഥാ വ്യതിയാനത്തെയും അതിന്റെ ഫലമായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെയും ചെറുക്കാനും കഴിയും. ആ നിലയ്ക്ക്, നമ്മുടെ ഓരോരുത്തരുടെയും ആരോഗ്യം സംരക്ഷിക്കുന്നതിനും പ്രകൃതിയുടെ നിലനിൽപ്പ് ഉറപ്പുവരുത്തുന്നതിനും ഏറെ അനിവാര്യമാണ് ശാസ്ത്രീയമായ മാലിന്യ സംസ്കരണം. ആ ബോധ്യത്തോടെ മുന്നോട്ടുപോവാൻ നമുക്ക് എല്ലാവർക്കും കഴിയട്ടെ.

സുസ്ഥിര കേരളം

വി. ഡി. സതീശൻ
പ്രതിപക്ഷ നേതാവ്

സുസ്ഥിര കേരളം എന്നത് സമഗ്രമായ ഒരു വികസന ആശയമാണ്. ജനങ്ങളുടെ ഉന്നമനമായിരിക്കണം സുസ്ഥിര കേരളത്തിന്റെ മുഖമുദ്ര. അതിൽ പ്രകൃതിക്ക് ഇണങ്ങിയ വികസനവും കരുതലും അവിഭാജ്യ ഘടകമാണ്. നാളത്തെ കേരളം എങ്ങനെയാകണം എന്ന് തീരുമാനിക്കുന്നത് ഇന്നത്തെ പ്രതിസന്ധികളെ നമ്മൾ എങ്ങനെ കാര്യക്ഷമമായി നേരിടും എന്നതിനെ ആശ്രയിച്ചായിരിക്കും. ഇന്ന് കേരളം നേരിടുന്ന വലിയ പ്രതിസന്ധികളിൽ ഏറ്റവും പ്രധാനപ്പെട്ടത് സാമ്പത്തിക പ്രതിസന്ധിയാണ്. നമ്മൾ ഇപ്പോഴും കേരള മോഡലിന്റെ ഹാങ്ങ് ഓവറിൽ ആണ് ജീവിക്കുന്നത്. തനത് വരുമാനം വർധിപ്പിക്കാനോ നികുതി പിരിവ് കാര്യക്ഷമമാക്കാനോ ഒന്നും ചെയ്തിട്ടില്ല.

വിദ്യാഭ്യാസരംഗത്ത് കാലഹരണപ്പെട്ട പാഠ്യപദ്ധതികൾക്ക് പകരം പരിശീലനം സിദ്ധിച്ച അധ്യാപകരുടെ പിന്തുണയോടെ ഗവേഷണത്തിലൂടെയും പര്യവേഷണത്തിലൂടെയും പഠിക്കാൻ അവസരം നൽകി കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന ശാസ്ത്ര പ്രതിഭയെ വിളിച്ചുണർത്തുകയാണ് വേണ്ടത്. ഇതിന് ഉതകുന്ന തരത്തിലുള്ള മികച്ച കരിക്കുലവും അധ്യാപകരും നമുക്കാവശ്യമാണ്. ശാസ്ത്ര സാങ്കേതിക കലാലയങ്ങളുടെ അഭാവവും അതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ്. വിദ്യാഭ്യാസ മേഖലയിൽ കാലാകാലങ്ങളായി മുന്നിട്ട് നിൽക്കുന്ന കേരളത്തിൽ പോലും ഒരു ഐ.ഐ.ടി.യോ ലോക നിലവാരം പുലർത്തുന്ന ഗവേഷണ സ്ഥാപനങ്ങളോ ഇല്ല എന്നത് അതിന്റെ ഗൗരവം വിളിച്ചോതുന്നു. സുസ്ഥിര വികസനം എന്ന ആശയം 2012-ൽ റിയോ ഡി ജനീറോയിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന കോൺഫറൻസിലാണ് ഉരുത്തിരിഞ്ഞത്.

ലോകം അഭിമുഖീകരിക്കുന്ന അടിയന്തര പാരിസ്ഥിതിക, രാഷ്ട്രീയ, സാമ്പത്തിക വെല്ലുവിളികളെ നേരിടുന്നതിന് സാർവത്രിക ലക്ഷ്യങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു ആ കോൺഫറൻസിന്റെ ലക്ഷ്യം. ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ച 17 ലക്ഷ്യങ്ങളുടെ സഞ്ചയമാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) എന്ന് വിളിക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും പരിസ്ഥിതിക്ക് ഇണങ്ങുന്ന വിവിധ മേഖലയിലെ വികസനം ഉറപ്പുവരുത്തുന്നതിനുമായാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ രൂപകൽപന ചെയ്തത്.

ഇനി വരുന്ന തലമുറയ്ക്ക് കൂടി ഈ ഭൂമിയിൽ അവകാശമുണ്ട് എന്നാണ് ഈ ആശയം വിളിച്ചുപറയുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ലിംഗ

സമത്വം, ശുദ്ധമായ വെള്ളവും പൊതുശുചിത്വവും, താങ്ങാവുന്നതും ശുദ്ധവുമായ ഊർജ്ജം, മാന്യമായ തൊഴിലും സാമ്പത്തിക വളർച്ചയും, അടിസ്ഥാനസൗകര്യങ്ങൾ, സുസ്ഥിര നഗരങ്ങളും സമൂഹങ്ങളും അടക്കം സമഗ്രമായ കാര്യങ്ങളാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളായി മുന്നോട്ട് വച്ചിരിക്കുന്നത്. വികസനം എന്നാൽ അടിസ്ഥാന സൗകര്യ വികസനം എന്ന് മാത്രമായി നമ്മുടെ ചിന്ത പരിമിതപ്പെടുത്താറുണ്ട്. എന്നാൽ ഈ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനവും വികസനത്തിന്റെ ഭാഗമാണ്. 1972 ലെ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച സ്റ്റോക്ക്ഹോം കൺവെൻഷനിൽ ഇന്ദിരാ ഗാന്ധി പറഞ്ഞത് ''We do not wish to impoverish the environment any further and yet we cannot for a moment forget the grim poverty of large numbers of people, are not poverty and need the greatest polluters?''

അതുകൊണ്ട് തന്നെയാണ് യു.ഡി.എഫ്. ഭരണകാലഘട്ടത്തിൽ അടിസ്ഥാന വികസനത്തിനൊപ്പം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, ആരോഗ്യം, വിദ്യാഭ്യാസം അടക്കമുള്ള അടിസ്ഥാന മേഖലകളിൽ നൂതനമായ പരിപാടികൾ കൊണ്ടുവന്നത്. കാരുണ്യ ഇൻഷുറൻസ് പദ്ധതി ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. ഈ ദുരിതങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് പാവപ്പെട്ടവരെയാണ് എന്നതാണ് യാഥാർഥ്യം. ഐക്യരാഷ്ട്ര സഭയുടെ ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി.) പഠന റിപ്പോർട്ടിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടകരമായ അവസ്ഥ സംബന്ധിച്ച വസ്തുത പുറത്തുവന്നിരുന്നു. 2021 നവംബറിൽ ഇത് സംബന്ധിച്ച് നിയമസഭയിൽ പ്രതിപക്ഷം അടിയന്തര പ്രമേയം അവതരിപ്പിച്ചിരുന്നു. ഐക്യരാഷ്ട്ര സഭയുടെ ഈ റിപ്പോർട്ടിന് കൊച്ചുകേരളത്തിൽ എന്ത് പ്രസക്തി എന്ന ചോദ്യമായിരുന്നു അന്ന് ചില കോണുകളിൽ നിന്നും ഉയർന്നത്.

ഭൂമിയുടെയും ജീവജാലങ്ങളുടെയും നിലനിൽപിന് ഭീഷണിയുയർത്തുന്ന വിധത്തിലേക്ക് ഭൂമിയുടെ അന്തരീക്ഷ താപനില വർധിച്ചുകൊണ്ടിരിക്കുകയാണെന്ന് ഐ.പി.സി.സി. പഠന റിപ്പോർട്ടിൽ പറയുന്നു. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് 66 രാജ്യങ്ങളിൽ നിന്നുള്ള 234 ശാസ്ത്രജ്ഞരുടെ പഠനങ്ങൾ ക്രോഡീകരിച്ചാണ് ഐ.പി.സി.സി പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഐ.പി.സി.സി.യുടെ ആറാം അവലോകന റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ (എ.ആർ.6) ഭൂമിയിലെ കാലാവസ്ഥ അവലോകനവും ഭൂമിയിലും ജീവജാലങ്ങൾക്കും അത് മൂലമുണ്ടായ മാറ്റങ്ങളും പഠന വിധേയമാക്കിയിട്ടുണ്ട്. ആഗോളതാപനിലയുടെ യഥാർഥ സ്ഥിതി ചൂണ്ടിക്കാട്ടുന്നതാണ് ഐ.പി.സി.സി. യുടെ പഠന റിപ്പോർട്ട്.

ദുരന്തസാധ്യത മേഖലയായിരിക്കുന്ന കേരളം

തുടർച്ചയായി ഇത് ഏഴാമത്തെ വർഷമാണ് നമ്മൾ അസാധാരണമായ മഴക്കാലങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നത്. നമ്മുടെ മഴയുടെ കാലവും താളവും ഇനി മടങ്ങിവരാത്തവിധം നഷ്ടമായി കഴിഞ്ഞിരിക്കുന്നു എന്നതാണ് ഒന്നാമത്തേത്. മഴക്കാലം മാത്രമല്ല വേനലും ശൈത്യവും എല്ലാം മാറുകയാണ്. അടിമുടി അനിശ്ചിതത്വമാണ് ഇപ്പോൾ കാലാവസ്ഥയുടെ മുഖമുദ്ര. കേരളം മുഴുവൻ ദുരന്തസാധ്യതാ മേഖലയാകുന്നു എന്നതാണ് രണ്ടാമത്തെ വസ്തുത.

പശ്ചിമഘട്ട മേഖലയാകെ ഏത് സമയത്തും കനത്ത മഴയിൽ മലയിടിച്ചിലും ഉരുൾപൊട്ടലും മിന്നൽ പ്രളയവും എല്ലാം പ്രതീക്ഷിക്കേണ്ട നിലയിലേക്ക് മാറുകയാണ്. ഇടനാട്ടിൽ പുഴത്തടങ്ങളെല്ലാം വെള്ളപ്പൊക്ക ഭീഷണിയിലാണ്. പെയ്യുന്ന മഴയുടെ ശക്തി കൂടിയതോടെ നഗരങ്ങളിലും ഇടത്തരം പട്ടണങ്ങളിലും കണ്ടിരുന്ന വെള്ളക്കെട്ട് ശക്തമായ പ്രാദേശിക വെള്ളപ്പൊക്കങ്ങളാകുകയാണ്.

കടൽ നിരപ്പ് ഉയരുന്നതും കടൽ കൂടുതൽ പ്രക്ഷുബ്ധമാകുന്നതും തീരദേശ മേഖലയെ ആകെ ബാധിക്കുകയാണ്. അറബിക്കടലിലെ താപനില ക്രമാതീതമായി ഉയരുന്നതോടെ ന്യൂനമർദവും ചുഴലിക്കാറ്റും എല്ലാം കേരള തീരങ്ങളെയും ബാധിക്കാവുന്ന സ്ഥിതിയിലാണ്.

കാലാവസ്ഥ വ്യതിയാനം മൂലം സംസ്ഥാനത്ത് ഉഷ്ണ തരംഗമുണ്ടായി. ഒരു നൂറ്റാണ്ടിലെ തന്നെ ഏറ്റവും ചൂടേറിയ വർഷത്തിലൂടെയാണ് നാം കടന്നു പോയത്. മാർച്ച് 11 ന് ആരംഭിച്ച ഉഷ്ണ തരംഗം 15 ലധികം ഇന്ത്യൻ സംസ്ഥാനങ്ങളെ ബാധിച്ചിട്ടുണ്ട്. കേരളത്തിൽ ആദ്യമായാണ് ഉഷ്ണ തരംഗം സ്ഥിരീകരിച്ചത്. കേരളത്തിൽ സാധാരണ അനുഭവപ്പെടുന്ന താപനിലയേക്കാൾ 5.5 ഡിഗ്രി സെൽഷ്യസ് കൂടുതൽ താപനിലയാണ് രേഖപ്പെടുത്തിയത്. ഈ പ്രതിഭാസം കേരളത്തിൽ അതിതീവ്ര മഴയുണ്ടാകാനും കാരണമായി. ഭൂവിനിയോഗത്തിൽ അനഭിലഷണീയ മാറ്റങ്ങൾ സംഭവിച്ചിട്ടുള്ള മേഖലകളിൽ ഇങ്ങനെ ചുരുങ്ങിയ സമയം കൊണ്ട് പെയ്യുന്ന അതിശക്തമായ മഴ മലയിടിച്ചിലിനും ഉരുൾപൊട്ടലിനും ഉള്ള സാധ്യത ഏറെ വർധിപ്പിക്കുന്നു. 2021 ൽ ദുരിതം വിതച്ച കൂട്ടിക്കലിനും കൊക്കയാറിനും ഈ രണ്ട് ഘടകങ്ങളും ബാധകമാണ്. മധ്യകേരളത്തിലെ നിരവധിയിടങ്ങളിൽ ഇക്കഴിഞ്ഞ ദിവസങ്ങളിൽ മേഘവിസ്ഫോടന സമാനമായ മഴ പെയ്തിരുന്നു. പെട്ടിമുടി ദുരന്തത്തിലേക്ക് നയിച്ചതും സമാനമായ മഴയാണെന്ന് കണക്കാക്കപ്പെടുന്നു. മലയിടിച്ചിലിനും ഉരുൾപൊട്ടലിനുമുള്ള സാധ്യത പതിന്മടങ്ങ് വർധിച്ചിരിക്കുന്നു. വയനാട്ടിൽ ഉണ്ടായ മണ്ണിടിച്ചിലിന്റെ ട്രിഗറിങ് ഈ മഴയാണ്. അത് വരുത്തിവച്ച അപരിഹാര്യമായ ദുരന്തം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു.

കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ (IMD) ഉൾപ്പെടെ കാലാവസ്ഥ പ്രവചനത്തിനുള്ള സാങ്കേതിക സംവിധാനങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. കഴിഞ്ഞ ആറ് വർഷമായി നിലനിൽക്കുന്ന ഈ അനിശ്ചിതത്വങ്ങൾ കൂടി ഉൾക്കൊള്ളുന്ന വിധത്തിൽ മുന്നൊരുക്കങ്ങളും മുന്നറിയിപ്പുകളും രൂപപ്പെടുത്തുക മാത്രമാണ് പോംവഴി. IMD യുടെ പ്രവചനങ്ങൾ പലപ്പോഴും ശരിയാകുന്നില്ല എന്ന ആക്ഷേപം 2017 ലെ ഓഖി ദുരന്ത കാലം മുതൽ നമ്മൾ കേൾക്കുന്നതാണ്. ഇതിൽ അൽപം വാസ്തവമുണ്ട് എന്നതും ശരിയാണ്. ഇന്ത്യയ്ക്ക് മുഴുവനായുള്ള കാലാവസ്ഥ വിലയിരുത്തലുകൾ നടത്തി മഴ മുന്നറിയിപ്പ് നൽകുന്ന IMD യെ

സംബന്ധിച്ച് ജില്ലാതലത്തിലും താഴെ പ്രാദേശികമായും മഴ സാധ്യതകൾ വിലയിരുത്തുക അസാധ്യമാണ്. അതിനുള്ള സംവിധാനങ്ങൾ നമ്മൾ പ്രാദേശികമായി തന്നെ വളർത്തിയെടുക്കേണ്ടതാണ്. നിർഭാഗ്യവശാൽ ഈ ദിശയിൽ നമ്മൾ വളരെ പതുക്കെയാണ് മുന്നേറുന്നത്. കാലാവസ്ഥ ഘടകങ്ങൾ വിലയിരുത്തി കേരളത്തിനുവേണ്ടി സവിശേഷമായ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുന്നതിനായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഡോ. അഭിലാഷിന്റെ നേതൃത്വത്തിലുള്ള സംഘം നടത്തുന്ന പ്രവർത്തനങ്ങൾക്ക് പൊതുസമൂഹത്തിനിടയിൽ വലിയ സ്വീകാര്യതയുണ്ട്. നിർഭാഗ്യവശാൽ ഈ നിസ്വാർത്ഥ സേവനം ഉപയോഗപ്പെടുത്തുന്നതിൽ ഭരണാധികാരികൾ പരാജയപ്പെടുകയാണ്. ഇവരുൾപ്പെടെ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി സൂക്ഷ്മതലത്തിൽ ഉൾപ്പെടെയുള്ള കാലാവസ്ഥ പ്രവചനത്തിന് സാധ്യതകൾ പ്രയോജനപ്പെടുത്താൻ അധികാരികൾ തയ്യാറാകണം. ഒപ്പം തന്നെ പൊതുസമൂഹത്തെയും വിദ്യാർഥികളുടെയും എല്ലാം സഹകരണത്തോടെ പ്രാദേശിക തലത്തിൽ മഴമാപിനികൾ സ്ഥാപിച്ച് മീനച്ചിൽ നദീതടത്തിലും ചാലക്കുടിപ്പുഴ തടത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ കേരളം മുഴുവൻ വ്യാപിപ്പിക്കേണ്ടതുണ്ട്.

വേണ്ടത് പരിസ്ഥിതി പുനഃസ്ഥാപനം

നമ്മുടെ സ്വാഭാവിക വനാവരണം 85 ശതമാനത്തിലേറെ നഷ്ടപ്പെട്ടു എന്നത് ഒരു യാഥാർഥ്യമാണ്. പരിസ്ഥിതി സംരക്ഷണം എന്ന വാക്കിന് ഇനി പ്രസക്തിയില്ല. വികസനത്തിന്റെ പേരിൽ അനധികൃതമായി പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറികളും ദുരന്തങ്ങളുടെ ആക്കം കൂട്ടുന്നു എന്നതാണ് വസ്തുത. പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണവും പുനഃസ്ഥാപനവും നടത്താൻ നമ്മൾ തയ്യാറാകണം. ഗാഡ്ഗിൽ കമ്മിറ്റി തങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചിട്ട് പത്തു വർഷം പിന്നിടുമ്പോൾ പരിസ്ഥിതി പുനഃസ്ഥാപനം എന്ന ലക്ഷ്യം കൂടുതൽ കൂടുതൽ ദുഷ്കരമാകുകയാണ്. ഇനിയും വൈകിച്ചാൽ നാളെ ചിലപ്പോൾ നമ്മൾ തീവ്രമായി ആഗ്രഹിച്ചാൽ പോലും ഈ മലനിരകളുടെയും അതുവഴി നമ്മുടെ നദികളുടെയും ആവാസ വ്യവസ്ഥകളുടെയും വീണ്ടെടുപ്പ് മിക്കവാറും അസാധ്യമായി മാറിയേക്കും.

മലയിടിച്ചിലിനും ഉരുൾപൊട്ടലിനും സാധ്യതയുള്ള മേഖലകളിലും വെള്ളപ്പൊക്ക സാധ്യത ഏറ്റവും കൂടുതലുള്ള താഴ്ന്ന പ്രദേശങ്ങളിലും കടലാക്രമണം രൂക്ഷമാകുന്ന ഇടങ്ങളിലും താമസിക്കുന്നത് സമൂഹത്തിന്റെ താഴെ തട്ടിൽ ഉള്ളവരാണ്. അവർ പലപ്പോഴും സ്വന്തം ഇഷ്ടപ്രകാരമല്ല ഇത്തരം പ്രദേശങ്ങളിൽ തുടർന്നും താമസിക്കേണ്ടി വരുന്നത്. ദുരന്തസാധ്യത ഏറ്റവുമധികമുള്ള ഇത്തരം മേഖലകളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കേണ്ട ഉത്തരവാദിത്വം ഭരണകൂടവും പൊതുസമൂഹവും ചേർന്ന് ഏറ്റെടുക്കേണ്ടതാണ്. കാലാവസ്ഥയിലെ അനിശ്ചിതത്വങ്ങൾ കാർഷികമേഖലയിൽ ഉയർത്തുന്ന വെല്ലുവിളികൾ വളരെ വലുതാണ്. വിള ഇൻഷ്വറൻസിന്റെ വ്യാപ്തി വർധിപ്പിച്ചും നഷ്ട പരിഹാരത്തിനുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കിയും കർഷകർക്ക് പിന്തുണ ഉറപ്പുവരുത്തണം.

കേരളത്തിന്റെ ഭൗമഘടനയെ മാറ്റിമറിക്കുന്നതും ആവാസ വ്യവസ്ഥകളെ നശിപ്പിക്കുന്നതുമായ തെറ്റായ വികസന സങ്കൽപങ്ങളിൽ നിന്നും നമ്മൾ മാറിയേ തീരൂ. പാരിസ്ഥിതിക സാമൂഹിക സാഹചര്യങ്ങൾ ഉൾക്കൊള്ളുന്ന ഭൂവിനിയോഗ നയം സംസ്ഥാനത്തിന് അനിവാര്യമാണ്. വ്യക്തിതലത്തിലും സർക്കാർ തലത്തിലും ഉള്ള മുഴുവൻ പ്രവൃത്തികളും പദ്ധതികളും കാലാവസ്ഥാ വ്യതിയാനത്തിന്റെ അളവുകോലിൽ കൂടി വിലയിരുത്തപ്പെടണം. എന്നിട്ട് ഏറ്റവും അനുയോജ്യമായവ മാത്രം തെരഞ്ഞെടുക്കണം. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ പാഠങ്ങൾ കുഞ്ഞുനാളിൽ തന്നെ വളർന്നു വരുന്ന തലമുറകൾക്ക് പകർന്നു കൊടുക്കണം. നമ്മുടെ തെറ്റുകൾ അവരോട് ഏറ്റുപറഞ്ഞ് തിരുത്തുവാനുള്ള ആർജ്ജവം കാണിക്കണം. വരാനിരിക്കുന്ന തലമുറകളുടെ നിലനിൽപ്പിനുള്ള അവകാശം പരമപ്രധാനമാകണം. ബ്രിട്ടീഷ് കാലഘട്ടത്തിലെ നിർമ്മാണപ്രവൃത്തികളിൽ ഹൈഡ്രോളിക്സ് അഥവാ വെള്ളത്തിന്റെ ഒഴുക്കിന്റെ പഠനം വളരെ പ്രധാനമായിരുന്നു. റോഡുകളും കെട്ടിടങ്ങളും മറ്റും പണിയുമ്പോൾ നിർമ്മാണത്തോടൊപ്പം ജലത്തിന്റെ ഒഴുക്കിന് കൂടി പ്രാധാന്യം നൽകിയിരുന്നു. എന്നാൽ നിലവിലെ നിർമ്മാണത്തിൽ ഹൈഡ്രോളിക്സ് അഥവാ വെള്ളത്തിന്റെ ഒഴുക്ക് ഒരു ഘടകമേ അല്ലാതായിരിക്കുന്നു. കാലാവസ്ഥ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ഇതിന് യോജിച്ച മാറ്റം വരുത്താൻ സർക്കാർ തയ്യാറാകണം.

ലെഹെം

ചിറ്റയം ഗോപകുമാർ
ഡെപ്യൂട്ടി സ്പീക്കർ

ചരിത്രത്തിൽ എവിടെയും സമൂഹവും മനുഷ്യനും മതവും രാഷ്ട്രീയവും തൊഴിലുമായി ബന്ധപ്പെട്ടുകിടക്കുന്നു. അതിരൂക്ഷമായ പീഡനങ്ങളും അരികുവൽക്കരണവും സമത്വമില്ലായ്മയുമെല്ലാം ഇപ്പോഴും പല തൊഴിലിടങ്ങളിലും പുലരുന്നുണ്ട്. അത് തൊഴിലെടുക്കുന്നവന്റെ വ്യക്തി ജീവിതത്തെയും സാമൂഹിക ജീവിതത്തെയും പ്രതികൂലമായി ബാധിക്കുന്നു; ചിലപ്പോഴെങ്കിലും തിരുത്താനാവാത്ത രേഖപ്പെടുത്തലുകൾ മനുഷ്യജീവിതത്തിൽ വരുത്തുകയും ചെയ്യുന്നു. ആധുനിക ഇസ്രയേൽ ടെലിവിഷൻ ചരിത്രത്തിലെ അതികായൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന വ്യക്തിത്വമാണ് രാം ലോവെ. 90 മിനിറ്റ് ദൈർഘ്യമുള്ള 'ലെഹെം' 1986-ൽ അദ്ദേഹം ടെലിവിഷനു വേണ്ടി സംവിധാനം ചെയ്ത സിനിമയാണ്. 'ലെഹെം' എന്നാൽ 'അപ്പം' എന്നാണ് അർഥം. അപ്പം അല്ലെങ്കിൽ ഭക്ഷണം എന്നത് തൊഴിലെടുക്കലിന്റെ ഏറ്റവും സന്തോഷകരമായ പരിണിത ഫലമാണ്. ലെഹെം അന്നനിഷേധത്തിന്റെ കഥയാണ് സംസാരിക്കുന്നത്. അന്നനിഷേധം എന്നാൽ തൊഴിൽരഹിതമായ ജീവിതാനുഭവമാണ്. ഇസ്രയേൽ ചരിത്രത്തിലെ ഏറ്റവും രൂക്ഷമായ തൊഴിൽ പ്രതിസന്ധിയുടെ കഥയാണ് ലെഹെം എന്ന ചിത്രത്തിലൂടെ രാം ലോവെ പങ്കുവയ്ക്കുന്നത്.

സമീപകാലത്ത് രണ്ട് വൻകരകളിൽ രണ്ട് രാജ്യങ്ങളുടെ രാഷ്ട്രീയത്തെയും ജനജീവിതത്തെയും പിടിച്ചുലച്ച കലാപ വാർത്തകൾ വന്നു. ഈ കലാപ അന്തരീക്ഷത്തിനു പിന്നിൽ ആ രാജ്യങ്ങളിൽ നിലനിൽക്കുന്ന യുവജനങ്ങളുടെ തൊഴിലില്ലായ്മയാണെന്ന് സാമ്പത്തിക സാമൂഹിക ശാസ്ത്രലോകം വിലയിരുത്തിയിട്ടുണ്ട്. ബംഗ്ലാദേശിൽ ഷേഖ് ഹസീനയുടെ നേതൃത്വത്തിലുള്ള അവാമി ലീഗ് ഭരണകൂടത്തിന്റെ പതനത്തിലേക്ക് നയിച്ച പ്രമുഖ കാരണങ്ങളിൽ നിലവിലുള്ള തൊഴിലവസരങ്ങൾ പങ്കുവയ്ക്കുന്നത് സംബന്ധിച്ച തർക്കവും ഉൾപ്പെടുന്നു. ബ്രിട്ടനിൽ വെള്ളക്കാർ വ്യത്യസ്ത വർണ്ണക്കാരായ കുടിയേറ്റക്കാരെ ലക്ഷ്യം വച്ച് നടത്തിയ കലാപവും മാധ്യമശ്രദ്ധ ആകർഷിച്ച സംഭവമായിരുന്നു. സാമാന്യം നല്ല ഭൂരിപക്ഷത്തോടെ അധികാരത്തിലേറിയ ലേബർ പാർട്ടി ഭരണകൂടത്തിനുനേരെ കനത്ത വെല്ലുവിളിയാണ് ഈ സംഭവം ഉയർത്തിയത്. ഇരുരാജ്യങ്ങളിലും അക്രമാസക്തമായി മാറിയ കലാപങ്ങൾക്ക് രാഷ്ട്രീയ, സാമൂഹിക കാരണങ്ങൾ പലതുണ്ടാകാം. രണ്ടിടത്തും ഒരുപോലെ ബാധകവും നിർണ്ണായകവുമായി മാറിയത് യുവാക്കൾക്കിടയിലെ രൂക്ഷമായ തൊഴിലില്ലായ്മയാണ്. തൊഴിലില്ലായ്മയും സാമ്പത്തിക പ്രതിസന്ധിയും അതിരൂക്ഷമായി



രാം ലോവെ

നേരിട്ട രാജ്യമാണ് നമ്മുടെ അയൽ രാജ്യമായ ശ്രീലങ്ക. അതിനു പരിഹാരമായി ജനങ്ങൾ അധികാരത്തിലേറ്റിയത് കമ്മ്യൂണിസ്റ്റ് പാർട്ടിയെയും അതിന്റെ നേതാവായ അനുര കുമാര ദിസനായകെയുമാണ്.

തൊഴിലാളി സമൂഹത്തിന്റെ ജീവിത സാഹചര്യങ്ങൾ പലയിടങ്ങളിലും ദയനീയമായി തുടരുന്ന കാലഘട്ടത്തിലൂടെയാണ് ലോകം കടന്നുപോകുന്നത്. തൊഴിൽ എന്നതിന്റെ സാമ്പ്രദായിക നിർവചനത്തിനു മാറ്റം വന്നു എന്ന് മാത്രം. വ്യവസായ വിപ്ലവ കാലത്തുനിന്ന് സാങ്കേതിക വിപ്ലവ കാലത്തേക്ക് നമ്മൾ കടന്നിരിക്കുന്നു. 2020 ലെ കോവിഡ് വ്യാപനത്തിന്റെ പേരിൽ പല രാജ്യങ്ങളും തൊഴിൽ നിയമങ്ങൾ മാറ്റിക്കുറിച്ചു. ഒപ്പം സാമ്പത്തിക പ്രതിസന്ധിയെന്ന കാരണം ചൂണ്ടിക്കാണിച്ച് ടെക് ഭീമന്മാരായ ഗൂഗിളും ട്വിറ്ററും ആമസോണും ആപ്പിളുമൊക്കെ നിരവധി ജീവനക്കാരെയാണ് പിരിച്ചുവിട്ടത്. നിരവധി കമ്പനികൾ യാതൊരു മുന്നറിയിപ്പും കൂടാതെ ജീവനക്കാരെ ഇപ്പോഴും പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലാളി സമൂഹത്തിന്റെ പ്രതികരണ പ്രതിരോധ പ്രവർത്തനങ്ങളിൽ സംഭവിച്ച മാറ്റമാണ് ഏറ്റവും ശ്രദ്ധേയമായത്. സംഘടിതമായ തൊഴിൽ മുന്നേറ്റങ്ങളെ വികസന വിരോധമായി അവതരിപ്പിക്കുന്നതിൽ ഭരണകൂടങ്ങളും അവരെ നിയന്ത്രിക്കുന്ന മൂലധന ശക്തികളും വലിയൊരളവോളം വിജയിച്ചിരിക്കുന്നു. സമരം തന്നെ മറന്നിരിക്കുന്ന വിധം പരുവപ്പെട്ടുപോയ തൊഴിലാളിസമൂഹങ്ങളെ പലരൂപത്തിൽ, പലയിടങ്ങളിൽ കാണാൻ സാധിക്കും. കഴിഞ്ഞകാല സമരങ്ങളുടെ ഓർമ്മകളുടെ കരുത്തിലാണ് നമ്മൾ ഇന്ന് പോരാട്ടങ്ങൾക്കു മുന്നിട്ടിറങ്ങുന്നത്. പുതിയ കാലത്ത്, സമരാത്മകമായ തൊഴിലാളിശക്തി അപ്രത്യക്ഷമായിരിക്കുന്നു. അതിധനികാനുകൂല സാമ്പത്തികനയങ്ങൾ വേരോട്ടമുണ്ടാക്കുന്നു; അത് പടർന്നു വളരുന്നു. അതിനു മുൻപിൽ നിരായുധരായി തൊഴിലാളി വർഗം നിൽക്കുന്നു.

തൊഴിൽസുരക്ഷ എന്ന ആശയം അപ്രസക്തമായിക്കൊണ്ടിരിക്കുന്നു. നിർമ്മിതബുദ്ധി പോലുള്ള നവ

അനുര കുമാര ദിസനായകെ

സാങ്കേതികവിദ്യകൾകൂടി രംഗം കീഴടക്കുന്നതോടെ തൊഴിൽലഭ്യതയുടെയും തൊഴിൽസ്ഥിരതയുടെയും അവസ്ഥയെന്താകും? ലോകത്തിന്റെ പുതിയകാല തൊഴിൽ സാഹചര്യങ്ങൾ ആശങ്കാകുലമായ ഒരു ചിത്രമാണ് അവതരിപ്പിക്കുന്നത്. എന്റെ ഓഫീസിലെ ഒരു പുതുതലമുറ ജീവനക്കാരനോട് ഇൻകംടാക്സ് സംബന്ധിച്ച ഒരു മൊഡ്യൂൾ ഉണ്ടാക്കാമോ എന്ന് ചോദിച്ചിരുന്നു. എ. ഐ. ചാറ്റ് ബോക്സിൽ ഒരു മൊഡ്യൂളിന്റെ പ്രോഗ്രാം കോഡ് പ്രത്യക്ഷപ്പെടുന്നത് അമ്പരപ്പോടെ മാത്രമേ നമുക്ക് കണ്ടിരിക്കാൻ കഴിയൂ. മനുഷ്യ വിഭവത്തിനു തന്നെ പ്രഹരമേൽപ്പിച്ചുകൊണ്ട് സാങ്കേതിക വിദ്യ വളരുന്ന കാലഘട്ടത്തിലാണ് നമ്മൾ കഴിയുന്നത്. നിർമ്മിതബുദ്ധി എല്ലാ മേഖലകളെയും അടക്കിവാഴാൻ പോകുന്നതിന്റെ സൂചനകൾ നൽകിക്കഴിഞ്ഞു. മനുഷ്യന്റെ സർഗാത്മകതയെ പോലും വെല്ലുവിളിച്ചാണ് ചാറ്റ് ബോട്ടുകളുടെ കടന്നുവരവ്. തൊഴിൽ ഇല്ലാതാവുകയല്ല, ചില തൊഴിലുകൾക്കുപകരം മറ്റൊരു തൊഴിൽ ഉണ്ടാകുകയാണ് എന്ന നിരീക്ഷണം തള്ളിക്കളയാനാകില്ല. പക്ഷേ, പരമ്പരാഗത തൊഴിൽ നഷ്ടപ്പെടുന്നവർക്കുതന്നെ പുതിയ തൊഴിൽ കിട്ടണമെന്നില്ല. മാറുന്ന സാഹചര്യത്തിനനുസരിച്ച് നൈപുണിവികസനം നടത്തിയില്ലെങ്കിൽ പുതിയ അവസരം ലഭിക്കണമെന്നുമില്ല. തൊഴിൽ എത്രത്തോളം നഷ്ടപ്പെടുമെന്നു വ്യക്തമായി പ്രവചിക്കാനുമാകില്ല. ഈ മാറ്റങ്ങളെല്ലാം ലോകത്താകമാനം കടുത്ത ആശങ്കയായി തൊഴിലാളി വർഗത്തിന് മുന്നിൽ നിലയുറപ്പിച്ചിരിക്കുന്നു.

പ്രവാസങ്ങളും പലായനങ്ങളും ചരിത്രത്തിലെ സുപ്രധാന ഏടുകളാണ്. പ്രവാസങ്ങൾ ഒരു പരിധി വരെ തൊഴിലിനായുള്ള സഞ്ചാരങ്ങളുടെ കഥ കൂടിയാണ്. കേരളത്തിൽ നിന്നും വിദേശത്തേക്കുള്ള പ്രവാസ പ്രക്രിയ ഇതിനു തെളിവാണ്. ഒരു സമൂഹമെന്ന നിലയിൽ കേരളം കഴിഞ്ഞ നാലഞ്ച് പതിറ്റാണ്ടുകൾ കൊണ്ട് കൈവരിച്ച സാമൂഹ്യ, സാമ്പത്തിക പുരോഗതികളുടെ ചരിത്രത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ ഒന്നാണ് പ്രവാസ പ്രക്രിയ. ഗൾഫിൽ തുടങ്ങുന്നതല്ല മലയാളിയുടെ പ്രവാസ ചരിത്രം. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സിലോണിലേക്കും മലേഷ്യയിലേക്കും ഇന്ത്യയിലെ തന്നെ മദിരാശി, ബോംബെ, കൽക്കട്ട തുടങ്ങിയ നഗരങ്ങളിലേക്കും ഉള്ള ഭാഗ്യാന്വേഷണ യാത്രകൾ തൊഴിലിനായുള്ള സഞ്ചാരങ്ങളായിരുന്നു. ഇത്തരം യാത്രകൾ ബർമ്മയിലേക്കും കറാച്ചിയിലേക്കും ഒക്കെ നടന്നിട്ടുണ്ട്.

തൊഴിൽ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിന് കീഴിലാണ്. അതിനാൽ, പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും തൊഴിലാളികളെ നിയന്ത്രിക്കുന്ന നിയമങ്ങൾ നിർമ്മിക്കാൻ കഴിയും. വ്യാവസായിക തർക്കങ്ങൾ പരിഹരിക്കൽ, തൊഴിൽ സാഹചര്യങ്ങൾ, സാമൂഹിക സുരക്ഷ, വേതനം തുടങ്ങി തൊഴിലിന്റെ വിവിധ വശങ്ങളെ നിയന്ത്രിക്കുന്ന നൂറ്റിനാൽപ്പതിലധികം സംസ്ഥാന, കേന്ദ്ര നിയമങ്ങൾ നിലവിലുണ്ടായിരുന്നു. തൊഴിൽ നിയമങ്ങളിൽ ലോകത്താകമാനം വന്ന മാറ്റങ്ങൾ വികസന കാഴ്ചപ്പാടിലെ മാറ്റങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ ദേശീയ തൊഴിൽ കമ്മീഷൻ (2002) കേന്ദ്ര തൊഴിൽ നിയമങ്ങൾ ഇനിപ്പറയുന്ന ഗ്രൂപ്പുകളായി സംയോജിപ്പിക്കണമെന്ന് ശിപാർശ ചെയ്തു:

- വ്യാവസായിക ബന്ധങ്ങൾ
- കൂലി
- സാമൂഹിക സുരക്ഷ
- സുരക്ഷ
- ക്ഷേമവും തൊഴിൽ സാഹചര്യങ്ങളും

സുതാര്യതയ്ക്കും ഏകീകൃതയ്ക്കും വേണ്ടി തൊഴിൽ നിയമങ്ങൾ

ലഘൂകരിക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു. 29 കേന്ദ്ര നിയമങ്ങൾ ഏകീകരിക്കുന്നതിനായി 2019 ൽ കേന്ദ്ര സർക്കാർ തൊഴിൽ കോഡുകളെക്കുറിച്ചുള്ള നാല് ബില്ലുകൾ അവതരിപ്പിച്ചു.

1. കൂലി സംബന്ധിച്ച കോഡ്
2. ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്
3. സാമൂഹിക സുരക്ഷാ കോഡ്
4. തൊഴിൽ സുരക്ഷ, ആരോഗ്യം, ജോലി സാഹചര്യങ്ങൾ എന്നിവയുടെ കോഡ്.

2019 ൽ വേജസ് കോഡ് പാസാക്കിയപ്പോൾ മറ്റ് മൂന്ന് ബില്ലുകളും ലേബർ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വിട്ടു. കമ്മിറ്റിയുടെ ശിപാർശകൾ അനുസരിച്ച്, 2020 സെപ്റ്റംബറിൽ സർക്കാർ ഈ ബില്ലുകൾക്ക് പകരം പുതിയവ കൊണ്ടുവന്നു പാസാക്കി. ഈ കോഡുകൾ തൊഴിൽ ബന്ധങ്ങളുടെ ഒരു പുതിയ യുഗത്തിന് തുടക്കം കുറിക്കുന്നു. വ്യാവസായിക നിയമശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങളിൽ ഈ കോഡുകൾ ഒരു യുടേൺ അടയാളപ്പെടുത്തുന്നു. നൂറ്റാണ്ടുകൾ കൊണ്ട് പോരാട്ടങ്ങളിലൂടെയും പ്രക്ഷോഭങ്ങളിലൂടെയും തൊഴിലാളി വർഗം നേടിയെടുത്ത അവകാശങ്ങളുടെ വേരറുക്കുന്ന നിയമനിർമ്മാണങ്ങളാണ് നാല് ലേബർ കോഡുകളുടെ രൂപത്തിൽ കേന്ദ്ര സർക്കാർ കവർന്നെടുത്തിരിക്കുന്നത്. സംസ്ഥാന സർക്കാരുകളോടുപോലും ആലോചിക്കാതെയാണ് പുതിയ ലേബർ കോഡ് പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടത്. അസംഘടിത മേഖലയിലെ തൊഴിലാളികളെക്കുറിച്ചോ തൊഴിലിടങ്ങളിലെ സ്ത്രീകളെക്കുറിച്ചോ പുതിയ ലേബർ നിയമത്തിൽ വ്യക്തതയില്ല. രാജ്യത്തെ നല്ലൊരു ശതമാനം കർഷക തൊഴിലാളികളും ഒക്കുപ്പേഷൻ സേഫ്റ്റി ഹെൽത്ത് കണ്ടീഷൻ കോഡിൽ ഉൾപ്പെട്ടിട്ടില്ല. ഇതിലുപരി അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരെക്കുറിച്ചും ലേബർ കോഡിൽ പരാമർശമില്ല. ഇന്ത്യൻ കർഷകരെ കോർപ്പറേറ്റുകൾക്ക് കീഴടക്കാൻ ഉതകുന്ന നിയമങ്ങളാണ് പാർലമെൻറ് പാസാക്കിയത്.

ഇന്ത്യയിലെ ജനസംഖ്യയുടെ ബഹുഭൂരിപക്ഷവും തങ്ങളുടെ അധ്വാനത്തെ ആശ്രയിച്ചാണ് തങ്ങളുടെ പ്രധാന ഉപജീവന മാർഗവും സാമൂഹിക പദവിയും കണ്ടെത്തുന്നത്. സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവുമുള്ള വികസന പദ്ധതികളിൽ തൊഴിലും അതിന്റെ സുരക്ഷ, ഉൽപാദനക്ഷമത, വേതനം തുടങ്ങിയ വിഷയങ്ങളും ശ്രദ്ധാകേന്ദ്രമാണ്. ഇന്ത്യൻ ഭരണഘടനയിലെ സംസ്ഥാന നയത്തിന്റെ നിർദ്ദേശക തത്വങ്ങളെക്കുറിച്ചുള്ള ഭാഗം IV (Directive Principles of State Policy), എല്ലാ പൗരന്മാർക്കും മതിയായ ഉപജീവനമാർഗം, ജോലി ചെയ്യാനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, തൊഴിലില്ലായ്മ, വാർധക്യം തുടങ്ങിയ കേസുകളിൽ പൊതു സഹായം ഉറപ്പാക്കൽ എന്നിവ അനുശാസിക്കുന്നു. എന്നാൽ സമീപകാല ഇന്ത്യൻ യാഥാർഥ്യങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്. സർക്കാർ നയങ്ങൾ രൂപപ്പെടുത്തേണ്ടതും നിയമങ്ങൾ നിർമ്മിക്കേണ്ടതും, ഭരണഘടനാനുസൃതമായാണ്. 1991 മുതൽ രാജ്യത്താരംഭിച്ച ആഗോളവൽക്കരണ, ഉദാരവൽക്കരണ നയങ്ങളാണ് പൊതുമേഖലാ സ്വകാര്യവൽക്കരണവും തൊഴിലാളി വിരുദ്ധ നയങ്ങളും ശക്തിപ്പെടുത്തിയത്. ഇന്ത്യൻ ഭരണഘടനയിലെ മാർഗനിർദ്ദേശകതത്വങ്ങളുടെ ലംഘനമായിരുന്നു ഈ നയങ്ങൾ. വൻകിട കുത്തകകളായി വളർന്ന ഇന്ത്യൻ കുത്തക മുതലാളി വർഗമാണ് ഇന്ത്യൻ ഭരണകൂടത്തെ നയിക്കുന്നത്. സ്വാതന്ത്ര്യാനന്തരം ഭീകരമായി വളർന്ന ഇന്ത്യൻ കുത്തക മുതലാളി വർഗം, സാമ്രാജ്യത്വ മൂലധനവുമായി കൂട്ടുചേർന്നാണ് സമകാലിക സാമ്പത്തിക നയങ്ങൾ ആവിഷ്കരിച്ചത്.

അന്ന സെബാസ്റ്റ്യൻ പേരയിൽ എന്ന മലയാളി യുവതിയുടെ അകാല വിയോഗം 2024 ജൂലൈ 20 നാണ് സംഭവിച്ചത്. ലോകത്തെ മുൻനിര അക്കൗണ്ടിങ് കമ്പനികളിൽ ഒന്നായ ഏണസ്റ്റ് ആന്റ് യങ് ഗ്ലോബലിന്റെ എസ്.ആർ. ബാറ്റ്ലിബോയിൽ ചാർട്ടേഡ് അക്കൗണ്ടന്റ് ആയിരുന്നു അന്ന. അമിത ജോലിഭാരം അവരുടെ ജീവൻ അപഹരിച്ചതായാണ് ഇതുവരെ പുറത്തുവന്ന വാർത്തകളെല്ലാംതന്നെ സൂചിപ്പിക്കുന്നത്. കോർപ്പറേറ്റ് രംഗത്തെ കൊടിയ ചൂഷണത്തിന്റെ ഇരകളിലൊന്നാണ് ആ ഇരുപത്തേഴുകാരി. സ്വതന്ത്രവും സമഗ്രവുമായ അന്വേഷണം ആരംഭിച്ചതായി കേന്ദ്ര തൊഴിൽ സഹമന്ത്രി ശോഭ കരന്തലാജെ അവകാശപ്പെട്ടെങ്കിലും ഇത്തരം സംഭവങ്ങളിൽ നീതി അകലെയാണെന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. തൊഴിലെടുക്കുന്നവരുടെ ജീവൻതന്നെ കവർന്നെടുക്കുന്ന നിന്ദ്യമായ തൊഴിൽ സാഹചര്യത്തെപ്പറ്റിയുള്ള വാർത്ത രണ്ടുമാസം കഴിഞ്ഞാണ് പുറം ലോകം അറിയുന്നത്.

മനുഷ്യജീവന് തെല്ലും വിലകല്പിക്കാത്ത, വിഷലിപ്തമായ തൊഴിൽ സംസ്കാരത്തെയാണ് നവ ഉദാരീകൃത സാമ്പത്തിക വ്യവസ്ഥ പ്രതിനിധാനം ചെയ്യുന്നത്. അന്നയുടെ ജീവൻ അപഹരിച്ച മനുഷ്യത്വഹീനമായ തൊഴിൽ അന്തരീക്ഷം ഏണസ്റ്റ് ആന്റ് യങ് ഗ്ലോബലിന്റെ മാത്രം പ്രത്യേകതയല്ല; ആഗോള രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിലാകെ ആധിപത്യം പുലർത്തുന്ന നവ ഉദാരീകരണ പ്രവണതകളുടെ അവിഭാജ്യഘടകമായി ഈ തൊഴിൽ സംസ്കാരം മാറിയിരിക്കുന്നു. അതിൽ മാനവികതയ്ക്ക് യാതൊരു സ്ഥാനവുമില്ല. അവിടെ പരമാവധി ലാഭം എന്നതിന് മാത്രമാണ് പരിഗണന. ആ ലാഭക്കച്ചവടത്തിന്റെ ഇരകൾ മാത്രമാണ് പണിയെടുക്കുന്നവർ. പണിയെടുക്കുന്നവരുടെ അധ്വാനത്തിന്റെ പരമാവധി ചൂഷണമാണ് അനുപാതരഹിതമായ അവരുടെ ലാഭത്തിന്റെ അടിസ്ഥാനം. തൊഴിലെടുക്കുന്നവർ സംഘടിത ശക്തിയിലൂടെയും കൂട്ടായ വിലപേശലിലൂടെയും നേടിയെടുത്ത തൊഴിൽ, വിശ്രമം, വിനോദം തുടങ്ങിയ എല്ലാ അവകാശങ്ങളും പുതിയ തൊഴിൽ സംസ്കാരത്തിൽ കവർന്നെടുക്കപ്പെട്ടിരിക്കുന്നു. ആഹാരം, ആരോഗ്യപരിപാലനം തുടങ്ങിയ അടിസ്ഥാന ഘടകങ്ങൾ പോലും അവഗണിക്കപ്പെടുന്നത് ഈ കോർപ്പറേറ്റ് സംസ്കാരത്തിന്റെ ഭാഗമായിരിക്കുന്നു. എട്ടുമണിക്കൂർ തൊഴിൽ എന്നത് അവരുടെ നിഘണ്ടുവിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു. ലാഭം, കൂടുതൽ ലാഭം, മറ്റാർക്കുമില്ലാത്ത ലാഭം എന്നതാണ് ലക്ഷ്യവും തത്വശാസ്ത്രവും.

തൊഴിൽ മേഖലയിലെ കേന്ദ്ര സർക്കാരിന്റെ നയപരമായ ഇടപെടൽ വിവിധ തലങ്ങളിൽ തുടരുന്നതാണ് നമ്മൾ ഇന്ന് കാണുന്നത്.

ഇതിലെ നീതിരാഹിത്യം സർക്കാരിന്റെ പരിഗണനാവിഷയം ആകുന്നതേയില്ല. തൊഴിലാളികളുടേയും ജീവനക്കാരുടേയും ആനുകൂല്യങ്ങളും സുരക്ഷാ സംവിധാനങ്ങളും ഇല്ലാതാക്കുകയെന്ന ഉദാരവൽക്കരണ നയങ്ങളാണ് നടപ്പിലാക്കപ്പെട്ടത്. സർക്കാർ ജീവനക്കാരുടെ അവകാശമായിരുന്ന നിയമപരമായ പെൻഷൻ പദ്ധതിക്ക് പകരം 2004 ൽ അധികാരത്തിലിരുന്ന എ. ബി. വാജ്പേയിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. സർക്കാർ പുതിയ പെൻഷൻ പദ്ധതി (എൻ.പി.എസ്.) നടപ്പിലാക്കി. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പെൻഷൻ ബാധ്യത, വരുമാനത്തിന്റെ വലിയ ഭാഗം അപഹരിക്കുന്നു എന്നായിരുന്നു കാരണമായി പറഞ്ഞത്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം കേന്ദ്രസംസ്ഥാന സർക്കാരുകളുടെ റവന്യൂ വരുമാനത്തിന്റെ 6 മുതൽ 21 ശതമാനം വരെയാണ് പെൻഷൻ നൽകുന്നതിനായി നീക്കിവയ്ക്കേണ്ടിവന്നിരുന്നത്. സർക്കാരുകളുടെ ബാധ്യത കുറയ്ക്കുന്നതിന് ജീവനക്കാരന്റെ വിഹിതം ഉറപ്പാക്കിയായിരുന്നു പുതിയ പെൻഷൻ പദ്ധതി. ഈ തുക ഓഹരിവിപണിയിൽ നിക്ഷേപിച്ചു നേടുന്ന ലാഭത്തെ ആശ്രയിച്ചാണ് പെൻഷൻ തുകയും ആനുകൂല്യങ്ങളുമെല്ലാം എന്ന നിലയിലാണ് എൻ.പി.എസിന്റെ രൂപകല്പനയുണ്ടായത് എന്നത് പ്രധാനമാണ്. കേന്ദ്ര സർക്കാരിന്റെ നിർബന്ധത്തെത്തുടർന്ന് സംസ്ഥാനത്തും ഈ പദ്ധതി നടപ്പിലാക്കപ്പെട്ടു. രാജ്യത്താകമാനം ഈ പദ്ധതിക്കെതിരെ ശക്തമായ എതിർപ്പുയർന്നു. ബി.ജെ.പി. ഇതര ഭരണമുള്ള ചില സർക്കാരുകൾ പഴയ പെൻഷൻ പദ്ധതിയിലേക്ക് തിരിച്ചുപോയി. കേരളം പഴയ പദ്ധതി നടപ്പിലാക്കുമെന്ന് ഉറപ്പ് പറഞ്ഞെങ്കിലും ചെയ്തില്ലെന്നത് നിരാശപ്പെടുത്തുന്നതാണ്. എൻ.പി.എസ്. മുഖേനയുള്ള പെൻഷൻ തുകയും ആനുകൂല്യങ്ങളും തുച്ഛമാണെന്ന് വന്നതോടെ ജീവനക്കാരുടെ ഭാഗത്തുനിന്ന് പ്രതിഷേധം വീണ്ടും ശക്തമായി. ഏകീകൃത പെൻഷൻ പദ്ധതി (യു.പി.എസ്.) യെന്ന പേരിൽ മറ്റൊരു പദ്ധതി കേന്ദ്ര സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുകയാണ്. കേൾക്കുമ്പോൾ എൻ.പി.എസിനെക്കാൾ ആകർഷകം എന്ന് തോന്നുമെങ്കിലും ജീവനക്കാരെ സംബന്ധിച്ച് നിരവധി ആശങ്കകളാണ് യു.പി.എസ്. സംബന്ധിച്ച് ഉയർന്നിട്ടുള്ളത്. വിരമിച്ചതിനു ശേഷം പെൻഷൻ ലഭിക്കണമെങ്കിൽ ജീവനക്കാരുടെ വിഹിതവും വേണമെന്ന വ്യവസ്ഥയോടെയാണ് എൻ.പി.എസ്. നടപ്പിലാക്കിയത്. അതേ രീതിയിലുള്ള പങ്കാളിത്ത പദ്ധതിയാണ് യു.പി.എസും. സർക്കാർ ജീവനക്കാരുടെ വിഹിതം നിക്ഷേപിക്കപ്പെടുന്നത് വിപണിയിലായിരിക്കും. പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് കീഴിൽ പൊതുമേഖലയിലെ മൂന്ന് ഫണ്ട് മാനേജർ (എസ്.ബി.ഐ. പെൻഷൻ ഫണ്ട്സ്, യു.ടി.ഐ. റിട്ടയർമെന്റ് സൊലൂഷൻസ്, എൽ.ഐ.സി. പെൻഷൻ ഫണ്ട്)മാരായിരിക്കും പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുക. ഏകീകൃതമെന്ന പേരിൽ എൻ.പി.എസിനെ പുനരവതരിപ്പിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തിരിക്കുന്നത്.

തൊഴിൽ എന്നത് സാമൂഹിക ഘടനയിൽ ചെലുത്തുന്ന സ്വാധീനം എക്കാലത്തും പ്രബലമാണ്. കുടുംബവും തൊഴിലും പരസ്പരം ബാധിക്കാതെ ഒരുമിച്ചു കൊണ്ടുപോവുകയെന്നത് മിക്കവരും അഭിമുഖീകരിക്കുന്ന വലിയ പ്രതിസന്ധിയാണ്. സ്ത്രീകളിലെ സ്ട്രെസ്സിന്റെ പ്രധാന കാരണമായി ഇന്നും മുൻപന്തിയിൽ നിൽക്കുന്ന ഒന്ന്, അവർ കുടുംബത്തിനും ജോലിക്കും വേണ്ടി ചെയ്യുന്ന ഇരട്ടവേഷമാണ്. ഇന്ത്യയിലെ യുവ വനിതാ പ്രൊഫഷണലുകൾ ആഴ്ചയിൽ 56.5 മണിക്കൂർ ജോലി ചെയ്യുന്നതായി അന്താരാഷ്ട്ര തൊഴിലാളി സംഘടന ചൂണ്ടിക്കാട്ടുന്നു. ഐ.ടി., മാധ്യമ മേഖലയിലുള്ള സ്ത്രീകൾ ആഴ്ചയിൽ ശരാശരി 56.5 മണിക്കൂറും സാങ്കേതിക, പ്രൊഫഷണൽ മേഖലയിലുള്ളവർ ആഴ്ചയിൽ 53.2 മണിക്കൂറും ജോലി ചെയ്യുന്നുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇത് ലോകത്തെ തന്നെ ഏറ്റവും ഉയർന്ന കണക്കാണ്. ജർമ്മനിയിലെ ഐ.ടി., മാധ്യമ മേഖലകളിലെ ശരാശരി ജോലി സമയം ആഴ്ചയിൽ 32 മണിക്കൂർ മാത്രമാണ്. റഷ്യയിൽ ഇത് 40 മണിക്കൂറാണ്. അമിത ജോലിഭാരം കൊണ്ടുതന്നെ ഇത്തരം മേഖലകളിൽ നിന്ന് സ്ത്രീകൾ പരമാവധി വിട്ടുനിൽക്കുകയാണ്. ഇന്ത്യയിലെ പ്രൊഫഷണൽ, ശാസ്ത്ര, സാങ്കേതിക മേഖലയിൽ ആകെ ജോലി ചെയ്യുന്നവരിൽ 8.5 ശതമാനം മാത്രമാണ് സ്ത്രീകൾ. ഐ.ടി., കമ്മ്യൂണിക്കേഷൻ മേഖലകളിൽ 20 ശതമാനം സ്ത്രീകളുണ്ട്. മറ്റ് പല രാജ്യങ്ങളിലും ഈ മേഖലകളിൽ സ്ത്രീകൾക്ക് നിർണായക പങ്കാളിത്തമുണ്ട്. സാങ്കേതിക മേഖലയിലെ സ്ത്രീപ്രാതിനിധ്യത്തിൽ 145 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 130 ആണ്.

വേൾഡ് ഇക്കണോമിക് ഫോറം (ഡബ്ല്യു.ഇ.എഫ്.) പുറത്തുവിട്ട 2023 ലെ ഗ്ലോബൽ ജെൻഡർ ഗ്യാപ് റിപ്പോർട്ടിൽ 146 രാജ്യങ്ങളിൽ 127 ാം സ്ഥാനത്താണ് ഇന്ത്യ. 14 വർഷമായി തുടർച്ചയായി ഒന്നാം റാങ്കിൽ തുടരുന്ന ഐസ്‌ലൻഡാണ് ലോകത്തിലെ ഏറ്റവും ലിംഗസമത്വമുള്ള രാജ്യം. ഇന്ത്യയുടെ അയൽ രാജ്യങ്ങളിൽ ബംഗ്ലാദേശ് (59), ഭൂട്ടാൻ (103), ചൈന (107), ശ്രീലങ്ക (115), നേപ്പാൾ (116) പാകിസ്ഥാൻ (142) എന്നിങ്ങനെയാണ് നില. സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് വേതന വ്യത്യാസമാണ്. ഈ വിടവ് ലോകമെമ്പാടും വ്യാപകമാണ്. തുല്യജോലിക്ക് സ്ത്രീകൾക്ക് ഇപ്പോഴും പുരുഷന്മാരേക്കാൾ കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്. തൊഴിൽപരമായ വേർതിരിവ്, അസമമായ അവസരങ്ങൾ, ലിംഗാധിഷ്ഠിത വേതന വിവേചനം എന്നിവയുൾപ്പെടെയുള്ള നിരവധി ഘടകങ്ങൾ ഇതിനു കാരണമാണ്. വിവാഹവും മാതൃത്വവും ഒരു ശിക്ഷയായി വനിതകൾക്ക് നേരിടേണ്ടി വരുന്നുവെന്നതാണ് മറ്റൊരു വസ്തുത. അമ്മയാകുമ്പോൾ അവരുടെ വരുമാനസാധ്യതയും തൊഴിൽ വസരങ്ങളും കുറയുന്നു. ജോലിയും കുടുംബ ഉത്തരവാദിത്വങ്ങളും സന്തുലിതമാക്കുന്നത് വലിയ വെല്ലുവിളിയായി തുടരുന്നു.

ഇന്ത്യയിലെ വനിതകളിൽ അഞ്ചിലൊരാൾ മാത്രമാണ് തൊഴിൽ രംഗത്ത് സജീവമായുള്ളത്. അതേ സമയം, പുരുഷന്മാരിൽ മൂന്നിൽ രണ്ടും തൊഴിലെടുക്കുന്നു. ആഗോള തൊഴിൽ സംഘടന നടത്തിയ പഠനത്തിൽ രാജ്യത്തെ വിവാഹിതരായ സ്ത്രീകൾക്ക് അവിവാഹിതരെ അപേക്ഷിച്ച് ജോലി സാധ്യത വളരെ കുറവാണ്. സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കോണമി

ഡാറ്റ സൂചിപ്പിക്കുന്നത് ഇന്ത്യയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 2005 ൽ 32 ശതമാനമായിരുന്നത് 2021 ൽ 19 ശതമാനമായി കുറഞ്ഞുവെന്നാണ്. ലോകബാങ്കിന്റെ കണക്ക് പ്രകാരം രാജ്യത്തെ സ്ത്രീകളുടെ തൊഴിൽപങ്കാളിത്ത നിരക്ക് 1990 ലെ 28.6 ൽ നിന്ന് 2020 ൽ 20.8 ശതമാനമായി ചുരുങ്ങി.

സ്വത്തിന്റെ വിതരണവുമായി ബന്ധപ്പെട്ട അസമത്വം രാജ്യത്ത് ഗുരുതരവും പ്രകടവുമാണ്. കേവലം ഒരു ശതമാനം പേർക്കാണ് സമൂഹത്തിലെ സ്വത്തിന്റെ 40.1 ശതമാനവും സ്വന്തമായുള്ളത്. വരുമാനത്തിന്റെയും സ്വത്തിന്റെയും പങ്കിടൽ സംബന്ധിച്ച് ആധുനിക കാലത്ത് നമ്മൾ ഏറ്റവും സുപ്രധാനമായി പറയുന്ന ഒന്നാണ് 'ട്രിക്കിൾഡൗൺ' പ്രക്രിയ എന്നത്. സ്വത്തും വരുമാനവും അവ സൃഷ്ടിക്കുന്നവരിലേക്ക് 'ചോർന്നു' കിട്ടുന്നുണ്ടോ? ഇല്ല എന്നതാണ് യാഥാർഥ്യം. 'ട്രിക്കിൾഡൗൺ' പ്രക്രിയ എന്നത് കോർപറേറ്റ് സാമ്പത്തിക ശാസ്ത്രത്തിന്റെ ഒരു മോഹന വാഗ്ദാനം മാത്രമാണ്. 2022-23 ൽ മൊത്തം ദേശീയ വരുമാനത്തിൽ 22.6 ശതമാനവും ചെന്നെത്തിയത് സമൂഹത്തിലെ ഉന്നതരായ കേവലം ഒരു ശതമാനം പേരുടെ നിയന്ത്രണത്തിലാണ്. ജനസംഖ്യയുടെ ഒരു ചെറിയ വിഭാഗം വരുന്ന കോർപറേറ്റുകളും അവരുടെ പാർശ്വവർത്തികളും ഐശ്വര്യപൂർണ്ണവും ആഡംബരപൂർവവുമായ ജീവിതം നയിക്കുന്നു. ബഹുഭൂരിഭാഗം വരുന്ന സമാന്യജനത അർഹമായ തൊഴിലവസരങ്ങളും വരുമാനവും നിഷേധിക്കപ്പെട്ട്, ക്ലേശകരമായ ജീവിതം തള്ളിനീക്കാൻ നിർബന്ധിതരാവുന്നു. ഈ വിതരണ മാതൃക ശക്തമായി ചോദ്യം ചെയ്യപ്പെടേണ്ടതും ചെറുക്കപ്പെടേണ്ടതുമാണ്.

2017-18 മുതൽ സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (MoSPI) നടത്തുന്ന ആനുകാലിക ലേബർ ഫോഴ്സ് സർവേ (PLFS) വഴിയാണ് തൊഴിലും തൊഴിലില്ലായ്മയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നത്. എല്ലാ വർഷവും ജൂലൈ മുതൽ ജൂൺ വരെയാണ് സർവെ കാലയളവ്. ലഭ്യമായ ഏറ്റവും പുതിയ വാർഷിക ജഘഎട റിപ്പോർട്ടുകൾ പ്രകാരം, 2017-18 മുതൽ 2022-23 വരെയുള്ള വർഷങ്ങളിൽ, 15 വയസ്സും അതിൽ കൂടുതലുമുള്ള സ്ത്രീകൾക്ക് സാധാരണ നിലയിലുള്ള തൊഴിലാളി ജനസംഖ്യാ അനുപാതവും (WPR) ലേബർ ഫോഴ്സ് പങ്കാളിത്ത നിരക്കും (LFPR) ഗണ്യമായി വർധിച്ചതായി ഡാറ്റ സൂചിപ്പിക്കുന്നു. 2022-23 കാലയളവിൽ ഇത്തരം സ്ത്രീ പങ്കാളിത്തം 37.0% ആയി ഉയർന്നു. ഔദ്യോഗിക കണക്കുകൾ ഇപ്രകാരമാണെങ്കിലും തൊഴിലിടങ്ങളിലെ സ്ത്രീ വിരുദ്ധത എന്ന യാഥാർഥ്യം പ്രകടമായി നമുക്ക് മുന്നിലുണ്ട്. കേരളത്തിൽ സിനിമ മേഖലയുമായി ബന്ധപ്പെട്ട് ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടും അത് വെളിച്ചത്തിലേക്കു കൊണ്ടുവന്ന കടുത്ത സ്ത്രീ വിരുദ്ധതയും ഇതോടൊപ്പം പറയേണ്ടത് തന്നെയാണ്.

ഇന്ത്യ ലോകത്തിലെ ഏറ്റവും ജനസാന്ദ്രതയേറിയ രാജ്യങ്ങളിലൊന്നാണ്. അതിനാൽ തന്നെ രാജ്യത്തിന്റെ ആവശ്യങ്ങൾ അളവിലും വിഭവങ്ങളിലും വ്യത്യസ്തവുമാണ്. ഉല്പാദനത്തിനും വളർച്ചയ്ക്കും ആവശ്യമായ മനുഷ്യാധ്വാനത്തിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. എന്നാൽ അത് സംഭവിക്കുന്നില്ല. കാരണം രാജ്യം കടന്നുപോകുന്നത് തൊഴിലുകളില്ലാത്ത വളർച്ചയുടെ വർത്തമാനത്തിലാണ്. അസമത്വങ്ങൾ തുടരുന്നത് സാമ്പത്തിക വികസനത്തിനുതന്നെ ഹാനികരമായിരിക്കും. വികസനത്തിനാവശ്യം മൂലധന നിക്ഷേപമാണ്. മൂലധന നിക്ഷേപത്തിന്റെ ഉറവിടം ജനതയുടെ സമ്പാദ്യമാണ്. സമ്പാദ്യം വേണമെങ്കിൽ വരുമാനം വേണം. വരുമാനം തൊഴിലിനെ ആശ്രയിച്ചാണിരിക്കുന്നത്. മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതിന് അനിവാര്യമായത് തൊഴിലവസര സൃഷ്ടിയാണ്. തൊഴിലും വരുമാനവും സൃഷ്ടിക്കാതെ വികസന പ്രക്രിയ മുന്നോട്ട് കൊണ്ടു പോകുകയോ മനുഷ്യജീവൻ നിലനിർത്തുകയോ ചെയ്യുക അസാധ്യമായിരിക്കും.

സാമൂഹിക സുരക്ഷക്ക് മുൻഗണന നൽകുന്ന കേരളാ മോഡൽ വികസനം തൊഴിലാളിക്ഷേമ നിയമങ്ങളിൽ അധിഷ്ഠിതമാണ്. തൊഴിലാളികളുടെ അതിജീവനവുമായി ബന്ധപ്പെട്ട് തൊഴിലാളിക്ഷേമ മേഖല വളരെ സുപ്രധാനവും നിർണ്ണായകവുമാണ്. ഈ ആഗോളീകരണ കാലഘട്ടത്തിൽ തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയുള്ള ആവശ്യങ്ങളോട് ദേശീയ സമ്പദ്വ്യവസ്ഥയുടെ സമീപനം തീർത്തും നിരാശാജനകമാണ്. രാജ്യത്തിന്റെ ഭരണകൂടം വിവക്ഷിക്കുന്ന തൊഴിൽ വർധനവ് എന്നത് അഭിവൃദ്ധി പ്രാപിക്കലല്ല; നിലനിൽപ്പിനുള്ള ജോലി കണ്ടെത്താനുള്ള ആളുകളുടെ പരിശ്രമമാണ്. ഇതിന് പിന്നിലുള്ളത് മൂലധനശക്തികൾക്ക് തങ്ങളുടെ വളർച്ച അധികരിക്കുന്നതിന് അനുകൂലമായ ബദൽ ഉൽപാദന രീതി സൃഷ്ടിച്ചെടുക്കുകയാണ്. സംഘടിത മേഖലയിൽ 'മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ' കൂടുതൽ ദുഷ്കരമാക്കുകയും യുവ തൊഴിലാളികൾക്ക് അനിശ്ചിതത്വം സൃഷ്ടിക്കുകയും ചെയ്യുന്ന വളർച്ചാ മാതൃകയാണ് ഇതിന് പിന്നിൽ. എന്നാൽ തികച്ചും വ്യത്യസ്തമായാണ് കേരളം പ്രതികരിച്ചിട്ടുള്ളത്. തൊഴിൽ വിപണിയുടെ മാറുന്ന ആവശ്യങ്ങളോട് ഒരു അവകാശാധിഷ്ഠിത സമീപനമാണ് കേരളം പിന്തുടർന്നിട്ടുള്ളത്. സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് തുല്യ സംഭാവനകൾ നൽകിയിട്ടുള്ള വ്യവസായ മേഖലയുടെയും ഒപ്പം വ്യക്തിഗത തൊഴിലാളികളുടെയും സർവതോമുഖ വളർച്ചയ്ക്ക് സഹായിക്കുന്ന രീതിയിലാണ് ഇടതു സർക്കാരുകൾ നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളത്. ഒരാൾക്ക് സ്വന്തം ഇഷ്ടപ്രകാരം ജോലി ചെയ്യാനുള്ള അവകാശം, വിവേചനത്തിനെതിരെയുള്ള അവകാശം, ബാലവേല തടയൽ, സാമൂഹ്യ സുരക്ഷിതത്വം, കൂലിയുടെ സംരക്ഷണം, പരാതികളുടെ പരിഹാരം, ട്രേഡ് യൂണിയനിൽ ചേരാനും സംഘടിക്കാനുമുള്ള അവകാശം, സംഘടിതമായുള്ള വിലപേശൽ, ഭരണത്തിലുള്ള പങ്കാളിത്തം എന്നിങ്ങനെ കേരളത്തിലെ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കാനുള്ള നിരന്തര ഇടപെടൽ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നു.

കാർഷിക കേരളത്തിന്റെ പ്രശ്നങ്ങൾക്ക് ഒരു നിയമസഭാ സമിതി

ഡോ. എൻ. ജയരാജ്, ഗവ. ചീഫ് വിപ്പ്

നിയമനിർമ്മാണ സഭാ ചരിത്രത്തിൽ 136 വർഷത്തെ പാരമ്പര്യമുൾക്കൊള്ളുന്ന കേരളത്തിന്റെ ജനാധിപത്യ സ്ഥാപനമായ നിയമസഭ രാജ്യത്തെ നിയമസഭകളിൽ സുപ്രധാന സ്ഥാനത്താണ്. പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും മാതൃകയായി കാലോചിതമായ നിയമനിർമ്മാണങ്ങളിലൂടെ കേരള നിയമസഭ ശ്രദ്ധയാകർഷിച്ചു. ആധുനിക കാലത്തെ വൈവിധ്യമാർന്ന ജനകീയ പ്രശ്നങ്ങളെ കൂടി സഭ പരിഗണിക്കുന്ന തരത്തിലാണ് അതിലെ നടപടിക്രമം രൂപപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നിയമനിർമ്മാണ, ഭരണ നിർവ്വഹണ, ക്ഷേമ പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് ആഴത്തിൽ ചർച്ച ചെയ്യുന്നതിന് പലപ്പോഴും നമ്മുടെ സഭയ്ക്ക് പരിമിതികളുണ്ട്.

സഭയുടെ മുമ്പാകെ വരുന്ന പ്രത്യേക വിഷയങ്ങളിന്മേലുള്ള ചർച്ചകളിൽ സമയക്കുറവുമൂലം അംഗങ്ങളെല്ലാവരും പങ്കെടുക്കുക എന്നത് അപ്രായോഗികമാണ്. ഒരു പരിധി വരെ ഇത് മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് സഭാ സമിതികൾ പ്രവർത്തിക്കുന്നത്. അംഗസംഖ്യ കുറവായതുകൊണ്ടും യോഗം കൂടുന്നതിന് സമയപരിധി ഇല്ലാത്തതിനാലും ചർച്ചകൾക്ക് കൂടുതൽ സമയം ലഭിക്കുന്നതുകൊണ്ടും ബില്ലുകളും മറ്റും ആഴത്തിൽ പഠിക്കുന്നതിനും ആവശ്യമെങ്കിൽ ജനങ്ങളിൽ നിന്നും പരാതി നേരിട്ട് കേട്ട് അഭിപ്രായം സ്വരൂപിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ സഭ മുമ്പാകെ റിപ്പോർട്ടു സമർപ്പിക്കുന്നതിനും സമിതികൾക്കാകും. അതുകൊണ്ടാണ് നിയമസഭയുടെ ഒരു മിനിയേച്ചറായി സഭാ സമിതികളെ പരിഗണിക്കുന്നത്. നിയമസഭ അതിന്റെ പൂർണ്ണതയിൽ എത്തുന്നത് സഭാ സമിതികളുടെ ഉത്തരവാദിത്തങ്ങൾ കാര്യക്ഷമമായി നിറവേറ്റപ്പെടുമ്പോഴാണ്. കേരളത്തിൽ ഇത്തരം സമിതികളുടെ രൂപീകരണത്തിന് 136 കൊല്ലത്തെ പാരമ്പര്യമുണ്ട്. 1888 ലെ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ ബില്ലുകളുടെ വിശദമായ പഠനത്തിനായി ഒരു സെലക്ട് കമ്മിറ്റി രൂപീകരിച്ചതോടെയാണ് ഇതിന്റെ തുടക്കം.

മതിയായ അധികാരവും കടമകളുമുള്ള സമിതി ഒന്നാം കേരള നിയമസഭ മുതൽ പ്രവർത്തിക്കുന്നുണ്ട്. 1957 ആഗസ്റ്റ് 22 ന് രൂപീകൃതമായ കാര്യോപദേശക സമിതിയാണ് ഈ ഗണത്തിലെ ആദ്യ നിയമസഭാ സമിതി. തുടർന്നിങ്ങോട്ട് വിവിധ ധനകാര്യ സമിതികൾ, വിവിധ ക്ഷേമ സമിതികൾ, സഭയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സമിതി തുടങ്ങി മുപ്പത്തിയേഴു സമിതികളാണ്

നാളിതുവരെ രൂപീകൃതമായിട്ടുള്ളത്. ധനകാര്യ സമിതികൾ കൂടാതെ വിവിധ വിഭാഗത്തിൽപ്പെട്ടവരുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ക്ഷേമസമിതികൾ നൽകുന്ന പഠന റിപ്പോർട്ടുകളും സർക്കാർ സംവിധാനത്തെ സൂക്ഷ്മമായി അപഗ്രഥിച്ച് ക്രിയാത്മക നിർദേശം നൽകികൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. കാലാകാലങ്ങളിലെ ആവശ്യങ്ങൾക്കനുസരിച്ച് പുതിയ മേഖലകളുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതികളുടെ പ്രവർത്തനങ്ങളും വൈപുല്യവും ക്രിയാത്മകമാക്കുന്ന കാര്യത്തിൽ നമ്മുടെ നിയമസഭ എന്നും മാതൃകയാണ്.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരത്തിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനും പ്രത്യേകമായി നിയമസഭാ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡറുകൾ, ഭിന്നശേഷിക്കാർ, യുവാക്കൾ, മുതിർന്ന പൗരന്മാർ, പ്രവാസികൾ, പട്ടികജാതി/പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗക്കാർ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിലുള്ളവർക്ക് ആശ്വാസം നൽകുന്നതിനായി നിയമസഭാംഗങ്ങളടങ്ങുന്ന വിവിധ സമിതികൾ പ്രശംസനീയമായ നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾ, പ്രവാസി മലയാളികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയവരുടെ ക്ഷേമം സംബന്ധിച്ച സമിതികളാണ് അവസാനമായി ഈ ഗണത്തിൽ കൂട്ടിച്ചേർക്കപ്പെട്ടത്. എന്നാൽ കേരളത്തിലെ അടിസ്ഥാന ജനവിഭാഗമായ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമം മുൻനിർത്തി ഒരു സഭാ സമിതിയും രൂപീകരിച്ചിട്ടില്ല. നാടിന്റെ നട്ടെല്ലായ കർഷകരുടെ പ്രശ്നങ്ങൾ മറ്റു പല സമിതികളുടെയും മുൻപിൽ പല രൂപത്തിൽ കടന്നുവരാറുണ്ടെങ്കിലും കർഷകപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയെന്ന ദൗത്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു സമിതിയുടെ അനിവാര്യത വളരെ വലുതാണ്. കാർഷിക പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടാനും അത് കരുത്തുപകരും.

സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ കാർഷിക മേഖലയുടെ പങ്ക് വളരെ വലുതാണ്. കർഷകരുടെ ക്ഷേമം ലക്ഷ്യമിട്ടും കാർഷിക അഭിവൃദ്ധി കൈവരിക്കുന്നതിനും ഒട്ടേറെ കർമ്മ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നു. കാർഷിക വികസന പരിപാടികൾ, കാർഷിക വളർച്ചാ നിരക്ക്, പുനരുജ്ജീവനം, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കാർഷികോൽപന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തൽ, ഓൺലൈൻ മാർക്കറ്റിംഗ്, കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ, വിള ഇൻഷ്വറൻസ്, കാർഷിക വായ്പ, വന്യജീവി ആക്രമണംമൂലം ജീവനും സ്വത്തിനും ഹാനി സംഭവിക്കുന്ന കർഷകർക്ക് ആശ്വാസം നൽകൽ തുടങ്ങി ഒട്ടേറെ വിഷയങ്ങൾ നിയമസഭാ തലത്തിൽ പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും അത്തരം വിഷയങ്ങൾ കൂടുതൽ ആഴത്തിൽ പഠനവിധേയമാക്കുന്നതിനും പ്രശ്നപരിഹാരത്തിനുള്ള ക്രിയാത്മക നിർദേശങ്ങൾ സർക്കാരിന് മുമ്പാകെ വയ്ക്കുന്നതിനും വിവിധ കാർഷിക പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനും നിയമസഭാംഗങ്ങളടങ്ങുന്ന ഒരു സമിതി ആവശ്യമാണ്.

കർഷകർക്കുവേണ്ടിയുള്ള വിവിധ പദ്ധതികൾ, ക്ഷേമ ബോർഡുകൾ, അക്കാദമിക സംവിധാനം തുടങ്ങിയവയുടെ നടത്തിപ്പും നടപടിക്രമങ്ങളിലെ പോരായ്മകളും വിശാലമായ അർഥത്തിൽ കൈകാര്യം ചെയ്യപ്പെടേണ്ടതാണ്. കാലാവസ്ഥ വ്യതിയാനമുൾപ്പെടെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എണ്ണിയാലൊടുങ്ങാത്തവയാണ്. കാർഷിക വായ്പകളുമായി ബന്ധപ്പെട്ട പദ്ധതികൾ, കീടനാശിനി പ്രയോഗത്തിന്റെ അനന്തരഫലങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങി പരിഗണിക്കപ്പെടാതെ പോകുന്ന വിഷയങ്ങൾ ഏറെയുണ്ട്. നമ്മുടെ കാർഷിക നയത്തിന് രൂപം നൽകിയിട്ട് കാലമേറെയായിട്ടും അവയിൽ ഭൂരിഭാഗവും ഇപ്പോഴും നടപ്പാക്കാൻ ബാക്കി നിൽക്കുന്നു. ഇങ്ങനെ വൈവിധ്യമായ പ്രശ്നങ്ങളുടെ സങ്കീർണ്ണതകൾ ശരിയാംവണ്ണം പഠിക്കുവാനും അവയ്ക്ക് പ്രശ്നപരിഹാരം നിർദേശിക്കുവാനുമുള്ള ശക്തമായ ഒരു സംവിധാനമായിരിക്കും നിയമസഭാ സമിതി.

എല്ലായ്പ്പോഴും കർഷകരെ ചേർത്തുപിടിക്കുന്ന കേരള നിയമസഭയ്ക്ക് 'കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമസമിതി' എത്രയുംവേഗം പ്രാവർത്തികമാക്കി മറ്റൊരു മാതൃകയുടെ പൊൻതൂവൽ കൂടി ചാർത്താൻ കഴിയട്ടെ!

ഇന്ത്യൻ ഭരണഘടനയുടെ ചരിത്രാത്മക സ്വാധീനങ്ങളും വികാസവും



ഡോ. എൻ. കൃഷ്ണ കുമാർ, നിയമസഭാ സെക്രട്ടറി

ലോകത്തെ നിരവധി സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കുകളിൽ മുക്കാൽ നൂറ്റാണ്ടിന്റെ ചരിത്രം പേറുന്ന ഇന്ത്യൻ ഭരണഘടന, കോളനിവൽക്കരണത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കുള്ള ഇന്ത്യയുടെ പരിവർത്തനത്തെയും ആധുനിക കാലഘട്ടത്തിൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സ്വാതന്ത്ര്യ വാഞ്ഛയെയും ഒരുപോലെ പ്രതിഫലിപ്പിക്കുന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരായി 18 ാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ രൂപംകൊണ്ട ചെറുസമരങ്ങൾ മുതൽ ക്വിറ്റ് ഇന്ത്യ പ്രക്ഷോഭം വരെയുള്ള ചെറുതും വലുതുമായ ഓരോ ഘട്ടങ്ങളും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് കാട്ടിത്തന്ന ആശയങ്ങൾ ഒരു സ്വതന്ത്ര പരമാധികാര രാജ്യത്തിലെ ജനങ്ങളുടെ ക്ഷേമവും ആവശ്യങ്ങളും പ്രതീക്ഷകളും നിലനിർത്തുന്ന തരത്തിൽ ഭരണഘടനയുടെ അലകും പിടിയും രൂപീകരിക്കാൻ അതിന്റെ ശില്പികൾക്ക് പ്രേരകമായി.

രാഷ്ട്രത്തിന്റെ മാറുന്ന ആവശ്യങ്ങൾക്കും കാലഘട്ടം അനിവാര്യമാക്കുന്ന പുരോഗമന സാഹചര്യങ്ങൾക്കും അധിഷ്ഠിതമായി സ്വയം നവീകരിക്കാൻ കഴിയുന്ന ഒരു ചലനാത്മക രേഖയായാണ് ഇന്ത്യൻ ഭരണഘടനയെ രൂപവൽക്കരിച്ചിരിക്കുന്നത്; അതായത് സ്റ്റാറ്റിക് ആയി അല്ല, മറിച്ച് ചലനാത്മകമായാണ് ഭരണഘടന തയ്യാറാക്കിയിരിക്കുന്നത്. അടിസ്ഥാന മൂല്യങ്ങളായ മനുഷ്യാവകാശം, സമത്വം, സാമൂഹ്യ നീതി, നിയമവാഴ്ച എന്നിവയിൽ വിട്ടുവിഴ്ചയില്ലാത്ത നിലപാടുകളിലധിഷ്ഠിതമായ ഒരു രേഖയായി നിൽക്കുമ്പോഴും കേന്ദ്രസംസ്ഥാന അധികാരങ്ങളെക്കുറിച്ചുള്ള ഏറ്റവും സൂക്ഷ്മമായ വിശകലനങ്ങളും സാംസ്കാരികവും ഭാഷാപരവും വർഗപരവുമായ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന ഒരു ചട്ടക്കൂടും ഭരണഘടന അസംബ്ലി ഇതിനായി സജ്ജീകരിച്ചിരിക്കുന്നു. മാറുന്ന കാലഘട്ടത്തിന്റെ ആവശ്യകതകൾക്കനുസരിച്ച് പാർലമെന്റിന് ഭേദഗതികൾ നിർദേശിക്കാനും അവ പാസാകുന്നപക്ഷം അവയുടെ സാധുത പരിശോധിക്കാൻ പരമോന്നത നീതിപീഠത്തിന് പരമാധികാരവും നൽകുന്നത് വഴി ഭരണഘടനയുടെ അടിസ്ഥാനപരമായ ചട്ടക്കൂടും മൂല്യങ്ങളും നിലനിർത്തുവാനും വിഷയാധിഷ്ഠിതമായി വഴക്കത്തോടെ നിൽക്കാനും ഭരണഘടനയ്ക്ക് കഴിയുന്നുണ്ട്.

ഭരണഘടനാ രൂപകല്പനയിൽ ആഗോളതലത്തിലുള്ള മികച്ച സമ്പ്രദായങ്ങളുടെ ആഴത്തിലുള്ള സ്വാധീനമുണ്ട്. ബ്രിട്ടീഷ് പാർലമെന്ററി സമ്പ്രദായം, ഫെഡറലിസത്തിന്റെ അമേരിക്കൻ മോഡൽ, ഐറിഷ് നിർദ്ദേശക തത്വങ്ങൾ എന്നിവയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ഇന്ത്യയുടെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ ഒരു ബൃഹത്തായ രേഖയാണ് അതിന്റെ നിർമ്മാതാക്കൾ തയ്യാറാക്കിയത്. ഭരണഘടന മൗലികാവകാശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും നിർദ്ദേശക തത്വങ്ങൾ വഴി സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു. മാനവികത, സമത്വം എന്നീ ആഗോള ആശയങ്ങളോടുള്ള ശക്തമായ പ്രതിബദ്ധതയാണ് ഇത് കാണിക്കുന്നത്.

ഭരണഘടന ഉറപ്പാക്കുന്ന പ്രതിബദ്ധത

പട്ടികജാതി, പട്ടികവർഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ സംരക്ഷണത്തിനുള്ള നടപടികൾ ഉൾപ്പെടെ സാമൂഹിക നീതിക്കും അനുകൂലമായ നടപടിക്കുമുള്ള ഭരണഘടനയുടെ വ്യവസ്ഥകൾ പ്രത്യേകം ശ്രദ്ധേയമാണ്. ഈ വ്യവസ്ഥകൾ ചരിത്രപരമായ അസമത്വങ്ങൾ പരിഹരിക്കുകയും നിയമ, ഭരണഘടനാപരമായ ഉറപ്പുകൾ നൽകുകയും ചെയ്യുന്നു. നിർദ്ദേശക തത്വങ്ങളിലെ ക്ഷേമ രാഷ്ട്രം എന്ന ആശയം, അവശത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനും എല്ലാ പൗരന്മാർക്കും ന്യായമായ വികസനം ഉറപ്പാക്കുന്നതിനുമുള്ള പ്രതിബദ്ധതയെ എടുത്തുകാണിക്കുന്നു.

ഇന്ത്യൻ ഭരണഘടന മതേതരത്വം, ജനാധിപത്യം, നിയമവാഴ്ച എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു, അതിന്റെ വൈവിധ്യത്തെ മാനിച്ചുകൊണ്ട് ഒരു ഏകീകൃത രാഷ്ട്രം സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. ഇന്ത്യയെ ഒരു മതേതര റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്നതിലൂടെ, മതപരമായ കാര്യങ്ങളിൽ ഭരണകൂടം നിഷ്പക്ഷത പാലിക്കുന്നു, ഐക്യവും സഹിഷ്ണുതയും പ്രോത്സാഹിപ്പിക്കുന്നു. ഭരണഘടന സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നു, മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നു, സജീവ പൗര പങ്കാളിത്തവും ഉത്തരവാദിത്തവും ഉള്ള ശക്തമായ ജനാധിപത്യത്തെ പിന്തുണയ്ക്കുന്നതിന് ജുഡീഷ്യൽ സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നു.

ചുരുക്കത്തിൽ, ഇന്ത്യൻ ഭരണഘടന ഒരു നിയമപരമായ രേഖ മാത്രമല്ല; അത് രാജ്യത്തിന്റെ ചരിത്രം, ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാട്, ന്യായവും ജനാധിപത്യപരവുമായ സമൂഹത്തോടുള്ള പ്രതിബദ്ധത എന്നിവയെ പ്രതിഫലിപ്പിക്കുന്നു. തുല്യത, നീതി, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ചു നിൽക്കുമ്പോൾ രാജ്യത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കൊപ്പം ഇത് വികസിക്കുന്നു. ആഗോള സമ്പ്രദായങ്ങൾ ഉൾക്കൊള്ളാനും സാമൂഹിക അസമത്വങ്ങൾ പരിഹരിക്കാനും വൈവിധ്യമാർന്ന ഒരു ജനതയെ ഒന്നിപ്പിക്കാനുമുള്ള ഭരണഘടനയുടെ കഴിവ് അതിനെ ആധുനിക ഭരണത്തിന്റെ ശക്തമായ ഉദാഹരണമാക്കുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരം ഭരണഘടനയെ ആഴത്തിൽ സ്വാധീനിച്ചു, അത് രാജ്യത്തിന്റെ വെല്ലുവിളികളെയും ലക്ഷ്യങ്ങളെയും പ്രതിഫലിപ്പിക്കുന്ന ഒരു വഴക്കമുള്ള രേഖയാക്കി മാറ്റി. ഭരണഘടനയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിച്ച ചരിത്രപരമായ സംഭവങ്ങൾ താഴെ പറയും പ്രകാരമാണ്.

ആദ്യകാല ചെറുത്തുനിൽപ്പും ഐക്യത്തിനുള്ള ആവശ്യവും

1775 മുതൽ 1800 വരെ ഇന്ത്യയിലെ ഭരണാധികാരികൾ ബ്രിട്ടീഷുകാർക്കെതിരെ വിവിധ തരം പ്രതിരോധങ്ങൾ നടത്തി. മഹാദ്ജി ഷിൻഡെ, മഹാരാജ രഞ്ജിത് സിംഗ് തുടങ്ങിയ നേതാക്കൾ നയിച്ച പോരാട്ടങ്ങൾ ഐക്യത്തിന്റെ ആവശ്യകതയും സഹകരണത്തിന്റെ പ്രാധാന്യവും വ്യക്തമാക്കി. ഈ ചരിത്രപരമായ അനുഭവം ഇന്ത്യയുടെ ഭരണഘടനയിൽ ദേശീയ ഐക്യം ഉറപ്പാക്കുന്നതിനുള്ള കേന്ദ്രഭരണവ്യവസ്ഥ രൂപപ്പെടുത്തുന്നതിൽ പങ്കുവഹിച്ചു. ഇതിലൂടെ ഫെഡറൽ ഘടനയിൽ കേന്ദ്ര സർക്കാരിന് നിർണായക അധികാരങ്ങൾ ലഭിക്കുകയും, സംസ്ഥാനങ്ങൾക്ക് സ്വയംഭരണാവകാശം ഉറപ്പാക്കുകയും ചെയ്തു.

1857 ലെ വിപ്ലവവും പ്രാതിനിധ്യത്തിന്റെ ആവശ്യവും

1857 ലെ സ്വാതന്ത്ര്യസമരം ഒരു കൂട്ടായ പ്രക്ഷോഭത്തിന്റെ ശക്തിയെയും അനൈക്യത്തിന്റെ അപകടങ്ങളെയും അടിവരയിടുന്നു. ഇതിന്റെ അനുഭവങ്ങൾ ഭരണഘടനയുടെ രൂപകല്പനയിൽ വിവിധരീതിയിൽ സ്വാധീനിച്ചു:

ശക്തമായ കേന്ദ്രത്തോടുകൂടിയ ഫെഡറലിസം: കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള അധികാരം സന്തുലിതമാക്കാൻ രൂപകർത്താക്കൾ ശ്രദ്ധിച്ചു, സംസ്ഥാനങ്ങളെ ഫലപ്രദമായി ഭരിക്കാൻ അനുവദിക്കുമ്പോൾ തന്നെ ശിഥിലീകരണം തടയാൻ കേന്ദ്ര സർക്കാരിന് മതിയായ അധികാരമുണ്ടെന്ന് ഉറപ്പുവരുത്തി. ശക്തമായ ഒരു കേന്ദ്ര അധികാരമുള്ള സംസ്ഥാനങ്ങളുടെ ഒരു യൂണിയനായി ഇന്ത്യ പ്രവർത്തിക്കുന്ന ഒരു ക്വാസിഫെഡറൽ സംവിധാനത്തിലേക്ക് ഇത് നയിച്ചു.

മൗലികാവകാശങ്ങൾക്ക് ഊന്നൽ: കോളനിവാഴ്ചയിലെ കടുത്ത പീഡനങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട്, സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് പൗരന്മാരെ സംരക്ഷിക്കുന്നതിനും, അവരുടെ പ്രദേശമോ സമൂഹമോ പരിഗണിക്കാതെ എല്ലാവർക്കും പ്രാതിനിധ്യവും നീതിയും ഉറപ്പാക്കുന്നതിനുള്ള മൗലികാവകാശങ്ങൾക്ക് ഭരണഘടന ഊന്നൽ നൽകുന്നു.

അഹിംസാധിഷ്ഠിത പ്രതിരോധവും മാർഗനിർദ്ദേശക തത്വങ്ങളുടെ പങ്കും

1885 മുതൽ 1935 വരെയുള്ള സമാധാനപരമായ അനുനയത്തിന്റെ ഘട്ടം ഭരണഘടനയുടെ പ്രത്യയശാസ്ത്രത്തെ രൂപപ്പെടുത്തി, പ്രത്യേകിച്ച് ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനികളുടെ പ്രവർത്തനത്തിലൂടെ ക്രമാനുഗതവും അഹിംസാത്മകവുമായ മാറ്റത്തിന് ഊന്നൽ നൽകി:

മാർഗനിർദ്ദേശക തത്വങ്ങൾ: സാമൂഹ്യസാമ്പത്തിക പുരോഗതിക്ക് പ്രാധാന്യം നൽകിയ ഈ കാലഘട്ടം ക്ഷേമരാഷ്ട്രം സൃഷ്ടിക്കുന്നതിനായുള്ള മാർഗനിർദ്ദേശക തത്വങ്ങൾ രൂപപ്പെടുത്തുന്നതിൽ പ്രചോദനമായിത്തീർന്നു. ഇന്ത്യ ഒരു പുതിയ റിപ്പബ്ലിക് ആയതിനാൽ, പ്രായോഗികമായ ഭരണവുമായി അനുയോജ്യമായ ലക്ഷ്യങ്ങൾ സന്തുലിതമാക്കിക്കൊണ്ട് ഈ തത്ത്വങ്ങൾ തുടക്കത്തിൽ നടപ്പിലാക്കാൻ പറ്റാത്തതായിരുന്നു.

അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും: വ്യക്തിഗത അവകാശങ്ങളിലും കൂട്ടായ ക്ഷേമത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഗാന്ധിയൻ തത്ത്വചിന്ത, സാമൂഹികസാമ്പത്തിക അവകാശങ്ങളെ മാർഗനിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെടുത്തുന്നതിൽ സ്വാധീനം ചെലുത്തി. വിദ്യാഭ്യാസത്തിനുള്ള അവകാശം പോലെയുള്ള ചില തത്ത്വങ്ങൾ നടപ്പിലാക്കാൻ കഴിയുന്ന തരത്തിലുള്ള ഭേദഗതികൾക്ക് ഇത് പിന്നീട് പ്രചോദനമായി.

രണ്ടാം ലോകമഹായുദ്ധവും നാവികകലാപവും വിഭജനവും

1935 മുതൽ 1947 വരെയുള്ള കാലഘട്ടം ഭരണഘടനയുടെ ഘടന രൂപപ്പെടുത്തുന്നതിൽ നിർണായകമായി.

ആപത് വ്യവസ്ഥകൾ: 1946 ലെ നാവിക കലാപം പോലുള്ള കലാപങ്ങളിൽ ബ്രിട്ടീഷുകാരുടെ നിലപാട് ആഭ്യന്തര പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കേന്ദ്രത്തിന് അധികാരം നൽകേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി.

മതേതരത്വവും സമുദായ ഐക്യവും: മതപരമായ വിഭജനത്തിൽ നിന്ന് ഉടലെടുത്ത അതിശക്തമായ ആഘാതം ഭരണഘടനയുടെ മതനിരപേക്ഷ സ്വഭാവത്തെ സാരമായി സ്വാധീനിച്ചു. മതപരമായ സംഘർഷം ആവർത്തിക്കാതിരിക്കാൻ, എല്ലാ മതങ്ങളോടും തുല്യ പരിഗണനയും മതപരമായ കാര്യങ്ങളിൽ ഭരണകൂടത്തിന്റെ നിഷ്പക്ഷ നിലപാടും ഊന്നിപ്പറഞ്ഞുകൊണ്ട്, മതേതരത്വത്തെ പ്രതിഷ്ഠിച്ചു.

മൗലിക കർത്തവ്യങ്ങളും പരമാധികാരം സംരക്ഷിക്കലും: സ്വാതന്ത്ര്യത്തിനു മുമ്പുള്ള വെല്ലുവിളികളിൽ നിന്ന് പാഠം ഉൾക്കൊണ്ട്, രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്തുന്നതിനുള്ള പൗരന്മാരുടെ കടമകൾക്ക് ഊന്നൽ നൽകുന്നതിന് 42 ാം ഭേദഗതിയിൽ അവതരിപ്പിച്ച മൗലിക കർത്തവ്യങ്ങളും ഭരണഘടന ഉൾപ്പെടുത്തിയിട്ടുണ്ട്.

ബ്രിട്ടീഷ് സ്വാധീനത്തിൽ നിന്നുള്ള മാറ്റം

സ്വാതന്ത്ര്യാനന്തര ഇന്ത്യ, ബ്രിട്ടീഷ് കൊളോണിയൽ ചട്ടക്കൂടുകളിൽ നിന്ന് ക്രമേണ മാറുന്നത് സാക്ഷ്യം വഹിച്ചു:

ജനാധിപത്യ ഘടനയും പാർലമെന്ററി പരമാധികാരവും: പാർലമെന്റ് പരമോന്നതമായ ബ്രിട്ടീഷ് പാർലമെന്ററി പരമാധികാരത്തിൽ നിന്ന് വ്യത്യസ്തമായി, ഇന്ത്യൻ ഭരണഘടന അതിനെത്തന്നെ പരമോന്നതമായി പ്രതിഷ്ഠിക്കുന്നു, സർക്കാർ അധികാരങ്ങൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് രേഖാമൂലമുള്ള ചട്ടക്കൂട് സൃഷ്ടിക്കുന്നു. ഭരണഘടന ലംഘിക്കുന്ന നിയമങ്ങൾ അവലോകനം ചെയ്യാനും അസാധുവാക്കാനും കഴിയുന്ന ശക്തമായ ജുഡീഷ്യറിയിലൂടെ, പ്രത്യേകിച്ച് സുപ്രീം കോടതിയിലൂടെ ഈ മാറ്റം പരിശോധനയും സന്തുലിതാവസ്ഥയും ഉറപ്പാക്കുന്നു.

ജുഡീഷ്യറിയുടെ പരിണാമം: ഭരണഘടനയുടെ ചലനാത്മക സ്വഭാവത്തിൽ ജുഡീഷ്യറിയുടെ പങ്ക് പ്രകടമാണ്. ഭരണഘടനയെ വ്യാഖ്യാനിക്കാനുള്ള സുപ്രീം കോടതിയുടെ അധികാരവും അടിസ്ഥാന ഘടനാ സിദ്ധാന്തം (കേശവാനന്ദഭാരതി vs സ്റ്റേറ്റ് ഓഫ് കേരള) പോലുള്ള സിദ്ധാന്തങ്ങളുടെ പരിണാമവും ജനാധിപത്യം, മതേതരത്വം, ഫെഡറലിസം തുടങ്ങിയ ചില അടിസ്ഥാന തത്വങ്ങൾ പാർലമെന്റിന് പോലും മാറ്റാൻ കഴിയില്ലെന്ന് ഉറപ്പാക്കുന്നു. ബ്രിട്ടീഷ് വ്യവസ്ഥിതിയുടെ അലിഖിതവും കർക്കശവുമായ പാരമ്പര്യങ്ങളിൽ നിന്ന് വ്യത്യസ്തമായി, അതിന്റെ അടിസ്ഥാന മൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് ഭരണഘടനയെ മാറ്റാൻ ഈ വഴക്കം അനുവദിക്കുന്നു.

ഭരണഘടനാ ഭേദഗതികളും പൊരുത്തപ്പെടുത്തലും: ഇന്ത്യൻ ഭരണഘടനയിൽ വ്യക്തമായ ഒരു ഭേദഗതി പ്രക്രിയ ഉൾപ്പെടുന്നു, അത് കാലത്തിനനുസരിച്ച് മാറാൻ അനുവദിക്കുന്നു. സംസ്ഥാനങ്ങൾക്ക്

കൂടുതൽ സ്വയംഭരണാവകാശം നൽകുക, അവകാശങ്ങൾ വിപുലീകരിക്കുക, സാമൂഹ്യനീതി ഉറപ്പാക്കുക തുടങ്ങിയ സുപ്രധാന ഭേദഗതികൾ ഭരണഘടനയുടെ ജൈവികവും പൊരുത്തപ്പെടാവുന്നതുമായ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു.

ഒരു ജീവനുള്ള രേഖയായി ഭരണഘടന

ഇന്ത്യൻ ഭരണഘടനയുടെ പൊരുത്തപ്പെടുത്തൽ ഇന്ത്യയുടെ ചരിത്രം, വഴക്കമുള്ള ഭരണത്തിന്റെ ആവശ്യകത, കൊളോണിയൽ കാലഘട്ടത്തിൽ നിന്നുള്ള പാഠങ്ങൾ എന്നിവയിൽ നിന്നാണ് ഉൾത്തിരിഞ്ഞത്. ഇന്ത്യ ഒരു കൊളോണിയൽ വ്യവസ്ഥയിൽ നിന്ന് ഒരു സ്വതന്ത്ര റിപ്പബ്ലിക്കിലേക്ക് മാറിയപ്പോൾ, താഴെ പറയുന്ന ആശയങ്ങൾ ഭരണഘടനയിൽ ഉൾക്കൊള്ളിക്കാൻ വളരെയധികം ശ്രദ്ധചെലുത്തിയിരുന്നു.

രാഷ്ട്രത്തോടൊപ്പം വളരുക: ജുഡീഷ്യൽ വ്യാഖ്യാനങ്ങൾ, നിയമനിർമ്മാണ ഭേദഗതികൾ, വികസിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ സമ്പ്രദായങ്ങൾ എന്നിവയിലൂടെ ഭരണഘടന പ്രസക്തമായി തുടരുന്നു. കീഴ്‌വഴക്കങ്ങളെ ആശ്രയിക്കുന്ന ബ്രിട്ടീഷ് ഭരണഘടനയിൽ നിന്ന് വ്യത്യസ്തമായി, വ്യക്തമായ നിർദേശം നൽകുകയും ആവശ്യമായ മാറ്റങ്ങൾ അനുവദിക്കുകയും ചെയ്യുന്ന ഒരു ലിഖിത രേഖയാണ് ഇന്ത്യൻ ഭരണഘടന.

സാമൂഹിക നീതി പ്രോത്സാഹിപ്പിക്കുക: കൊളോണിയൽ അനുഭവം സാമൂഹിക അസമത്വങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. തൽഫലമായി, ഭരണഘടന സാമൂഹിക നീതിയിൽ ആഴത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, അനുകൂലമായ പ്രവർത്തനത്തിനും പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങളുടെ സംരക്ഷണത്തിനുമുള്ള വ്യവസ്ഥകളുമുണ്ട്.

ജനാധിപത്യ ഭരണം ഉറപ്പാക്കുക: ഇന്ത്യയുടെ കൊളോണിയൽ ചരിത്രം, സാർവത്രിക വോട്ടവകാശത്തിലും ന്യായമായ തിരഞ്ഞെടുപ്പുകളിലും കാണുന്ന, ജനങ്ങൾക്ക് അധികാരമുള്ള ഒരു ജനാധിപത്യത്തിന്റെ ആവശ്യകത എടുത്തുകാണിക്കുന്നു.

ചരിത്രപരമായ വികാസം, കോളനിവാഴ്ചയുടെ അനുഭവങ്ങൾ, വൈവിധ്യമാർന്ന രാഷ്ട്രത്തെ ഒന്നിപ്പിക്കുക എന്നിവയുടെ ഫലമായാണ് ഇന്ത്യൻ ഭരണഘടനയുടെ ചലനാത്മക സ്വഭാവം രൂപപ്പെട്ടത്. ആഗോള മാതൃകകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ഇന്ത്യയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ രൂപത്തിലാണ് ഇത് രൂപപ്പെടുത്തിയത്. ഇന്ത്യ മാറുന്നതിനനുസരിച്ച്, ഭരണഘടന ഭേദഗതികളിലൂടെയും കോടതി വിധികളിലൂടെയും സാമൂഹിക മാറ്റങ്ങളിലൂടെയും വികസിക്കുന്നു, ഇത് ഭരണഘടനയെ രാജ്യത്തിന്റെ ഭൂതകാലവും വർത്തമാനവും ഭാവി ലക്ഷ്യങ്ങളും പ്രതിഫലിപ്പിക്കുന്ന ഒരു ജീവനുള്ള രേഖയാക്കി മാറ്റുന്നു.

നിയമസഭ മാധ്യമ പുരസ്കാരം

2024ലെ കേരള നിയമസഭ മാധ്യമ അവർഡുകൾ പ്രഖ്യാപിച്ചു. പൊതു സമൂഹത്തെ സ്വാധീനിക്കുകയും ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത മികച്ച അന്വേഷണാത്മക മാധ്യമ പ്രവർത്തനത്തിനുള്ള ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിന് അച്ചടി മാധ്യമ വിഭാഗത്തിൽ മാതൃഭൂമി തൊഴിൽ വാർത്തയിൽ പ്രസിദ്ധീകരിച്ച 'കേന്ദ്ര സർവീസ് നിയമന കണക്കിലെ ഒളിച്ചുകളികൾ' എന്ന പരമ്പരയിലൂടെ എം. എസ്. രാഖേഷ് കൃഷ്ണനും ഇതേ വിഭാഗത്തിൽ ദൃശ്യമാധ്യമ രംഗത്ത് ഏർപ്പെടുത്തിയിട്ടുള്ള കെ. ആർ. ഗൗരിയമ്മ നിയമസഭാ മാധ്യമ അവാർഡിന് ഏഷ്യാനെറ്റ് ന്യൂസിലെ ഷാഫീഖാൻ എസും അർഹരായി. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിനുതകുന്ന മികച്ച മാധ്യമ സൃഷ്ടികൾക്ക് നൽകി വരുന്ന ആർ. ശങ്കരനാരായണൻ തമ്പി മാധ്യമ അവാർഡ് അച്ചടി മാധ്യമ വിഭാഗത്തിൽ മലയാള മനോരമ ചീഫ് റിപ്പോർട്ടർ എൻ.പി.സി. രംജിതിനും ഈ വിഭാഗത്തിൽ ദൃശ്യമാധ്യമ രംഗത്ത് നൽകുന്ന സി. അച്യുതമേനോൻ മാധ്യമ അവാർഡ് മാതൃഭൂമി ന്യൂസിലെ ഡോ. ജി. പ്രസാദ് കുമാറിനും ലഭിച്ചു. നിയമസഭാ നടപടികളുടെ റിപ്പോർട്ടിംഗിന് ഏർപ്പെടുത്തിയിട്ടുള്ള ജി. കാർത്തികേയൻ മാധ്യമ അവാർഡ് മലയാള മനോരമ ചീഫ് റിപ്പോർട്ടർ മനോജ് കടമ്പനാടും അർഹനായി.


എം. എസ്. രാഖേഷ് കൃഷ്ണൻ

ഷാഫീഖാൻ എസ്.

എൻ. പി. സി. രംജിത്


ഡോ. ജി. പ്രസാദ് കുമാർ

മനോജ് കടമ്പനാട്

കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേള

കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേളയുടെ ഉദ്ഘാടനം തലശ്ശേരി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തിൽ നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ നിർവഹിച്ചു. നമ്മുടെ നാടിന്റെ ഭാവി തലമുറയായ വിദ്യാർഥികളുടെ ഊർജ്ജസ്വലതയും കായികാഭിരുചിയും പരിപോഷിപ്പിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണെന്നും ഇത്തരം മത്സരങ്ങൾ അവരുടെ ആത്മവിശ്വാസം വർധിപ്പിക്കുകയും സൗഹൃദം വളർത്തുകയും ചെയ്യുമെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു. മത്സരാർഥികൾക്ക് തങ്ങളുടെ കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

ഉത്തര മലബാർ ജലോത്സവം

മഹാത്മാഗാന്ധി ട്രോഫിക്കായുള്ള ഉത്തര മലബാർ ജലോത്സവം കാസർഗോഡ് നീലേശ്വരം അച്ചാംതുരുത്തി പാലത്തിന് സമീപം കേരള നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ ഫ്ളാഗ് ഓഫ് ചെയ്തു. ഉത്തര മലബാർ ജലോത്സവം മലബാറിന്റെ വിനോദ സഞ്ചാര വികസനത്തിൽ നഴികക്കല്ലായി മാറുമെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു. മൂന്ന് വിഭാഗങ്ങളിലായാണ് മത്സരം സംഘടിപ്പിച്ചത്. ഓളപ്പരപ്പിൽ ആവേശം വിതറുന്ന മത്സരം വീക്ഷിക്കാൻ ആയിരക്കണക്കിനാളുകൾ എത്തിച്ചേർന്നു. സംഘാടക സമിതി ചെയർമാൻ കൂടിയായ എം. രാജഗോപാലൻ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

തലശ്ശേരി നഗരസഭയിൽ എസ്.സി. ഫ്ളാറ്റ്

എ. എൻ. ഷംസീർ, തലശ്ശേരി

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ട് തലശ്ശേരി നഗരസഭ ഉക്കണ്ടൻ പീടികയ്ക്ക് സമീപം നിർമ്മിച്ച എസ്.സി. ഫ്ളാറ്റിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ നിർവഹിച്ചു. ഫ്ളാറ്റിൽ രണ്ട് നിലകളിലായി ആറ് കുടുംബങ്ങൾക്ക് താമസിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. നഗരസഭയുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഫ്ളാറ്റിൽ രണ്ട് കിടപ്പുമുറി, ഹാൾ, കിച്ചൺ, ബാത്റൂം എന്നീ സൗകര്യങ്ങളുണ്ട്.

കുടിവെള്ള പദ്ധതി

തലശ്ശേരി വയലളം സ്വാമിക്കുന്ന് കുടിവെള്ള പദ്ധതി സ്പീക്കർ എ. എൻ. ഷംസീർ നാടിന് സമർപ്പിച്ചു. നാൽപതോളം കുടുംബങ്ങൾക്ക് ആശ്വാസമേകുന്ന പദ്ധതി തലശ്ശേരി കെയർ ആൻഡ് ക്യൂർ ഫൗണ്ടേഷന്റെ സഹകരണത്തോടെയാണ് പൂർത്തിയാക്കിയത്.

പാപ്പാട് കുളം റോഡ് നവീകരണം

വി. കെ. പ്രശാന്ത്, വട്ടിയൂർക്കാവ്

വട്ടിയൂർക്കാവ് മണ്ഡലത്തിലെ പാപ്പാട് കുളത്തിന്റെ പാർശ്വഭിത്തിയുടെയും നവീകരിച്ച പാപ്പാട് കുളം റോഡിന്റെയും ഉദ്ഘാടനം വി. കെ പ്രശാന്ത് എം.എൽ.എ. നിർവഹിച്ചു. എം.എൽ.എ. യുടെ 2020-21 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്ന് 65 ലക്ഷം രൂപ ചെലവഴിച്ചാണ് പാപ്പാട് കുളത്തിന് പാർശ്വഭിത്തി നിർമ്മിച്ചത്. 2021-22 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിച്ചാണ് പാപ്പാട് കുളം റോഡ് നവീകരിച്ചത്.

വർണ്ണക്കൂടാരം പദ്ധതി

കുറവൻകോണം എസ്.പി.ടി.പി.എം. യു.പി. സ്കൂളിൽ സംഘടിപ്പിച്ച വർണ്ണക്കൂടാരം പദ്ധതി വി. കെ പ്രശാന്ത് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പ്രീപ്രൈമറി സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാരിന്റെ സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്ര ശിക്ഷാ കേരളവും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി തിരുവനന്തപുരം നോർത്ത് യു.ആർ.സിയുടെ നേതൃത്വത്തിൽ 10 ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അകം കളിയിടം, പുറം കളിയിടം, ഹരിതയിടം, ഭാഷാ വികസനം, ഇ-ഇടം, കരകൗശലം, സംഗീത ഇടം, കുഞ്ഞരങ്ങ് തുടങ്ങി 13 നഴ്സറി തീമുകളുടെ അടിസ്ഥാനത്തിലാണ് വർണ്ണക്കൂടാരം ഒരുക്കിയിരിക്കുന്നത്.

യൂത്ത് സമ്മിറ്റ് 2024

മുഹമ്മദ് മുഹസിൻ, പട്ടാമ്പി

പട്ടാമ്പി മണ്ഡലത്തെ വൈജ്ഞാനിക നിയോജകമണ്ഡലമാക്കി (ലേർണിംഗ് കോൺസ്റ്റിറ്റ്യൂവൻസി) മാറ്റുന്നതിന്റെ ആദ്യഘട്ടമായ യൂത്ത് സമ്മിറ്റ് 2024 മുഹമ്മദ് മുഹസിൻ എം.എൽ.എ. യുടെ നേതൃത്വത്തിൽ ഒക്ടോബർ 13 ന് പട്ടാമ്പി റോയൽ കൺവെൻഷൻ സെന്ററിൽ നടന്നു. നൈപുണ്യ വികസനം, വിദ്യാഭ്യാസം, നവീകരണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന യൂത്ത് സമ്മിറ്റിൽ മണ്ഡലത്തിലെ വിളയൂർ, ഓങ്ങല്ലൂർ, മുതുതല, കൊപ്പം, തിരുവേഗപ്പുറ, വല്ലപ്പുഴ, കുൽക്കല്ലൂർ എന്നീ ഏഴ് പഞ്ചായത്തുകളിൽ നിന്നും പട്ടാമ്പി നഗരസഭയിൽ നിന്നും വിദ്യാർഥികൾ, പ്രൊഫഷണലുകൾ, സംരംഭകർ, വീട്ടമ്മമാർ, തൊഴിൽ രഹിതർ, ഉദ്യോഗസ്ഥർ, ഗവേഷകർ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ള നൂറ് യുവതീയുവാക്കൾ പങ്കെടുത്തു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), സ്കോൾ കേരള (SCOLE), കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, അസാപ് കേരള (ASAP), ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി തിരൂർ, ഇറാം സ്കിൽസ് അക്കാദമി തുടങ്ങിയ സ്ഥാപനങ്ങൾ സമ്മിറ്റുമായി സഹകരിച്ചു. പട്ടാമ്പി മുനിസിപ്പൽ ചെയർപേഴ്സൺ ഒ. ലക്ഷ്മിക്കുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങ് മുഹമ്മദ് മുഹസിൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

കില അർബൻ ചെയർ പ്രൊഫസർ ഡോ. അജിത് കാളിയത്ത് മുഖ്യാതിഥിയായി. നൈപുണ്യ വികസനം, വിദ്യാഭ്യാസം, നവീകരണം തുടങ്ങിയ വിഷയങ്ങളിലെ വിവിധ മേഖലകളിൽ വിവരശേഖരണവും ചർച്ചയും നടന്നു.

ഗാന്ധി ജയന്തി ദിനത്തിൽ മാലിന്യമുക്ത ക്യാമ്പയിൻ

സി. സി. മുകുന്ദൻ, നാട്ടിക

തളിക്കുളം ഗ്രാമപഞ്ചായത്ത്, നെഹ്റു യുവകേന്ദ്ര എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഗാന്ധി ജയന്തി ദിനത്തിൽ സ്നേഹതീരം ബീച്ച് പാർക്കിൽ സംഘടിപ്പിച്ച മാലിന്യമുക്ത ക്യാമ്പയിന്റെ ഉദ്ഘാടനം സി. സി. മുകുന്ദൻ എം.എൽ.എ. നിർവഹിച്ചു. തൃശൂർ ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നെത്തിയ അറുനൂറിൽപരം എൻ. എസ്.എസ് യൂണിറ്റ് അംഗങ്ങളും, തളിക്കുളം ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേന അംഗങ്ങളും ക്യാമ്പയിനിൽ പങ്കെടുത്തു. ശുചിത്വവും മാലിന്യ സംസ്കരണവും മുൻനിർത്തിയുള്ള വിവിധ പ്രവർത്തനങ്ങളിൽ സംസ്ഥാനം ഏറെ മുന്നേറിയിട്ടുണ്ടെന്നും സമ്പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കാൻ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണെന്നും ഉദ്ഘാടന പ്രസംഗത്തിൽ എം.എൽ.എ. പറഞ്ഞു.

തളിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, നെഹ്റു യുവകേന്ദ്ര ജില്ലാ യൂത്ത് ഓഫീസർ , എൻ. എസ്. എസ്. പ്രതിനിധികൾ എന്നിവർ സംസാരിച്ചു.

സ്കൂളിന് ബഹുനില മന്ദിരം

സെബാസ്റ്റ്യൻ കുളത്തുങ്കൽ, പൂഞ്ഞാർ

ഈരാറ്റുപേട്ട ഗവ: ഹയർ സെക്കൻഡറി സ്കൂളിലെ പുതിയ ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു. ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷനായിരുന്നു. സ്കൂൾതല സമ്മേളനോദ്ഘാടനവും ശിലാഫലകം അനാച്ഛാദനവും സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. നിർവഹിച്ചു. നഗരസഭ ചെയർപേഴ്സൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ നഗരസഭാ ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ, വിദ്യാഭ്യാസ വകുപ്പ് അധികൃതർ തുടങ്ങിയവർ പങ്കെടുത്തു.

റോഡുകൾ നവീകരിച്ചു

ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നവീകരിച്ച എരുമേലി ടൗണിലെ കൊരട്ടി-ഓരുങ്കൽ തടം-എരുമേലി ടൗൺ-പൊരിയൻ മല-കരിമ്പിൻതോട് ബൈപ്പാസ് റോഡിന്റെയും പാറത്തോട് പഞ്ചായത്തിലെ ഉൾപ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഇടക്കുന്നം-കൂവപ്പള്ളി റോഡിന്റെയും ഔപചാരിക ഉദ്ഘാടനം പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ് നിർവഹിച്ചു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ തദ്ദേശസ്വയംഭരണ

സ്ഥാപന ജനപ്രതിനിധികൾ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

എരുമേലി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ എരുമേലി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ഇരുപത്തിനാല് മണിക്കൂർ സേവനവും കിടത്തി ചികിത്സയും ആരംഭിച്ച ചടങ്ങിന്റെ ഉദ്ഘാടനം ആരോഗ്യവും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് ഓൺലൈനായി നിർവ്വഹിച്ചു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ പത്തനംതിട്ട എം. പി. ആന്റോ ആന്റണി മുഖ്യപ്രഭാഷണം നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ മുതലായവർ പങ്കെടുത്തു.

കുഞ്ഞിമംഗലം പഞ്ചായത്തിൽ ആധുനിക സ്റ്റേഡിയം

എം. വിജിൻ, കല്യാശ്ശേരി

കുഞ്ഞിമംഗലം പഞ്ചായത്തിലും നെരുവമ്പ്രം ഗവ. ടെക്നിക്കൽ സ്കൂളിലും നിർമ്മിക്കുന്ന ആധുനിക സ്റ്റേഡിയങ്ങളുടെ നിർമ്മാണോദ്ഘാടനം ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ നിർവഹിച്ചു. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി'യുടെ ഭാഗമായാണ് കുഞ്ഞിമംഗലം പഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നത്. ചടങ്ങുകളിൽ എം. വിജിൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒരു ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന സ്റ്റേഡിയത്തിനായി എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ടിൽ നിന്ന് അമ്പത് ലക്ഷം രൂപയും കായിക വകുപ്പ് മുഖേനയുള്ള അമ്പത് ലക്ഷം രൂപയും ഉൾപ്പെടെ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗവ.ടെക്നിക്കൽ സ്കൂളിലെ ആധുനിക സ്റ്റേഡിയത്തിനായി കായിക വകുപ്പ് ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് പദ്ധതികൾ നടപ്പാക്കുന്നത്.

വയോ സേവന അവാർഡ് എം. ജെ. ജേക്കബിന്

വയോജന മേഖലയിൽ മികച്ച കായികതാരത്തിന് കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വയോ സേവന അവാർഡിന് മുൻ സാമാജികൻ എം. ജെ. ജേക്കബ് അർഹനായി. ലോക വയോജന ദിനമായ ഒക്ടോബർ 1 ന് മലപ്പുറത്ത് നടന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു അവാർഡ് സമ്മാനിച്ചു. വിവിധ രാജ്യങ്ങളിൽ നടന്ന ലോക മാസ്റ്റേഴ്സ് മീറ്റുകളിലും ഏഷ്യൻ മാസ്റ്റേഴ്സ് ചാമ്പ്യൻഷിപ്പുകളിലും ഇന്ത്യയെ പ്രതിനിധാനം ചെയ്ത് നിരവധി മെഡലുകൾ എം. ജെ. ജേക്കബ് നേടിയിട്ടുണ്ട്. പന്ത്രണ്ടാം കേരള നിയമസഭയിൽ പിറവം മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം തിരുമാറാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്, എറണാകുളം ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മൂന്നു തവണ കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, പാമ്പാക്കുട ഖാദി വില്ലേജ് ഇൻഡസ്ട്രീസ് സൊസൈറ്റി ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

പതിനഞ്ചാം കേരള നിയമസഭ പന്ത്രണ്ടാം സമ്മേളനം

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2024 ഒക്ടോബർ 4 ന് ആരംഭിച്ച് ഒക്ടോബർ 15 ന് അവസാനിച്ചു. സമ്മേളന കലണ്ടർ പ്രകാരം പ്രധാനമായും നിയമനിർമ്മാണത്തിനായി ഒക്ടോബർ 4 മുതൽ 18 വരെ ഒൻപത് ദിവസങ്ങളിൽ സഭ ചേരാനാണ് നിശ്ചയിച്ചിരുന്നതെങ്കിലും കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം 2024 ഒക്ടോബർ 4 മുതൽ 15 വരെ എട്ട് ദിവസങ്ങളിലായി സഭാ സമ്മേളനം ചുരുക്കുകയായിരുന്നു.

വയനാടും കോഴിക്കോടുമുണ്ടായ ഉരുൾപൊട്ടലുകളിൽ മരണപ്പെട്ടവരെ സംബന്ധിച്ച റഫറൻസോടെ സമ്മേളനത്തിന്റെ ആദ്യ ദിനം പിരിഞ്ഞു. ഒക്ടോബർ 7 ന് മുൻ മന്ത്രി കെ. കുട്ടി അഹമ്മദ്കുട്ടി, മുൻ പാർലമെന്റ് അംഗം എം. എം. ലോറൻസ്, മുൻ നിയമസഭാംഗം കെ. പി. കുഞ്ഞിക്കണ്ണൻ, സി.പി. ഐ. (എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി എന്നിവരുടെയും ഒക്ടോബർ 15 ന് വ്യവസായ പ്രമുഖൻ രത്തൻ ടാറ്റയുടെയും നിര്യാണം സംബന്ധിച്ച റഫറൻസ് നടത്തി.

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളന കാലത്ത് ഏഴ് ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായി ആകെ 2819 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭിച്ചത്. ഇതിൽ പതിനൊന്നെണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും ഒൻപതെണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 210 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 2589 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 2799 ചോദ്യങ്ങൾ പ്രസിദ്ധീകരിച്ചു. നക്ഷത്രചിഹ്നമിട്ട 210 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2244 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സമ്മേളനകാലത്ത് തന്നെ ഉത്തരം ലഭ്യമാക്കി. ചോദ്യോത്തര വേളയിൽ 27 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ സഭാതലത്തിൽ മറുപടി നൽകുന്നതിനായി പരിഗണിക്കുകയും 185 അവസരങ്ങളിലായി 211 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും ചെയ്തു. പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിന്റെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിച്ചു.

സമ്മേളന കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 7 നോട്ടീസുകൾ ലഭിച്ചതിൽ 5 നോട്ടീസുകളിന്മേലും ചർച്ച നടത്താൻ സർക്കാർ സന്നദ്ധമായി. എന്നാൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് സഭ നേരത്തേ പിരിഞ്ഞതിനാൽ 2024 ഒക്ടോബർ 8 ന് ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ച നോട്ടീസിന്മേൽ ചർച്ച നടന്നില്ല. ഒരു സമ്മേളന കാലയളവിൽ തുടർച്ചയായി മൂന്ന് ദിവസം നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേൽ ചർച്ച നടത്താൻ സർക്കാർ സന്നദ്ധത അറിയിക്കുന്നത് ആദ്യമായാണ്. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയ ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് ശേഷം തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി വിഷയത്തിൽ അവതരിപ്പിച്ച സബ്സ്റ്റാന്റീവ് ഉപക്ഷേപം സഭ ഐകകണ്ഠ്യേന പാസാക്കുകയുണ്ടായി.

പന്ത്രണ്ടാം സമ്മേളന കാലയളവിൽ 13 ശ്രദ്ധക്ഷണിക്കലുകളും 103 സബ്മിഷനുകളും സഭ മുമ്പാകെ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ ഇതു സംബന്ധിച്ച് പ്രസ്താവന നടത്തുകയും ചെയ്തു. സമ്മേളനത്തിലാകെ 458 രേഖകൾ മേശപ്പുറത്തുവയ്ക്കുകയും വിവിധ നിയമസഭാ കമ്മിറ്റികളുടെ 26 റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു.

വയനാട് ജില്ലയിലെ മേപ്പാടിയിലുണ്ടായ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 300 പ്രകാരം മുഖ്യമന്ത്രിക്ക് വേണ്ടി റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി പ്രസ്താവന നടത്തി. 'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' എന്ന ആശയം നടപ്പാക്കുന്നതിൽ നിന്ന് പിന്തിരിയണമെന്നും 2024 ലെ വഖഫ് (ഭേദഗതി) ബിൽ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ചട്ടം 118 പ്രകാരമുള്ള രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ സമ്മേളന കാലയളവിൽ സഭ ഐകകണ്ഠ്യേന പാസാക്കുകയുണ്ടായി.

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ സഭ സമ്മേളിച്ച ആകെ സമയമായ 44 മണിക്കൂർ 36 മിനിറ്റിൽ 9 മണിക്കൂർ 19 മിനിറ്റ് നിയമനിർമ്മാണത്തിനായി വിനിയോഗിച്ചു. 2024 ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ, 2023 ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാല (ഭേദഗതി) ബിൽ, 2023 ലെ കേരള കന്നുകാലി പ്രജനന ബിൽ, 2024 ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2024 ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ, 2024 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ, 2024 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ തുടങ്ങിയ സുപ്രധാന ബില്ലുകളാണ് സമ്മേളന കാലയളവിൽ പാസാക്കിയത്. ഇവ കൂടാതെ കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകൾ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് 2024 ലെ കേരള നികുതി ചുമത്തൽ (ഭേദഗതി) ബിൽ 2024 ഒക്ടോബർ 15 ന് സഭ പാസാക്കി. സമ്മേളനത്തിൽ സഭ പരിഗണിച്ച 9 ബില്ലുകൾക്കുമായി ജനറൽ അമെന്റ്മെന്റ് ഉൾപ്പെടെ ആകെ 2846 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. അവയിൽ 2111 എണ്ണം അംഗങ്ങൾ ബില്ലിന്റെ വകുപ്പുകൾക്ക് നൽകിയ ഭേദഗതി നോട്ടീസുകളായിരുന്നു. അതിൽ 32 ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ അതതു ബില്ലിന്റെ പരിഗണനാവേളയിൽ സ്വീകരിക്കുകയുണ്ടായി.

അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി നീക്കിവച്ച ഒക്ടോബർ 11 ന് അഞ്ച് പുതിയ ബില്ലുകൾ ഉൾപ്പെടെ ആകെ ഏഴ് അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾ സഭ പരിഗണിക്കുകയും തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തു.

ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി 2024 നവംബർ 26 ന് നിയമസഭാ സമുച്ചയത്തിൽ സ്പീക്കർ എ. എൻ. ഷംസീർ ഭരണഘടനയുടെ ആമുഖം ചൊല്ലിക്കൊടുക്കുന്നു.

കേരള നിയമസഭ സന്ദർശിച്ച ഇന്ത്യയിലെ ഡെന്മാർക്ക് അംബാസഡർ ഫ്രെഡ്ഡി സ്വാന് സ്പീക്കർ എ.എൻ.ഷംസീർ ഉപഹാരം നൽകുന്നു.

ഉപതിരഞ്ഞെടുപ്പ് : സീറ്റുകൾ നിലനിർത്തി ഇരുമുന്നണികളും

യു. ആർ. പ്രദീപ്

രാഹുൽ മാങ്കൂട്ടത്തിൽ

പ്രിയങ്ക ഗാന്ധി

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടന്ന ചേലക്കര, പാലക്കാട് നിയമസഭ മണ്ഡലങ്ങളിലും വയനാട് ലോക്സഭ മണ്ഡലത്തിലും സീറ്റുകൾ നിലനിർത്തി യു.ഡി.എഫ്., എൽ.ഡി.എഫ്. മുന്നണികൾ. 2024 ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ സിറ്റിംഗ് എം.എൽ.എ. ആയിരുന്ന കെ. രാധാകൃഷ്ണൻ ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടതോടെയാണ് ചേലക്കര നിയോജകമണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പ് നടന്നത്. തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന്റെ യു. ആർ. പ്രദീപ് 64,827 വോട്ടുകൾ നേടി വിജയിച്ചു. യു.ഡി.എഫ്. സ്ഥാനാർഥി രമ്യ ഹരിദാസിനെ 12,201 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് പരാജയപ്പെടുത്തിയത്. ചേലക്കര ദേശമണ്ഡലം തെക്കേപുരയ്ക്കൽ പരേതരായ രാമന്റെയും ശാന്തയുടെയും മകനായ യു. ആർ. പ്രദീപ് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദവും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയും നേടിയിട്ടുണ്ട്. 2016 ൽ ഇതേ മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാ സാമാജികനായിരുന്നു.

പാലക്കാട് നിയമസഭ മണ്ഡലത്തിൽ സിറ്റിംഗ് എം.എൽ.എ. ആയിരുന്ന ഷാഫി പറമ്പിൽ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെയാണ് ഉപതിരഞ്ഞെടുപ്പിന് വേദിയൊരുങ്ങിയത്. തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ 58,389 വോട്ടുകൾ നേടി കന്നിയങ്കം വിജയിച്ചു. ബി.ജെ.പിയിലെ സി.കൃഷ്ണകുമാറിനെ 18,840 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് രാഹുൽ പരാജയപ്പെടുത്തിയത്. പത്തനംതിട്ട അടൂർ മുണ്ടപ്പിള്ളിയിൽ പരേതനായ രാജേന്ദ്ര കുറുപ്പിന്റെയും ബീന ആർ. കുറുപ്പിന്റെയും മകനാണ് രാഹുൽ. ചരിത്രത്തിലും ഇംഗ്ലീഷിലും ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അദ്ദേഹം എം. ജി. സർവകലാശാലയിൽ ഗവേഷണ വിദ്യാർഥിയാണ്.

വയനാട് ലോക്സഭ മണ്ഡലത്തിൽ 4,10,931 വോട്ടിന്റെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്. സ്ഥാനാർഥി പ്രിയങ്ക ഗാന്ധി വിജയിച്ചു. എൽ.ഡി.എഫ്. സ്ഥാനാർഥി സത്യൻ മൊകേരിക്ക് 2,11,407 വോട്ടുകൾ ലഭിച്ചപ്പോൾ പ്രിയങ്ക ഗാന്ധി 6,22,338 വോട്ടുകൾ നേടി. കഴിഞ്ഞ ലോക്സഭ തിരഞ്ഞെടുപ്പിൽ വിജയിച്ച രാഹുൽ ഗാന്ധി മണ്ഡലം ഒഴിഞ്ഞതിനെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. മനഃശാസ്ത്രത്തിൽ ബിരുദവും ബുദ്ധമത പഠനത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള പ്രിയങ്ക മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ മകളാണ്.

മഹാരാഷ്ട്ര, ജാർഖണ്ഡ് നിയമസഭ തിരഞ്ഞെടുപ്പുകളിൽ ഭരണതുടർച്ച. മഹാരാഷ്ട്രയിൽ ബി.ജെ.പി, എൻ.സി.പി. (അജിത് പവാർ വിഭാഗം) ശിവസേനാ (ഷിന്ദേ വിഭാഗം) എന്നിവ ചേർന്ന സഖ്യം 288 ൽ 235 സീറ്റ് നേടി അധികാരം നിലനിർത്തി. ജാർഖണ്ഡിൽ ജാർഖണ്ഡ് മുക്തി മോർച്ചയുടെ നേതൃത്വത്തിലുള്ള സഖ്യം 81 അംഗ നിയമസഭയിൽ 56 സീറ്റുകൾ നേടി തുടർഭരണം ഉറപ്പിച്ചു.

കേരള നിയമസഭ
അന്താരാഷ്ട്ര
പുസ്തകോത്സവം

KLIBF

മൂന്നാം പതിപ്പ് / 2024 ജനുവരി 7 -1 3

മൂന്നാമത് കേരള ലെജിസ്ലേച്ചർ ഇന്റർനാഷണൽ ബുക്ക് ഫെസ്റ്റിവലിന്റെ ലോഗോ പ്രകാശനവും വെബ്സൈറ്റ് ഉദ്ഘാടനവും നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ നിർവഹിച്ചു. ചടങ്ങിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, എം.എൽ.എ.മാരായ ജി. സ്റ്റീഫൻ, കെ. പി. മോഹനൻ, പ്രശസ്ത കവി പ്രഭാ വർമ്മ, നിയമസഭാ ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

'വായനയാണ് ലഹരി' എന്ന ആശയം മുൻനിർത്തി വിദ്യാർഥികളിലും പൊതുജനങ്ങളിലും വായനയുടെ പ്രസക്തി ഉറപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പാർലമെന്ററി ജനാധിപത്യത്തിന്റെയും നിയമനിർമ്മാണത്തിന്റെയും വേദിയായ കേരള നിയമസഭ, അന്താരാഷ്ട്ര പുസ്തകോത്സവത്തിലൂടെ അതിന്റെ വാതായനങ്ങൾ പൊതുജനങ്ങൾക്കായി തുറന്നു നൽകിയത്. KLIBF ഒന്നും രണ്ടും പതിപ്പുകൾ പൊതുജനപങ്കാളിത്തം കൊണ്ടും പരിപാടികളിലെ വൈവിധ്യം കൊണ്ടും അന്താരാഷ്ട്ര പ്രശസ്തി നേടി. ഒന്നാം എഡിഷനിൽ എൺപതിൽപരം പ്രസാധകരും നൂറ്റി അറുപതോളം സ്റ്റാളുകളും ഉണ്ടായിരുന്നത് രണ്ടാം എഡിഷൻ ആയപ്പോൾ യഥാക്രമം നൂറ്റി അറുപതിൽ അധികവും ഇരുനൂറ്റി അറുപതിൽ അധികവും ആയി വർധിച്ചത് പുസ്തകോത്സവത്തിന്റെ സ്വീകാര്യത വ്യക്തമാക്കുന്നു.

2025 ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്ന പുസ്തക മേളയിൽ പുസ്തക പ്രകാശനങ്ങൾക്ക് പുറമേ നിരവധി ജനപ്രിയ പരിപാടികൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

KLIBF മൂന്നാം പതിപ്പിന്റെ വിജയകരമായ നടത്തിപ്പിനായി ഉന്നത ഉദ്യോഗസ്ഥരുമായും പ്രസാധകരുമായും മാധ്യമ മേധാവികളുമായും നിയമസഭാ സ്പീക്കർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. മന്ത്രിമാരുടെയും സാമാജികരുടെയും വകുപ്പുകളുടെയും സഹകരണത്തോടുകൂടിയാണ് KLIBF മൂന്നാം പതിപ്പും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. പുസ്തകോത്സവത്തിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി നിയമസഭാ സ്പീക്കർ ചെയർമാനും ഡെപ്യൂട്ടി സ്പീക്കർ, ഗവ. ചീഫ് വിപ്പ്, എം.എൽ.എ.മാർ എന്നിവർ അംഗങ്ങളായും ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. പുസ്തകോത്സവത്തിന്റെ ഏകോപനത്തിനും നടത്തിപ്പിനുമായി നിയമസഭയിലെ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ജീവനക്കാരെ ഉൾപ്പെടുത്തി ഒൻപത് സമിതികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു.

പരിപാടിയുടെ ഭാഗമായി ഇത്തവണയും സാഹിത്യ, കലാ-സാംസ്കാരിക മേഖലകളിലെ സമഗ്ര സംഭാവനയ്ക്ക് നിയമസഭാ അവാർഡ് സമ്മാനിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് 5 മേഖലകളിലായി ക്വിസ് മത്സരങ്ങളും സ്കൂൾ തലത്തിൽ മറ്റു മത്സരങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. പുസ്തകോത്സവത്തോടനുബന്ധിച്ച് വിദ്യാർഥികൾക്ക് അവരുടെ സർഗ്ഗാത്മകത പ്രകടിപ്പിക്കുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനും ബുക്ക് കൂപ്പണുകൾ നൽകുന്നതിനുമായി സ്റ്റുഡന്റ്സ് കോർണർ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മുൻ വർഷങ്ങളിലെ പോലെ തന്നെ വിദ്യാർഥികൾക്കായി കാഴ്ച ബംഗ്ലാവ്, മ്യൂസിയം/പ്ലാനറ്റേറിയം എന്നിവ ഉൾപ്പെടുന്ന സന്ദർശന പാക്കേജും നിയമസഭാ ഹാൾ/നിയമസഭാ മ്യൂസിയം എന്നിവ സന്ദർശിക്കുന്നതിന് അവസരവും ഒരുക്കുന്നുണ്ട്.

പുസ്തകോത്സവത്തിന്റെ ആകർഷണീയത വർധിപ്പിക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി വിവിധ മാധ്യമങ്ങളുടെ നേതൃത്വത്തിൽ 7 ദിവസവും വൈകുന്നേരങ്ങളിൽ മെഗാ ഷോ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസാധകർക്ക്, പ്രത്യേകിച്ച് ചെറുകിട പ്രസാധകർക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ പുസ്തക വിൽപന വർധിപ്പിക്കുന്നതിനായി സന്ദർശകർക്ക് ഗിഫ്റ്റ് കൂപ്പൺ സമ്പ്രദായം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു. ദേശീയ, അന്തർദേശീയ പ്രശസ്തരായ എഴുത്തുകാരെ പരിപാടിയുടെ ഭാഗമാക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പുസ്തകോത്സവ വേദിയിൽ നിലവാരമുള്ള പുസ്തകങ്ങൾ പരമാവധി പ്രകാശനം ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കുന്നുണ്ട്. കൂടാതെ KLIBF ടോക്ക്, KLIBF ഡയലോഗ്, മീറ്റ് ദ ഓതർ, പാനൽ ഡിസ്കഷൻ, സെമിനാർ, ബുക്ക് ഡിസ്കഷൻ, മോഡൽ പാർലമെന്റ് എന്നിവ കൂടുതൽ മികവോടെ നടത്താനും തീരുമാനിച്ചിട്ടുണ്ട്. എസ്.ഡി.എഫ്. ഫണ്ട് ഉപയോഗിച്ചും ബുക്ക് കൂപ്പൺ സ്പോൺസർഷിപ്പിലൂടെയും പരമാവധി പുസ്തകങ്ങൾ വായനക്കാരിലെക്കെത്തിക്കുക എന്ന രീതിയിലാണ് KLIBF മൂന്നാം എഡിഷന്റെ സംഘാടനം. വിവിധ സർക്കാർ വകുപ്പുകളുടെയും മറ്റും സഹകരണത്തോടെ പ്രൗഢമായും കൂടുതൽ ജനകീയമായും KLIBF മൂന്നാം പതിപ്പ് സംഘടിപ്പിക്കുന്നതിനുള്ള അണിയറ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസ്

ആസ്ട്രേലിയയിലെ സിഡ്നിയിൽ 2024 നവംബർ 3 മുതൽ 8 വരെ സംഘടിപ്പിച്ച കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ 67 ാമത് സമ്മേളനത്തിൽ കേരള നിയമസഭയെ പതിനിധീകരിച്ച് സ്പീക്കർ എ. എൻ. ഷംസീർ പങ്കെടുത്തു. കോമൺവെൽത്ത് രാജ്യങ്ങളിലെ നിയമനിർമ്മാണ സഭകൾ അംഗങ്ങളായ, ലണ്ടൻ ആസ്ഥാനമായുള്ള അന്താരാഷ്ട്ര സംഘടനയാണ് കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ. കോമൺവെൽത്ത് രാജ്യങ്ങളിലെ പാർലമെന്റുകളും പ്രാദേശിക നിയമനിർമ്മാണ സഭകളും ചേർന്ന് 180 ഓളം ജനാധിപത്യ സഭകൾ അംഗങ്ങളായിട്ടുള്ള അസോസിയേഷന്റെ മുഖ്യലക്ഷ്യം ജനാധിപത്യം, മനുഷ്യാവകാശം, നല്ല ഭരണം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ന്യൂ സൗത്ത് വെയ്ൽസ് പാർലമെന്റ് ആതിഥേയത്വം വഹിക്കുന്ന സമ്മേളനത്തിന്റെ ഏറിയ ഭാഗവും നടന്നത് സിഡ്നിയിലെ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലായിരുന്നു.

സുപ്രീം കോടതിക്ക് പതാകയും ചിഹ്നവും

ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിന് ഇനി മുതൽ സ്വന്തം പതാകയും ചിഹ്നവും. സുപ്രീം കോടതിയുടെ 75 ാം വാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ചടങ്ങിലാണ് രാഷ്ട്രപതി ദ്രൗപതി മുർമു പതാകയും ചിഹ്നവും അനാച്ഛാദനം ചെയ്തത്. നീലനിറത്തിലുള്ള പുതിയ പതാകയിൽ ഇന്ത്യയുടെ നിയമപരവും സാംസ്കാരികവുമായ പൈതൃകത്തിന്റെ പ്രതീകമായ അശോകചക്രം, ഇന്ത്യയിലെ നീതിന്യായ സ്ഥാപനത്തെ പ്രതിനിധീകരിക്കുന്ന സുപ്രീം കോടതി, ഭരണഘടനയുടെ സംരക്ഷകരെന്ന നിലയിൽ സുപ്രീം കോടതിയുടെ പങ്ക് വ്യക്തമാക്കുന്ന ഇന്ത്യൻ ഭരണഘടന എന്നിവ ആലേഖനം ചെയ്തിട്ടുണ്ട്. ഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയാണ് പതാക രൂപകൽപ്പന ചെയ്തത്. ക്രോസ് ടേബിൾ ഫ്ളാഗ്, സിംഗിൾ ടേബിൾ ഫ്ളാഗ്, പോൾ ഫ്ളാഗ്, വുഡൻ ഫ്രെയിം എന്നിങ്ങനെ വിവിധ ഡിസൈനുകളിൽ പതാക ലഭ്യമാകും.

പുതിയ ചിഹ്നത്തിൽ ധർമ്മമുള്ളിടത്ത് വിജയമുണ്ട് എന്ന് അർഥം വരുന്ന 'യതോ ധർമ്മസ്തതോ ജയഃ' എന്ന സംസ്കൃത വാക്യം ദേവനാഗരി ലിപിയിൽ ആലേഖനം ചെയ്തിട്ടുണ്ട്.

ബ്രെറ്റ് ലീ കയ്യൊപ്പിട്ട ബാറ്റും ബോളും തലശ്ശേരി ക്രിക്കറ്റ് സ്റ്റേഡിയത്തിന്

ആസ്ട്രേലിയൻ മുൻ ബൗളർ ബ്രെറ്റ് ലീ കയ്യൊപ്പിട്ട ബാറ്റും ബോളും തലശ്ശേരിക്ക് സ്വന്തം. ആസ്ട്രേലിയയിലെ സിഡ്നിയിൽ കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ 67 ാം സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, സിഡ്നി ക്രിക്കറ്റ് സ്റ്റേഡിയവും ബ്രെറ്റ് ലീയെയും സന്ദർശിച്ചപ്പോഴാണ് തന്റെ സ്നേഹസമ്മാനം ബ്രെറ്റ് ലീ തലശ്ശേരിക്ക് നൽകിയത്. തലശ്ശേരി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഭാവിയിൽ പവലിയൻ ഒരുക്കണമെന്നും ആ പവലിയനിൽ ഈ ബാറ്റും ബോളും ഇരുരാജ്യങ്ങളുടെയും പരസ്പര സ്നേഹത്തിന്റെ അടയാളമായി പ്രദർശിപ്പിക്കണമെന്നും ബ്രെറ്റ് ലീ അഭ്യർഥിച്ചു.

മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും

2024 ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും നിയമസഭാ സെക്രട്ടേറിയറ്റിലെ ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെയും നിയമസഭാ ലൈബ്രറിയുടെയും സംയുക്താഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ സമുചിതമായി സംഘടിപ്പിച്ചു. ഭരണഭാഷാ വാരാഘോഷത്തിന്റെ ഒന്നാം ദിവസമായ നവംബർ 1 ന് നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ ജീവനക്കാർക്ക് ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വാരാഘോഷത്തിന്റെ 3 ാം ദിവസമായ നവംബർ 4 ന് ജീവനക്കാർക്കായി സാഹിത്യ രചനാ മത്സരങ്ങൾ സംഘടിപ്പിച്ചു.

സമാപന ദിവസമായ നവംബർ 7 ന് സംഘടിപ്പിച്ച പരിപാടിയിൽ ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് അധ്യക്ഷത വഹിച്ചു, 2023 ലെ ഭരണഭാഷാ സേവന, സാഹിത്യ പുരസ്കാരങ്ങൾ ചടങ്ങിൽ ഡോ. എൻ. ജയരാജ് വിതരണം ചെയ്തു. തദവസരത്തിൽ 2024 ലെ വായനാക്കുറിപ്പ് മത്സരവിജയികൾക്കുള്ള സമ്മാനദാനവും നിർവഹിച്ചു. പുരസ്കാരർഹർക്ക് ക്യാഷ് അവാർഡ്, സത്സേവന രേഖ, ഫലകം എന്നിവ സമ്മാനിച്ചു. സമ്മാനദാനത്തിന് ശേഷം പ്രശസ്ത എഴുത്തുകാരൻ കെ. സി. നാരായണൻ 'ഇന്ന് നാം സംസാരിക്കുന്ന ഭാഷ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. പ്രഭാഷണം സരസവും വിജ്ഞാന പ്രദവും കാലികപ്രസക്തിയാൽ സമ്പന്നവും ചിന്തോദ്ദീപകവുമായിരുന്നു. നിയമസഭാ സെക്രട്ടറി, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി വിഭാഗം ജോയിന്റ് സെക്രട്ടറി ദീപ ആർ. കൃഷ്ണൻ, നിയമസഭാ ജീവനക്കാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

പുസ്തകപ്രദർശനം

2024 ലെ മലയാളദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും ഭാഗമായി നവംബർ 1 മുതൽ 7 വരെ നിയമസഭാ ലൈബ്രറി റഫറൻസ് ഹാളിൽ നടന്ന പുസ്തക പ്രദർശനം നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ ഉദ്ഘാടനം ചെയ്തു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ, സ്പെഷ്യൽ സെക്രട്ടറി ഷാജി സി. ബേബി, ചീഫ് ലൈബ്രേറിയൻ ലൈല എ. എസ്. തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട പുസ്തകങ്ങളും കേരള സർക്കാരിന്റെ പരമോന്നത സാഹിത്യ പുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ച എഴുത്തുകാരുടെ പുസ്തകങ്ങളും ഉൾക്കൊള്ളുന്ന പ്രദർശനമാണ് സംഘടിപ്പിച്ചത്.

SABHA TV EXCLUSIVE

സഭാ ടി.വി. സംപ്രേഷണം ചെയ്ത ഈ പരിപാടികൾ കാണുന്നതിനായി QR Code സ്കാൻ ചെയ്യുക



സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷാ ഫലവും ദ്വിദിന പരിശീലന പരിപാടിയും

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയർ പത്താമത് ബാച്ചിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. എൺപത്തിയെട്ട് പേർ വിജയിച്ചു. പരീക്ഷയിലെ വിജയശതമാനം 74.57 ആണ്. ആണ് വിജയം. മുൻ ബാച്ചുകളിലെ പഠിതാക്കളിൽ 13 പേരും ഇത്തവണ വിജയിച്ചു. പത്താമത് ബാച്ചിലെ ഫർസാന പർവീൺ ആർ. ഒന്നാം റാങ്കും, പ്രിയ എൽ. ആർ. രണ്ടാം റാങ്കും, ശ്യാം സൂരജ് മൂന്നാം റാങ്കും കരസ്ഥമാക്കി. റാങ്ക് ജേതാക്കളെ നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ ഫോണിൽ വിളിച്ച് ആശംസകൾ അറിയിച്ചു. പരീക്ഷാഫലം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

കെ-ലാംപ്സ് (പി.എസ്.) ന്റെ ആഭിമുഖ്യത്തിൽ കാര്യവട്ടം സർവകലാശാല, കോട്ടയം ബിഷപ്പ് സ്പീച്ചിലി കോളേജ് എന്നിവിടങ്ങളിലെ ജേർണലിസം പി.ജി. വിദ്യാർഥികൾക്കായി നിയമസഭാ നടപടിക്രമങ്ങളെ സംബന്ധിച്ച ദ്വിദിന പരിശീലന പരിപാടി 2024 ഒക്ടോബർ 29, 30 തീയതികളിൽ സംഘടിപ്പിച്ചു. നാൽപത് പേർ പങ്കെടുത്ത പരിശീലന പരിപാടിയിൽ നിയമ സഭാ സെക്രട്ടറിയും ഉന്നത ഉദ്യോഗസ്ഥരും ക്ലാസുകൾ നയിച്ചു.

ഫർസാന പർവീൺ ആർ., പ്രിയ എൽ. ആർ., ശ്യാം സൂരജ്

ഭരണഘടനാ ദിനാചരണം

ഭരണഘടനാ ദിനാചരണത്തോടനുബന്ധിച്ച് നെഹ്റു യുവകേന്ദ്ര സംഗതന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പദയാത്രയിൽ പങ്കെടുത്ത അറുനൂറ്റിയമ്പതോളം വരുന്ന വോളന്റിയേഴ്സിനും നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്കും നിയമസഭാ സമുച്ചയത്തിൽ നടന്ന ചടങ്ങിൽ സ്പീക്കർ എ. എൻ. ഷംസീർ ഭരണഘടനയുടെ ആമുഖം ചൊല്ലിക്കൊടുത്തു. തുടർന്ന് ദേശീയ നേതാക്കളുടെ പ്രതിമകളിൽ പുഷ്പാർച്ചന നടത്തി. നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ സ്വാഗതം ആശംസിച്ച ചടങ്ങിൽ വി. കെ.പ്രശാന്ത് എം.എൽ.എ. ആശംസകൾ അർപ്പിച്ചു. നെഹ്റു യുവകേന്ദ്ര സംഗതൻ സംസ്ഥാന ഡയറക്ടർ എം. അനിൽ കുമാർ നന്ദി രേഖപ്പെടുത്തി.

തിരുത്ത്

2024 ഒക്ടോബർ ലക്കം അറിവോരത്തിൽ 'വിദ്യാഭ്യാസ അവകാശം' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ലേഖനത്തോടൊപ്പം ഡി. എസ്. കോത്താരിയുടേതായി നൽകിയ ചിത്രം അദ്ദേഹത്തിന്റേതായിരുന്നില്ല. ചിത്രം തെറ്റായി നൽകിയതിൽ ഖേദിക്കുന്നു.

പ്രതികളുടെ സ്വത്തുക്കളിന്മേൽ ഉരുക്കുമുഷ്ടി പാടില്ല

കേസുകളിൽ പ്രതിയാക്കപ്പെടുന്നവരുടെ സ്വത്തുവകകൾ സർക്കാരുകൾക്ക് ബുൾഡോസർ ഉപയോഗിച്ച് തകർക്കാനാകില്ലെന്ന് സുപ്രീംകോടതി. കുറ്റവാളിയാണെങ്കിൽ പോലും അനധികൃത നിർമ്മാണമല്ലാത്ത പക്ഷം 'ബുൾഡോസർ നീതി' നടപ്പാക്കുന്നത് നിയമം കയ്യിലെടുക്കലാണെന്നും കുറ്റവാളിയെന്ന് വിധിക്കാനോ ശിക്ഷ നൽകാനോ ഭരണകൂടം കോടതിയല്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. നിയമവിരുദ്ധമായി കെട്ടിടം പൊളിക്കുന്ന ഉദ്യോഗസ്ഥർ നഷ്ടപരിഹാരത്തിന് പുറമേ സ്വന്തം ചെലവിൽ അത് പുനഃസ്ഥാപിച്ചു നൽകേണ്ടി വരുമെന്നും അത്തരം ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടിയുണ്ടാകുമെന്നും പറഞ്ഞു. സമ്പൂർണ്ണ നീതി നടപ്പാക്കാൻ സുപ്രീം കോടതിക്ക് സവിശേഷാധികാരം നൽകുന്ന ഭരണഘടനയുടെ 142 ാം അനുച്ഛേദം ഉപയോഗിച്ചാണ് ജസ്റ്റിസുമാരായ ബി.ആർ. ഗവായ്, കെ. വി. വിശ്വനാഥൻ എന്നിവരുടെ ബെഞ്ചിന്റെ നടപടി. ബുൾഡോസർ നടപടികളുടെ കാര്യത്തിൽ കർശന മാർഗരേഖ പുറപ്പെടുവിച്ച കോടതി, നിർദേശങ്ങൾ പാലിച്ചില്ലെങ്കിൽ കോടതിയലക്ഷ്യ നടപടി സ്വീകരിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും പിഴ ഈടാക്കുമെന്നും മുന്നറിയിപ്പ് നൽകി.

കുട്ടികളുടെ വിവാഹ നിശ്ചയം നടത്തുന്നത് തടയാനും നിയമം വേണം

കുട്ടികളുടെ വിവാഹ നിശ്ചയം നടത്തുന്നത് തടയാൻ നിയമമുണ്ടാക്കുന്നത് പാർലമെന്റ് പരിഗണിക്കണമെന്ന് സുപ്രീം കോടതി. ശൈശവ വിവാഹ നിരോധന നിയമത്തിലെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനായി കുട്ടികളുടെ വിവാഹനിശ്ചയം നടത്തുന്ന പ്രവണത ചൂണ്ടിക്കാട്ടിയാണ് ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഇക്കാര്യം സർക്കാരിനോട് അഭ്യർഥിച്ചത്. പ്രായപൂർത്തി ആകുന്നതിന് മുമ്പ് വിവാഹ നിശ്ചയം നടത്തുന്നത് വഴി ഇഷ്ടമുള്ള പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള അവകാശമാണ് നിഷേധിക്കപ്പെടുന്നതെന്ന് കോടതി വ്യക്തമാക്കി. ശൈശവ വിവാഹ നിരോധന നിയമം അതിന് അനുമതി നൽകുന്ന വ്യക്തി നിയമങ്ങളെക്കാൾ മുകളിലാണെന്ന് പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടെങ്കിലും സുപ്രീം കോടതി അതിന് തയ്യാറായില്ല. വ്യക്തി നിയമങ്ങളെ മറികടക്കും വിധം 2006 ലെ ശൈശവ വിവാഹ നിരോധന നിയമത്തിൽ ഭേദഗതി വരുത്താനുള്ള ബിൽ പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണെന്നതിനാലാണ് ഇതു സംബന്ധിച്ച പ്രഖ്യാപനത്തിൽ നിന്ന് സുപ്രീം കോടതി വിട്ടു നിന്നത്. ശൈശവ വിവാഹ നിരോധനം ഫലപ്രദമായി നടപ്പാക്കണമെന്നാവശ്യപ്പെട്ട് സൊസൈറ്റി ഫോർ എൻലൈറ്റൻമെന്റ് ആന്റ് വോളന്ററി ആക്ഷൻ എന്ന സംഘടന നൽകിയ ഹർജിയിലാണ് വിധി.

എല്ലാ സ്വകാര്യ സ്വത്തും ഏറ്റെടുക്കാനാകില്ല

സമൂഹനന്മയ്ക്കായി എല്ലാ സ്വകാര്യസ്വത്തുക്കളും ഭൗതിക വിഭവങ്ങളായി കണക്കാക്കി സർക്കാരുകൾക്ക് ഏറ്റെടുക്കാനാകില്ലെന്ന് സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച്. എല്ലാ സ്വകാര്യ സ്വത്തും സമൂഹനന്മയ്ക്കായി ഏറ്റെടുക്കണമെന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെയും (1978 ലെ രംഗനാഥ് റെഡ്ഡി കേസ്) ജസ്റ്റിസ് ചിന്നപ്പ റെഡ്ഡിയുടെയും (1982 ലെ സഞ്ജീവ് കോക് കേസ്) ഉത്തരവുകളോട് വിയോജിച്ചാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ അധ്യക്ഷതയിലുള്ള ഭരണഘടനാ ബെഞ്ചിന്റെ ഭൂരിപക്ഷ വിധി. സ്വകാര്യസ്വത്ത് പൊതുനന്മയ്ക്കായി ഏറ്റെടുത്ത് പുനർവിതരണം ചെയ്യാൻ സർക്കാരുകൾക്ക് അധികാരം ഉണ്ടോയെന്ന വിഷയത്തിലാണ് വിധി പ്രസ്താവം. ഭരണഘടനയുടെ അനുച്ഛേദം 39(ബി) പ്രകാരം എല്ലാ സ്വകാര്യ സ്വത്തുക്കളും സമൂഹത്തിന്റെ ഭൗതിക വിഭവങ്ങളായി കണക്കാക്കാനാകുമെന്ന 1978 ലെ വിധിയാണ് ഈ വിധി പ്രസ്താവത്തിലൂടെ റദ്ദായത്. ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് എഴുതിയ വിധിയോട് ഒൻപതംഗ ബെഞ്ചിലെ ഏഴ് അംഗങ്ങൾ പൂർണ്ണമായും ജസ്റ്റിസ് ബി.വി.നാഗരത്ന ഭാഗികമായും യോജിക്കുകയും ജസ്റ്റിസ് സുധാൻഷു ദുലിയ വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. മഹാരാഷ്ട്ര ഹൗസിംഗ് ആൻഡ് ഏരിയാ ഡെവലപ്മെന്റ് ആക്ട് (മാഡ) നിയമവുമായി ബന്ധപ്പെട്ട കേസിലാണ് സുപ്രധാന വിധി.

പൗരത്വ നിയമം : 6എ വകുപ്പ് ശരിവച്ച് സുപ്രീം കോടതി

അസമിലെ വിദേശ കുടിയേറ്റവുമായി ബന്ധപ്പെട്ട് പൗരത്വ നിയമത്തിൽ 1985 ൽ ഉൾപ്പെടുത്തിയ 6എ വകുപ്പിന്റെ ഭരണഘടനാസാധുത സുപ്രീം കോടതി ശരിവച്ചു. 1966 ജനുവരി 1 നും 1971 മാർച്ച് 25 നുമിടയിൽ വിദേശത്തുനിന്ന് (മുഖ്യമായും ബംഗ്ലാദേശിൽ നിന്നും) കുടിയേറിയവർക്ക് ഇന്ത്യൻ പൗരത്വത്തിന് അപേക്ഷിക്കാൻ അനുമതി നൽകുന്ന വകുപ്പാണ് ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബഞ്ചിന്റെ ഭൂരിപക്ഷ വിധി ശരിവച്ചത്. വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ കുടിയേറിയതുകൊണ്ട് പ്രാദേശിക ജനതയ്ക്ക് സാംസ്കാരികമോ ഭാഷാപരമോ ആയ അവകാശങ്ങൾ നഷ്ടമാകുന്നില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കി. 6 എ വകുപ്പ് പ്രകാരം പൗരത്വത്തിന് അപേക്ഷിക്കാൻ സമയ പരിധി നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ 1971 മാർച്ച് 25 ന് ശേഷമെത്തിയവരും അതിനുമുൻപ് അസമിലേക്ക് കുടിയേറിയതായി വ്യാജരേഖയുണ്ടാക്കി വകുപ്പ് ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ഭരണഘടനാബെഞ്ചിന്റെ ഭൂരിപക്ഷ വിധിയോട് ജസ്റ്റിസ് ജെ. ബി. പർദിവാല വിയോജിപ്പ് രേഖപ്പെടുത്തി.

6 എ വകുപ്പ്

1966 ജനുവരി 1 ന് മുമ്പ് അസമിലെത്തിയ കുടിയേറ്റക്കാർ ഇന്ത്യൻ പൗരന്മാരാണ്. അന്ന് മുതൽ ബംഗ്ലാദേശ് വിമോചന യുദ്ധം അവസാനിച്ച 1971 മാർച്ച് 25 വരെ അസമിലേക്ക് കുടിയേറിയവർക്ക് മാനദണ്ഡങ്ങളനുസരിച്ച് ഇന്ത്യൻ പൗരത്വത്തിന് അപേക്ഷിക്കാം. അതിനു ശേഷമെത്തിയവരെ അനധികൃത കുടിയേറ്റക്കാരായി കണക്കാക്കി നാടുകടത്താം.

സംസ്ഥാന പദവി : പ്രമേയം പാസാക്കി ജമ്മു-കാശ്മീർ നിയമസഭ

സംസ്ഥാനത്തിന്റെ പ്രത്യേക പദവി പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം പാസാക്കി ജമ്മു - കാശ്മീർ നിയമസഭ. നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള സർക്കാർ അധികാരത്തിലെത്തിയ ശേഷം ചേർന്ന ആദ്യ നിയമസഭാ സമ്മേളനത്തിൽ ഉപമുഖ്യമന്ത്രി സുരീന്ദർ ചൗധരിയാണ് പ്രമേയം അവതരിപ്പിച്ചത്. 2019 ൽ സംസ്ഥാനത്തിന് പ്രത്യേക പദവി നൽകിയിരുന്ന ഭരണഘടനാ അനുച്ഛേദം 370 റദ്ദാക്കുകയും സംസ്ഥാനത്തെ വിഭജിച്ച് ജമ്മു-കാശ്മീർ, ലഡാക്ക് എന്നീ കേന്ദ്രഭരണ പ്രദേശങ്ങളാക്കുകയും ചെയ്തിരുന്നു.

ഒരു പതിറ്റാണ്ടിനു ശേഷം ജമ്മു-കാശ്മീരിൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യാ സഖ്യത്തിന് മുൻതൂക്കം ലഭിച്ചതോടെ നാഷണൽ കോൺഫറൻസ് ഉപാധ്യക്ഷൻ ഒമർ അബ്ദുള്ള ജമ്മു-കാശ്മീർ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റിരുന്നു. തൊണ്ണൂറംഗ നിയമസഭയിൽ നാൽപത്തിരണ്ട് സീറ്റുകളാണ് നാഷണൽ കോൺഫറൻസിനുള്ളത്.



ഹരിയാനയിൽ പുതിയ സർക്കാർ അധികാരമേറ്റു

ഹരിയാന മുഖ്യമന്ത്രിയായി നയാബ് സിങ് സൈനി ഗവർണ്ണർ ബണ്ഡാരു ദത്താത്രേയ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രണ്ടാം തവണയാണ് സൈനി ഹരിയാനയുടെ മുഖ്യമന്ത്രി പദത്തിലെത്തുന്നത്. തൊണ്ണൂറംഗ സഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ നാൽപത്തിയെട്ട് സീറ്റിൽ വിജയിച്ചാണ് ബി.ജെ.പി. തുടർച്ചയായി മൂന്നാം തവണയും അധികാരത്തിലെത്തിയത്.

എം. ടി. പത്മ, മുൻ മന്ത്രി

മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന എം. ടി. പത്മ (81) അന്തരിച്ചു. 1991 മുതൽ 1996 വരെ ഫിഷറീസ്, ഗ്രാമവികസന, രജിസ്ട്രേഷൻ മന്ത്രിയായിരുന്നു. എം. ഗോവിന്ദന്റെയും സി. ടി. കൗസല്യയുടെയും മകളായി കണ്ണൂരിൽ ജനിച്ച പത്മ, എം.എ., എൽ.എൽ.ബി. ബിരുദധാരിണിയാണ്. കൊയിലാണ്ടി മണ്ഡലത്തിൽ നിന്നാണ് എട്ടും ഒൻപതും കേരള നിയമസഭകളിൽ അംഗമായത്. കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, കെ.പി.സി.സി. അംഗം, മഹിളാ കോൺഗ്രസ് ജനറൽ സെക്രട്ടറി, കോഴിക്കോട് ഡി.സി.സി. സെക്രട്ടറി, ട്രഷറർ, കോഴിക്കോട് നഗരസഭാ പ്രതിപക്ഷ നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പരേതനായ എം. രാധാകൃഷ്ണനാണ് ഭർത്താവ്. രണ്ട് മക്കളുണ്ട്.

നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ അന്തരിച്ച മുൻ മന്ത്രി എം. ടി. പത്മയുടെ വസതി സന്ദർശിച്ചപ്പോൾ

ഷീനമോൾ എസ്. കെ.,
സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

നിയമസഭാ സെക്രട്ടേറിയറ്റിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഷീനമോൾ എസ്. കെ. (42) അന്തരിച്ചു. 2016 ജൂലൈ 22 ന് സി.എ. ഗ്രേഡ് II തസ്തികയിലാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ചത്. കേരള പോലീസ് ജീവനക്കാരനായ ജെ. ബിനുവാണ് ഭർത്താവ്. ആഷിന മേരി ബിനുവും ആഷിക് ബിനുവും മക്കളാണ്.

സന്തോഷ് കുമാർ എം.,
ഇൻഫർമേഷൻ അസിസ്റ്റന്റ്

നിയമസഭാ സെക്രട്ടേറിയറ്റിലെ ഇൻഫർമേഷൻ അസിസ്റ്റന്റ് സന്തോഷ് കുമാർ എം. (47) അന്തരിച്ചു. 2001 ഒക്ടോബറിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ പ്യൂൺ ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച സന്തോഷ് കുമാർ 2020 ജൂണിലാണ് ഇൻഫർമേഷൻ അസിസ്റ്റന്റായി നിയമിതനായത്. പാറശാല സ്വദേശിയായ അദ്ദേഹം എ. മോഹനന്റെയും ബേബിയുടെയും മകനാണ്. ഭാര്യ പ്രിയ കെ. ഒരു മകളുണ്ട്.

രത്തൻ ടാറ്റ

അന്തരിച്ച വ്യവസായ പ്രമുഖൻ രത്തൻ ടാറ്റ (86)യുടെ നിര്യാണത്തിൽ കേരള നിയമസഭ 2024 ഒക്ടോബർ 24 ന് ചരമോപചാരം അർപ്പിച്ചു. ടാറ്റ സൺസ് മുൻ ചെയർമാനായ അദ്ദേഹം ഇമെരിറ്റസ് ചെയർമാനായി പ്രവർത്തിച്ചു വരികയായിരുന്നു. ആറ് ഭൂഖണ്ഡങ്ങളിലായി നൂറിലേറെ രാജ്യങ്ങളിൽ പടർന്നു കിടക്കുന്ന ടാറ്റ വ്യവസായ സാമ്രാജ്യത്തിന്റെ അധിപനായിരുന്നു രത്തൻ ടാറ്റ. ഇന്ത്യയിലും വിവിധ രാജ്യങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന ടാറ്റ മോട്ടോർസ്, ടാറ്റ സ്റ്റീൽ, ടാറ്റ കൺസൾട്ടൻസി സർവീസസ്, ടാറ്റ പവർ, ടാറ്റ ഗ്ലോബൽ ബിവറേജസ്, ടാറ്റ കെമിക്കൽസ്, ഇന്ത്യൻ ഹോട്ടൽസ് ആൻഡ് ടാറ്റ ടെലിസർവീസസ് തുടങ്ങിയ ടാറ്റയുടെ വിവിധ കമ്പനികളുടെ ചെയർമാനായിരുന്നു അദ്ദേഹം. ജെ.ആർ.ഡി. ടാറ്റയ്ക്ക് ശേഷം ചുമതലയേറ്റ അദ്ദേഹം ടാറ്റ ഗ്രൂപ്പിനെ പുതിയ യുഗത്തിലേക്ക് നയിച്ചു.

നവൽ എച്ച്. ടാറ്റയുടെയും സൂനുവിന്റെയും മകനായി 1937 ഡിസംബർ 28 നാണ് രത്തൻ ടാറ്റ ജനിച്ചത്. യു. എസിലെ കോർണൽ സർവകലാശാലയിൽ നിന്ന് ബി.എസ്.സി. ആർക്കിടെക്ചർ എഞ്ചിനീയറിംഗ് ബിരുദവും ഹാർവാഡ് ബിസിനസ് സ്കൂളിൽ നിന്ന് അഡ്വാൻസ്ഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ ബിരുദവും നേടിയിട്ടുണ്ട്. സാമൂഹ്യസേവന രംഗത്തും മൃഗസംരക്ഷണ രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള രത്തൻ ടാറ്റ ജീവകാരുണ്യത്തിനായി വരുമാനത്തിന്റെ വലിയൊരു ഭാഗം നീക്കിവച്ചിരുന്നു. 2000 ൽ പത്മഭൂഷണും 2008 ൽ പത്മവിഭൂഷണും ലഭിച്ചിട്ടുണ്ട്. അവിവാഹിതനായ രത്തൻ ടാറ്റയുടെ സഹോദരനാണ് ജിമ്മി ടാറ്റ.

മിസോറാം നിയമസഭാ സമിതിയുടെ കേരള നിയമസഭാ സന്ദർശനം

മിസോറാം നിയമസഭയിലെ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി കേരള നിയമസഭ സന്ദർശിച്ചു. കമ്മിറ്റി ചെയർമാൻ എച്ച്. ഗിൻസലാലയുടെ നേതൃത്വത്തിലുള്ള സംഘത്തിൽ സമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ ഏഴുപേരുണ്ടായിരുന്നു. കേരള നിയമസഭയിലെ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുമായി സംയുക്ത യോഗം ചേർന്ന സംഘം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്തു. സന്ദർശക സംഘം നിയമസഭാ സ്പീക്കർ എ. എൻ. ഷംസീറുമായി കൂടിക്കാഴ്ച നടത്തി. സംഘാംഗങ്ങൾക്ക് സ്പീക്കർ ഉപഹാരങ്ങൾ സമ്മാനിച്ചു.

പഞ്ചാബ് നിയമസഭയുടെ പ്രസ് ഗ്യാലറി കമ്മിറ്റി

കേരള നിയമസഭയിലെത്തിയ പഞ്ചാബ് നിയമസഭയുടെ പ്രസ് ഗ്യാലറി കമ്മിറ്റിയിൽ പ്രസിഡന്റ് രമൻജിത്ത് സിങ്, സമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ പതിനെട്ട് അംഗങ്ങളാണുണ്ടായിരുന്നത്. കേരള നിയമസഭയുടെ പ്രവർത്തനങ്ങൾ, പത്രപ്രവർത്തകർക്ക് നിയമസഭയിൽ ലഭിക്കുന്ന സൗകര്യങ്ങൾ, മാധ്യമ പ്രവർത്തകർക്ക് പാസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നിയമസഭ നടപടികളുടെ സംപ്രേഷണം, റിപ്പോർട്ടിംഗ് എന്നിവ സംബന്ധിച്ച് സ്പീക്കറുടെ പ്രസ് സെക്രട്ടറി വിശദീകരിച്ചു. തുടർന്ന് നിയമസഭ സ്പീക്കർ എ. എൻ. ഷംസീറുമായി സംഘം കൂടിക്കാഴ്ച നടത്തി. കേരള നിയമസഭയെ സംബന്ധിച്ച വിഷയങ്ങൾക്ക് പുറമേ വയനാട്ടിലെ ഉരുൾപൊട്ടൽ, പുനരധിവാസം എന്നിവയും കൂടിക്കാഴ്ചയിൽ ചർച്ചാ വിഷയമായി.

സിംഗിൾ ട്രാൻസ്ഫറബിൾ വോട്ടിംഗ് സമ്പ്രദായം അംഗീകരിക്കണം - ആർ. ശങ്കർ

ജനപ്രതിനിധി സഭയുടെ നടപടിക്രമങ്ങൾ സംബന്ധിച്ച ചട്ടങ്ങളുമായി ബന്ധപ്പെട്ട് 1948 ഏപ്രിൽ 14 ന് തിരുവിതാംകൂർ നിയമനിർമ്മാണ സഭയിൽ ആർ.ശങ്കർ നടത്തിയ പ്രസംഗത്തിൽ നിന്ന്

"ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതി അവതരിപ്പിച്ച മാന്യനും ഈ ഭേദഗതിയെ സെക്കന്റു ചെയ്ത മാന്യനും ഇപ്പോൾ ഈ ഭേദഗതിയെ എതിർത്ത മാന്യനും എല്ലാവരും ഇംഗ്ലീഷിൽ സംസാരിച്ചതുകൊണ്ട് ഭേദഗതി എന്താണെന്നും അതിനെ അനുകൂലിച്ചതും എതിർത്തതുമായ ന്യായങ്ങൾ എന്തെല്ലാമാണെന്നും ചില മെമ്പർമാർക്ക് മനസ്സിലായില്ല എന്ന് അവരുടെ മുഖം കണ്ടാൽ തന്നെ മനസ്സിലാകും, ഭേദഗതി അവതരിപ്പിച്ച മി. കെ. പി. നീലകണ്ഠ പിള്ള ഇവിടെ പറഞ്ഞത് ഇത് വളരെ വിഷമമുള്ള ഒരു സിസ്റ്റമാണെന്നും അതുകൊണ്ട് വേറെ ലഘുവായ ഒരു സിസ്റ്റം സ്വീകരിക്കണമെന്നുമാണ്. അദ്ദേഹത്തിന്റെ പ്രസംഗം കൊണ്ടുതന്നെ ഇത് പറഞ്ഞു മനസ്സിലാക്കാൻ വിഷമമാണെന്ന് വ്യക്തമായി. ഏതായാലും ആ വിഷമമുള്ള കാര്യത്തെപ്പറ്റി അത്ര വിഷമമില്ലാതെ പറഞ്ഞു മനസ്സിലാക്കാം എന്ന വിചാരത്തോടു കൂടിയല്ല, എങ്കിലും ഞാൻ അതിനെപ്പറ്റി കഴിയുന്നത്ര വ്യക്തമായി പറയാമെന്ന് വിചാരിക്കുന്നു. ജനായത്ത ഭരണ സിദ്ധാന്തം പ്രായോഗികമായി വന്ന രാജ്യങ്ങളിൽ, ആദ്യ കാലങ്ങളിൽ, ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന് വിധേയമായി ന്യൂനപക്ഷം പ്രവർത്തിക്കുക എന്നുള്ളത് മാത്രമേ മാർഗമുള്ളു എന്ന് ചിന്തിക്കുകയും, അങ്ങനെ ന്യൂനപക്ഷങ്ങളുടെ അഭിപ്രായം വിഗണിക്കപ്പെടുകയും ചെയ്തിരുന്നുവെന്ന് ചരിത്രം തെളിയിക്കുന്നു. ന്യൂനപക്ഷങ്ങളുടെ അവകാശവാദങ്ങളുടെ ഫലമായി അവരുടെ ഏറ്റവും പ്രധാനപ്പെട്ട അവകാശമായി അംഗീകരിക്കപ്പെട്ടത് ന്യൂനപക്ഷങ്ങളുടെ അഭിപ്രായം ഭൂരിപക്ഷത്തിന്റെ അഭിപ്രായമാക്കി തീർക്കുന്നതിന് ആവശ്യമായ പ്രചരണം ചെയ്യുന്നതിനുള്ള അവകാശം ന്യൂനപക്ഷങ്ങൾക്ക് എക്കാലവും ഉണ്ടായിരിക്കും എന്നുള്ളതാണ്. ഇതൊക്കെയാണെങ്കിലും ഭൂരിപക്ഷം ന്യൂനപക്ഷത്തിന്റെ മേൽ അധികാരം ചുമത്തിയതിന്റെ ഫലമായി വ്യവസ്ഥാപിതമായ മാർഗങ്ങൾ അവർക്ക് ഇല്ലാതെ വരികയും പലപ്പോഴും വിപ്ലവമാർഗങ്ങൾ സ്വീകരിച്ച് ഗവൺമെന്റിനെ മുട്ടുകുത്തിക്കേണ്ട സന്ദർഭങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. നൂറ് ആളുകൾ ഉണ്ടെങ്കിൽ അതിൽ അമ്പത്തിയൊന്ന് ആളുകൾ ചേർന്നു തീരുമാനിക്കുന്നത് മുഴുവൻ ബാക്കിയുള്ള നാൽപ്പത്തിയൊമ്പത് ആളുകൾ സ്വീകരിച്ചുകൊള്ളണമെന്ന നടപടി ശുദ്ധ ജനായത്ത സിദ്ധാന്ത പ്രകാരം സാധുവാണെങ്കിലും അത് ഇന്ന് ആളുകൾ അപ്പടി അംഗീകരിക്കുന്നില്ല. നാൽപ്പത്തിയൊമ്പത്

ആർ. ശങ്കർ



കൊല്ലം ജില്ലയിലെ പുത്തൂരിൽ രാമൻ പണിക്കരുടെയും കുഞ്ഞാലിയമ്മയുടെയും മകനായി 1909 ഏപ്രിൽ 30 ന് ജനിച്ച രാമൻ ശങ്കർ എന്ന ആർ. ശങ്കർ കോൺഗ്രസുകാരനായ ആദ്യ കേരള മുഖ്യമന്ത്രിയാണ്. 1948 ൽ തിരുവിതാംകൂർ നിയമനിർമ്മാണ സഭയിലും 1949 മുതൽ 1956 വരെ തിരു-കൊച്ചി അസംബ്ലിയിലും അദ്ദേഹം അംഗമായിരുന്നു. 1960 മുതൽ 1962 വരെ പട്ടം താണുപിള്ള മന്ത്രിസഭയിൽ ഉപമുഖ്യമന്ത്രി, ധനകാര്യമന്ത്രി എന്നീ ചുമതലകൾ വഹിച്ചിരുന്ന ആർ. ശങ്കർ പട്ടം താണുപിള്ള പഞ്ചാബ് ഗവർണറായി ചുമതലയേറ്റതോടെ കേരളത്തിന്റെ മൂന്നാമത്തെ മുഖ്യമന്ത്രിയായി (26.9.1962 – 10.9.1964). കേരളത്തിലെ ഒരേ ഒരു ഏകകക്ഷി മന്ത്രിസഭയുടെ അമരക്കാരനായിരുന്ന അദ്ദേഹം അവിശ്വാസ പ്രമേയത്തിലൂടെ രാജിവയ്ക്കേണ്ടി വന്ന ഏക കേരള മുഖ്യമന്ത്രിയാണ്

കേരള നിയമസഭയുടെ പ്രിവിലേജസ് കമ്മിറ്റി ചെയർമാൻ, കോൺഗ്രസ് നിയമസഭാകക്ഷി നേതാവ്, കെ.പി.സി.സി. പ്രസിഡന്റ്, കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലി, കോൺഗ്രസ് പ്രവർത്തക സമിതി, ശമ്പള കമ്മീഷൻ (1955); ഫ്രാഞ്ചൈസി ആന്റ് ഡിലിമിറ്റേഷൻ കമ്മിറ്റി, ഉത്തരവാദിത്വ ഭരണം നിലവിൽ വന്ന ശേഷം രൂപീകരിച്ച റിഫോംസ് കമ്മിറ്റി എന്നിവയിൽ അംഗം എന്നിങ്ങനെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം എസ്.എൻ.ഡി.പി. യോഗം, എസ്. എൻ. ട്രസ്റ്റ് എന്നിവയുടെ ജനറൽ സെക്രട്ടറിയായും പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. 1972 നവംബർ 7 ന് അന്തരിച്ച ആർ. ശങ്കറിന് നവംബർ 13 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

ആളുകൾ അല്ല, അതിലും കുറഞ്ഞ ന്യൂനപക്ഷം ആയാലും അവരുടെ അഭിപ്രായവും ആദരിക്കുക എന്നത് പല രാജ്യങ്ങളിലും അംഗീകരിച്ചു കഴിഞ്ഞിട്ടുള്ള തത്വമാണ്. സാധാരണയായി പരിഷ്കാരങ്ങൾ വരുന്നതിന് താമസമുള്ള രാജ്യമാണ് മി. കെ. പി. നീലകണ്ഠപിള്ള ചൂണ്ടിക്കാണിച്ച യുണൈറ്റഡ് കിങ്ഡം. അവിടെയുള്ളവർ യാഥാസ്ഥികത്വം ഏറിയവരാണ്. ആ രാജ്യത്തു പോലും ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളെപ്പറ്റി ആലോചിക്കാൻ എതിർ കക്ഷിയുടെ നേതാവിന് ഒരു പ്രധാനമന്ത്രിയുടെ അധികാരം തന്നെ അവിടെ കൊടുത്തു വച്ചിരിക്കുന്നു. അവിടെ ഭൂരിപക്ഷം ന്യൂനപക്ഷത്തെ കുതിര കയറുന്ന വ്യവസ്ഥയില്ല. ഫ്രാൻസിലാണെങ്കിൽ അവിടുത്തെ കാര്യങ്ങൾ മി.ജോസഫ് സൂചിപ്പിച്ചു. അവിടെ ഓരോ ഗ്രൂപ്പിനും അതിന്റെ ശക്തിക്കനുയോജ്യമായ പ്രാതിനിധ്യം പ്രതിനിധി സഭയിൽ ഉണ്ടാകത്തക്ക വോട്ടിംഗ് വ്യവസ്ഥ വളരെ മുമ്പു തന്നെ സ്വീകരിക്കുകയും അത് പ്രായോഗികമാക്കുകയും ചെയ്തു. ഇന്നാണെങ്കിൽ ഫ്രാൻസിൽ ഒരു സ്ഥാനാർഥിയായി തിരഞ്ഞെടുപ്പിന് നിൽക്കുന്ന ആളിന് വോട്ടു കൊടുക്കേണ്ട ആവശ്യമില്ല. അവിടെ ധാരാളം പൊളിറ്റിക്കൽ പാർട്ടികൾ ഉണ്ട്. ആ പാർട്ടികൾക്കാണ് വോട്ടു കൊടുക്കേണ്ടത്. അവർക്ക് കിട്ടുന്ന വോട്ടിന്റെ സംഖ്യ അനുസരിച്ച് ചേംബറിലേക്ക് ആനുപാതികമായി ആളുകളെ നോമിനേറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. ഇതൊന്നും നമ്മുടെ രാജ്യത്ത് നടപ്പിൽ വന്നിട്ടില്ല. കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പ് മാത്രം ഈ വ്യവസ്ഥ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇവിടത്തെ രാഷ്ട്രീയപാർട്ടിയായ സ്റ്റേറ്റ് കാൺഗ്രസ് പോലും കമ്മിറ്റി തിരഞ്ഞെടുപ്പ് ആനുപാതിക പ്രാതിനിധ്യം അനുസരിച്ച് വേണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എല്ലാ അഭിപ്രായഗതിക്കാരുടെയും പ്രാതിനിധ്യത്തിനു വേണ്ടിയാണ് അത് വച്ചിരിക്കുന്നത്.

പല സ്ഥലങ്ങളിലും ഈ സിസ്റ്റം അംഗീകരിച്ചു വരുന്നുണ്ട്. അത് മനസ്സിലാക്കിയാണ് മി. കെ. പി. നീലകണ്ഠപിള്ള പറഞ്ഞതെങ്കിൽ അത്ര വിഷമം ഇല്ലായിരുന്നു. ആനുപാതിക പ്രാതിനിധ്യ തത്വം എന്നെപ്പോലെ എങ്കിലും അറിയാൻ പാടില്ലാത്തവരുണ്ടെങ്കിൽ അവർക്കു വേണ്ടി ചിലത് പറയാം. എനിക്കും അത് അത്രത്തോളം അറിയാം എന്ന് വിശ്വാസമില്ല. മി. കെ. പി. നീലകണ്ഠപിള്ള പറഞ്ഞതുപോലെ അത് അത്ര വിഷമമുള്ളതാണ്.

ക്യൂമിലേറ്റീവ് സിസ്റ്റം അനുസരിച്ച് എത്ര സ്ഥാനത്തേക്ക് ഒഴിവുണ്ടോ അത്ര വോട്ടുകൾ ഓരോ വോട്ടർക്കും കൊടുക്കാവുന്നതാണ്. അതായത് പതിനഞ്ച് ആളുകളുള്ള ഒരു കമ്മിറ്റിയെ ഇവിടെ തിരഞ്ഞെടുക്കുന്നപക്ഷം ഈ സഭയിലുള്ള നൂറ്റിയിരുപത് പേരിൽ ഓരോരുത്തർക്കും പതിനഞ്ച് വോട്ട് വീതം ഉണ്ടായിരിക്കും. ഓരോ വോട്ടർക്കും തനിക്കുള്ള പതിനഞ്ച് വോട്ടുകൾ ഒന്നായി ഒരു സ്ഥാനാർഥിക്കോ, വിഭജിച്ച് ഇഷ്ടം പോലെ ഒന്നിലധികം സ്ഥാനാർഥികൾക്കോ കൊടുക്കാവുന്നതാണ്. അപ്പോൾ തിരഞ്ഞെടുപ്പിന് നിൽക്കുന്ന ഓരോരുത്തർക്കും പല തരത്തിൽ വോട്ടുകൾ കിട്ടും. ചിലർക്ക് ആവശ്യത്തിലധികം വോട്ടുകൾ കിട്ടുകയും ചിലർക്ക് ലഭിച്ച വോട്ടുകൾ മതിയാകാതെ വരികയും ചെയ്യും.

പതിനഞ്ച് പേരെ തിരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നാലും ശരി ഇരുപത്തിയൊന്ന് പേരെ തിരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നാലും ശരി, കാര്യം എല്ലാവർക്കും മനസ്സിലാകത്തക്ക രീതിയിലും എളുപ്പത്തിലും നടക്കണമെന്നു മാത്രമേ ഉള്ളൂ എങ്കിൽ കൈമാറ്റം ചെയ്യാൻ പാടില്ലാത്ത ഒറ്റ വോട്ട് സമ്പ്രദായമാണ് നല്ലതെന്ന് എനിക്കു തോന്നുന്നു. ഉദാഹരണമായി ഒൻപത് പേരെ തിരഞ്ഞെടുക്കണമെങ്കിൽ ഒൻപതിലൊരംശം വോട്ടുകിട്ടുന്നവരും ജയിക്കും. ഏറ്റവും ലഘുവായ മാർഗം ഏതാണെന്ന് അന്വേഷിച്ച് കണ്ടുപിടിച്ചിട്ട് അതിനുവേണ്ടിയാണ് ക്യൂമിലേറ്റീവ് വോട്ടിംഗ് സിസ്റ്റം അംഗീകരിച്ചിരിക്കുന്നത് എന്ന് പറഞ്ഞാൽ അത് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ആനുപാതിക പ്രാതിനിധ്യത്തിന് യോജിച്ച വേറൊരു മാർഗം ഉള്ളത് സിംഗിൾ ട്രാൻസ്ഫറബിൾ വോട്ടിംഗ് സിസ്റ്റമാണ്. അതനുസരിച്ച് ഒരു ആളിന് ഒരു വോട്ടേ ഉള്ളൂ. എന്നാൽ അയാൾ കൊടുത്ത യാളിന് ആ വോട്ട് ഉപയോഗപ്പെടാതെ വന്നാൽ അയാളുടെ ആ വോട്ട് നഷ്ടപ്പെടാതെ ഇരിക്കുന്നതിന് വേണ്ടി മറ്റൊരാൾക്ക് മാറ്റിക്കൊടുക്കണമെന്ന് നിശ്ചയിക്കുന്നതിനും അയാൾക്കും ആവശ്യമില്ലാതെ വന്നാൽ വീണ്ടും വീണ്ടും മാറ്റി എത്ര ഒഴിവുകൾ ഉണ്ടാകുന്നുവോ അത്രയും ആളുകൾക്ക് മാറി മാറി കൊടുക്കുന്നതിനും വ്യവസ്ഥയുള്ളതിനാൽ അയാളുടെ വോട്ട് ഒരിക്കലും നഷ്ടപ്പെടുന്നില്ല. ഈ സിസ്റ്റം അംഗീകരിക്കേണ്ടത് രണ്ടു മൂന്ന് കാരണങ്ങളാൽ ആണ്. അതനുസരിച്ച് തങ്ങളുടെ ശക്തിക്കൊത്ത പ്രാതിനിധ്യം എല്ലാ കക്ഷികൾക്കും ലഭിക്കും. നൂറ്റിയിരുപത് അംഗങ്ങളുള്ള ഒരു സഭയിൽ നിന്ന് ഒരു കമ്മിറ്റിയിലേക്ക് പതിനഞ്ച് ആളുകളെ തിരഞ്ഞെടുക്കുന്നുവെന്ന് വയ്ക്കുക സാധാരണ സമ്പ്രദായത്തിൽ അഞ്ച് വോട്ട് മാത്രം ലഭിക്കുന്ന ഒരാൾക്ക് വിജയസാധ്യത ഇല്ല. എന്നാൽ ഈ സിസ്റ്റം അനുസരിച്ച് അഞ്ച് വോട്ട് കിട്ടുന്ന ആളിനും സെക്കന്റ് പ്രിഫറൻസ് ആവശ്യമുള്ളിടത്തോളം ലഭിച്ചാൽ ജയിക്കുവാൻ സാധിക്കും. വളരെ വോട്ടുകൾ ലഭിച്ചിട്ടുള്ള ആളിന്റെ, വിജയിക്കുവാനാവശ്യമുള്ളതിൽ കവിഞ്ഞ് വരുന്ന വോട്ടുകൾ കൈമാറ്റം ചെയ്ത് മറ്റു സ്ഥാനാർഥികൾക്ക് പോകും. അങ്ങനെ ആളുകളുടെ ആശയഗതിക്കനുസരിച്ചുള്ള സ്ഥാനാർഥികളെ തിരഞ്ഞെടുത്തയയ്ക്കാൻ ഈ സിസ്റ്റം കൂടുതൽ സൗകര്യപ്രദമായിരിക്കും. വിവിധ അഭിപ്രായങ്ങൾ ഉള്ളപ്പോൾ അത് പ്രതിഫലിപ്പിക്കണമെന്നാണ് കമ്മിറ്റിയുടെ താൽപര്യം എങ്കിൽ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥ ധാരാളം മതിയാകും. ഭൂരിപക്ഷം ആളുകൾക്ക് ഹിതമുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്യാം. എല്ലാ അഭിപ്രായഗതിക്കാർക്കും അർഹിക്കുന്ന പ്രാതിനിധ്യം നൽകി നമുക്ക് എളുപ്പത്തിൽ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകണമെന്ന് ആഗ്രഹമുള്ളതുകൊണ്ട് സിംഗിൾ ട്രാൻസ്ഫറബിൾ വോട്ടിംഗ് സിസ്റ്റം അംഗീകരിക്കുന്നത് ഉത്തമമായിരിക്കും. അതുകൊണ്ട് സിംഗിൾ ട്രാൻസ്ഫറബിൾ വോട്ടിംഗ് സിസ്റ്റം അംഗീകരിക്കണമെന്ന് ഞാൻ സഭയോട് അപേക്ഷിച്ചുകൊള്ളുന്നു.

കരിവെള്ളൂർ സമര സേനാനി എ. വി. കുഞ്ഞമ്പു

എ. വി. കുഞ്ഞമ്പു

കേരള നിയമസഭയുടെ മുൻ സാമാജികനും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല പ്രവർത്തകരിൽ പ്രമുഖനും തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിച്ച തൊഴിലാളി വർഗ നേതാവുമായിരുന്നു എ. വി. കുഞ്ഞമ്പു. പയ്യന്നൂർ നിയമസഭാ മണ്ഡലത്തിൽ നിന്ന് കേരള നിയമസഭയിലെത്തിയ അദ്ദേഹം രാജ്യസഭയിലും അംഗമായിരുന്നിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ കരിവെള്ളൂരിലെ അച്ചം വിട്ടിൽ ഉച്ചിരമ്മയുടെയും ചെറുവത്തൂർ കുട്ടമത്തെ തോട്ടോൻ രാമൻ നായരുടെയും മകനായി ജനിച്ചു. നാടുവാഴിത്തത്തിനെതിരെ പ്രവർത്തിച്ചതിന്റെ പേരിൽ പിതാവിനെ ആൻഡമാനിലേക്ക് നാടുകടത്തിയതിനെ തുടർന്ന് മാതാവിനോടൊപ്പം അമ്മാവന്റെ വീട്ടിലായിരുന്നു കുട്ടിക്കാലത്ത് താമസിച്ചിരുന്നത്. ഒന്നാം വയസ്സിൽ അച്ഛനെയും ആറാം വയസ്സിൽ അമ്മയെയും നഷ്ടപ്പെട്ട കുഞ്ഞമ്പുവിന് അഞ്ചാം ക്ലാസിനപ്പുറം പഠനം തുടരാൻ സാധിച്ചില്ല. പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയിട്ടും സ്വപ്രയത്നം കൊണ്ട് ഇംഗ്ലീഷും ഹിന്ദിയും സാമാന്യം നന്നായി കൈകാര്യം ചെയ്യാനുള്ള കഴിവ് അദ്ദേഹം ആർജ്ജിച്ചു. പയ്യന്നൂരിൽ സ്വാതന്ത്ര്യ സമര ജാഥയിൽ പങ്കെടുത്താണ് രാഷ്ട്രീയത്തിൽ തുടക്കം കുറിച്ചത്. കെ. കേളപ്പന്റെ പ്രസംഗം കേൾക്കാനിടയായതോടെ ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേരുകയും സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത് ജയിൽവാസമനുഭവിക്കുകയും ചെയ്തു. 1934 ഏപ്രിൽ 13 ന് കരിവെള്ളൂരിൽ അഭിനവ ഭാരത് യുവക് സംഘം രൂപവൽക്കരിച്ച് പ്രവർത്തനമാരംഭിച്ചു.

പി.കൃഷ്ണപിള്ളയുമായുള്ള പരിചയം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലും തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയിലും പ്രവർത്തിക്കുന്നതിന് കാരണമായി. കരിവെള്ളൂരിലെ കർഷകരെ സംഘടിപ്പിച്ച് കർഷക സംഘം രൂപീകരിച്ച് അദ്ദേഹം നടത്തിയ സമരങ്ങൾ പ്രദേശത്തെ ജന്മിമാരുടെ നിർബന്ധിത പിരിവുകളും അക്രമരീതികളും ഉപേക്ഷിക്കുന്നതിന് കാരണമായി. രണ്ടാം ലോക മഹായുദ്ധത്തിനെതിരെ നടത്തിയ പ്രവർത്തനങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിരോധനത്തിലേക്കും കമ്മൂണിസ്റ്റുകാരുടെ അറസ്റ്റിലേക്കും നയിച്ചു. തുടർന്ന് അദ്ദേഹം പ്രവർത്തന മേഖല തിരുവിതാംകൂറിലേക്ക് മാറ്റി. തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അടിത്തറ പാകുന്നതിൽ എ. വി. കുഞ്ഞമ്പു സുപ്രധാന പങ്കു വഹിച്ചു. 1942 മുതൽ 1944 വരെ പാർട്ടിയുടെ തിരുവിതാംകൂർ സ്റ്റേറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചു. പാർട്ടിയുടെ വിഭജനത്തെത്തുടർന്ന് സി.പി.ഐ.(എം.) ൽ സജീവമായി.

1957-58 കാലഘട്ടത്തിൽ രാജ്യസഭാംഗമായിരുന്ന കുഞ്ഞമ്പു മൂന്നാം കേരള നിയമസഭയിലും നാലാം കേരള നിയമസഭയിലും പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും സി.പി.ഐ.(എം.) പ്രതിനിധിയായി വിജയിച്ചു. അഖില ഭാരത യുവജന സംഘത്തിന്റെ ഓർഗനൈസിംഗ് സെക്രട്ടറി, പ്രസിഡന്റ്, സി.പി.ഐ. മലബാർ കമ്മിറ്റി സെക്രട്ടറി, സി.പി.ഐ. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, ദേശീയ കൗൺസിൽ അംഗം, സി.പി.ഐ(എം) സംസ്ഥാന കമ്മിറ്റി അംഗം, കണ്ണൂർ ജില്ലാ കമ്മിറ്റി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മലബാർ കർഷക സംഘത്തിന്റെ പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങളും അഖിലേന്ത്യാ കിസാൻ സംഘത്തിന്റെ ട്രഷറർ, വർക്കിംഗ് കമ്മിറ്റി മെമ്പർ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

1940 ൽ മൊറാഴയിലും 1946 ഡിസംബറിൽ കരിവെള്ളൂരിലും നടന്ന സമരങ്ങളുടെ മുന്നണി പോരാളിയായിരുന്നു എ.വി. അത്യന്തം ക്ലേശകരമായ പടവുകൾ കയറിയാണ് കേരള രാഷ്ട്രീയത്തിൽ അദ്ദേഹം ശ്രദ്ധേയനായത്. വിവിധ കാലഘട്ടങ്ങളിലായി ഏഴുവർഷത്തോളം ഒളിവിലായിരുന്ന അദ്ദേഹം പത്തുവർഷം ജയിലിൽ കിടന്നിട്ടുമുണ്ട്.

സരളമായ പെരുമാറ്റവും തുറന്ന മനസ്സോടെയുള്ള സമീപനവും അദ്ദേഹത്തിൽ തെളിഞ്ഞുനിന്ന ഗുണവിശേഷങ്ങളായിരുന്നു. തൊഴിലാളി വർഗത്തിനും കർഷകർക്കും വേണ്ടി അഹോരാത്രം പ്രവർത്തിച്ച നേതാവായിരുന്നു എ. വി. കുഞ്ഞമ്പു. കമ്മ്യൂണിസ്റ്റ് നേതാവും സ്വാതന്ത്ര്യ സമരസേനാനിയുമായിരുന്ന കെ. ദേവയാനിയാണ് എ. വി. കുഞ്ഞമ്പുവിന്റെ ഭാര്യ. മരണപ്പെട്ട ആദ്യപുത്രി രാധ, പ്രശസ്ത സാഹിത്യകാരനും പുരോഗമന കലാ സാഹിത്യ സംഘം പ്രസിഡന്റുമായ കരിവെള്ളൂർ മുരളി എന്നിവർ ഉൾപ്പെടെ ഏഴ് മക്കളുണ്ട്. 1980 ജൂൺ 8 ന് അന്തരിക്കുമ്പോൾ കേരള കർഷക സംഘത്തിന്റെ വൈസ് പ്രസിഡന്റായിരുന്നു. 1980 ജൂലൈ 1 ന് കേരള നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.

വർക്കല രാധാകൃഷ്ണൻ: ജനകീയനായ പാർലമെന്റേറിയൻ



കേരള നിയമസഭയുടെ സ്പീക്കറും ലോക്സഭാംഗവും സി.പി.ഐ.(എം.) നേതാവുമായിരുന്നു വർക്കല രാധാകൃഷ്ണൻ. അഭിഭാഷകനായിരുന്ന അദ്ദേഹം നിയമസഭയിലും ലോക്സഭയിലും നിയമനിർമ്മാണ രംഗത്തെ ശ്രദ്ധേയ സാന്നിധ്യമായിരുന്നു.

വർക്കല മുണ്ടയിൽ ചാന്നാൻ വിളാകത്ത് വീട്ടിൽ ആർ. വാസുദേവന്റെയും ജി. ദാക്ഷായണിയുടെയും മകനായി 1927 ആഗസ്റ്റ് 21 ന് ജനിച്ച വർക്കല രാധാകൃഷ്ണൻ ആലുവ യു.സി. കോളേജിൽ നിന്ന് ബിരുദവും എറണാകുളം ലോ കോളേജിൽ നിന്ന് നിയമ ബിരുദവും നേടി. വിദ്യാർഥിയായിരിക്കുമ്പോൾ മുതൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. ദീർഘകാലം അഭിഭാഷകനായിരുന്ന അദ്ദേഹം വർക്കല ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് പൊതുപ്രവർത്തന രംഗത്ത് സജീവമാകുന്നത്. 1967 ൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായതോടെ കേരള രാഷ്ട്രീയത്തിൽ ശ്രദ്ധേയനായി.

1980 ൽ ആറാം കേരള നിയമസഭ മുതൽ 1996 ൽ ഒൻപതാം കേരള നിയമസഭ വരെ തുടർച്ചയായി വർക്കല മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗമായിരുന്ന അദ്ദേഹം, 1987 മാർച്ച് 30 മുതൽ 1991 ജൂൺ 28 വരെ സഭാധ്യക്ഷനുമായിരുന്നു. പന്ത്രണ്ട്, പതിമൂന്ന്, പതിനാല് ലോക്സഭകളിൽ ചിറയിൻകീഴ് മണ്ഡലത്തെ പ്രതിനിധീകരിച്ചു.

കേരള നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (1982-84), അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി (1981-82) എന്നിവയുടെ ചെയർമാൻ, ഭരണ പരിഷ്കാര കമ്മിറ്റി ചെയർമാൻ (1996-98), കേരള സർവകലാശാല സെനറ്റ്, കർഷക സംഘം സംസ്ഥാന കമ്മിറ്റി എന്നിവയിൽ അംഗം, കേരള സ്റ്റേറ്റ് ലോയേഴ്സ് യൂണിയൻ, തിരുവനന്തപുരം ജില്ലാ കർഷക സംഘം എന്നിവയുടെ പ്രസിഡന്റ്, അഖിലേന്ത്യാ ലോയേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പന്ത്രണ്ടാം ലോക്സഭയിൽ ധനകാര്യം സംബന്ധിച്ച കമ്മിറ്റി, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി, വാണിജ്യ മന്ത്രാലയം സംബന്ധിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റി എന്നിവയിലും പതിമൂന്നാം ലോക്സഭയിൽ ധനകാര്യം സംബന്ധിച്ച കമ്മിറ്റി, പ്രിവിലേജസ് കമ്മിറ്റി, ശാസ്ത്ര സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ട കൺസൾട്ടേറ്റീവ് കമ്മിറ്റി എന്നിവയിലും പതിനാലാം ലോക്സഭയിൽ ലേബർ കമ്മിറ്റി, ജനറൽ പർപ്പസ് കമ്മിറ്റി, പേഴ്സണൽ ആന്റ് പബ്ലിക് ഗ്രീവൻസസ് കമ്മിറ്റി പ്രിവിലേജസ് കമ്മിറ്റി എന്നിവയിലും അംഗമായിരുന്ന അദ്ദേഹം പതിമൂന്ന്, പതിനാല് ലോക്സഭകളിൽ ചെയർമാൻമാരുടെ പാനലിലും ഉൾപ്പെട്ടിരുന്നു.

എട്ടാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ കേരള ലൈബ്രറീസ് ബിൽ, 1989 പാസാക്കുന്നതുമായി ബന്ധപ്പെട്ട ഏഴ് ദിവസത്തെ മാരത്തോൺ സിറ്റിംഗ് സമയത്തും 1987 ഡിസംബർ 12 ന് ആരംഭിച്ച് അടുത്ത ദിവസം പുലർച്ചെ 4.30 വരെ ചർച്ച നീണ്ട കേരള പബ്ലിക് മെൻസ് കറപ്ഷൻ (ഇൻവെസ്റ്റിഗേഷൻസ് ആന്റ് എൻക്വയറീസ്) ബിൽ, 1987 ന്റെ പരിഗണനാ വേളയിലും അധ്യക്ഷ പദവിയിൽ അദ്ദേഹമായിരുന്നു. പാർലമെന്ററി രംഗത്തെ അറിവും നിയമപരിജ്ഞാനവും കാര്യക്ഷമതയും നിഷ്പക്ഷ നിലപാടുകളുമെല്ലാം പ്രഗത്ഭമതികളായ സ്പീക്കർമാരുടെ പട്ടികയിൽ വർക്കല രാധാകൃഷ്ണന് ഇടം നേടിക്കൊടുത്തു. 1980 ൽ സബ്ജക്ട് കമ്മിറ്റി എന്ന ആശയം കൊണ്ടുവരുന്നതിലും അതിന്റെ രൂപീകരണത്തിലും അദ്ദേഹം പ്രമുഖ പങ്ക് വഹിച്ചു. പാർലമെന്റംഗം എന്ന നിലയിലും മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതിനുദാഹരണമാണ് വിവരാവകാശ നിയമത്തിന്റെ ചർച്ചാ വേളയിൽ അദ്ദേഹം സമർപ്പിച്ച നിർദേശങ്ങൾ സഭ

അംഗീകരിച്ചതും പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ അദ്ദേഹത്തെ അഭിനന്ദിച്ചതും. കക്ഷി രാഷ്ട്രീയത്തിനതീതമായി പാർലമെന്ററി ജനാധിപത്യത്തിന് വെല്ലുവിളി ഉയരുന്ന സന്ദർഭങ്ങളിലെല്ലാം ശക്തമായ നിലപാടുകൾ എടുക്കുകയും, അതിനായി ഒറ്റയാൾ പോരാട്ടം നടത്തുകയും ചെയ്തിരുന്ന സഭാംഗമായിരുന്നു വർക്കല രാധാകൃഷ്ണൻ. മികച്ച പാർലമെന്ററിയനായിരുന്ന അദ്ദേഹത്തിന് നിയമസഭയുടെയും പാർലമെന്റിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് അഗാധമായ പരിജ്ഞാനമുണ്ടായിരുന്നു. പാർലമെന്ററി പ്രാക്ടീസിനെ സംബന്ധിച്ച് ഒരു പുസ്തകം തന്നെ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ 33 ാമത് കുലാലമ്പൂർ (1987) സമ്മേളനത്തിലും 34 ാമത് കാൻബറ (1988) സമ്മേളനത്തിലും ബർബഡോസിൽ നടന്ന 35 ാമത് സമ്മേളനത്തിലും സിംബാബ്‌വേയിൽ നടന്ന 36 ാമത് സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

മാതൃകാ പാർലമെന്ററിയൻ, നിയമജ്ഞൻ, പ്രഭാഷകൻ എന്നീ നിലകളിൽ വിശ്രമരഹിതമായ രാഷ്ട്രീയ ജീവിതം നയിച്ച അദ്ദേഹം വർക്കലയിലും ആറ്റിങ്ങലുമുള്ള ചുരൽ തൊഴിലാളികളെ സംഘടിപ്പിച്ച് അവകാശ സമരങ്ങൾക്ക് സജ്ജമാക്കുന്നതിനും കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും കുടികിടപ്പുകാരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജനകീയ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടിരുന്ന വർക്കല രാധാകൃഷ്ണൻ ഫുട്ബോളിലും വോളിബോളിലും തൽപരനായിരുന്നു.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന പ്രൊഫ. സൗദാമിനിയാണ് ഭാര്യ. മൂന്ന് മക്കളുണ്ട്.

പ്രഭാത നടത്തത്തിനിടെ റോഡപകടത്തിൽ പരിക്കേറ്റ വർക്കല രാധാകൃഷ്ണൻ 2010 ഏപ്രിൽ 26 ന് അന്തരിച്ചു. 2010 ഏപ്രിൽ 27 ന് ലോക്സഭയും 2010 ജൂൺ 28 ന് നിയമസഭയും അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.

വിജ്ഞാനപഥം

1. ദേശീയ സ്റ്റാർട്ടപ്പ് ദിനം?

   ജനുവരി 16
   (സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ദിനാചരണം)

2. ഭാരതീയ റിസർവ് ബാങ്കിന്റെ കീഴിലുള്ള ഭാരതീയ റിസർവ് ബാങ്ക് നോട്ട് മുദ്രൺ പ്രൈവറ്റ് ലിമിറ്റഡ് മൈസൂരിൽ സ്ഥാപിച്ച മഷി നിർമ്മാണ യൂണിറ്റ്?

   വർണിക

3. കേരള സംസ്ഥാന ലോട്ടറി വകുപ്പിന്റെ പുതിയ ഔദ്യോഗിക ചിഹ്നം?

   പുൽച്ചാടി

4. അതിഥി തൊഴിലാളികളെ മലയാളം പഠിപ്പിക്കുന്നതിനായി മലയാളം മിഷൻ ആരംഭിച്ച പദ്ധതി?

   അനന്യ മലയാളം

5. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവെ റെക്കോർഡുകൾ തയ്യാറാക്കുന്നതിനായി കേരള സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി?

   എന്റെ ഭൂമി പദ്ധതി

6. സംസ്ഥാന സർക്കാർ കേരളത്തിൽ നിർമ്മിച്ച ആദ്യത്തെ സെൻട്രൽ ജയിൽ എവിടെ?

   മലപ്പുറം ജില്ലയിലെ തവനൂരിൽ

7. സംസ്ഥാനത്തെ മുൻസിഫ്-മജിസ്ട്രേറ്റ് മുതൽ സബ്ജഡ്ജി വരെയുള്ളവർ ഇനി മുതൽ ഏത് ഔദ്യോഗിക സ്ഥാനപ്പേരിലാണ് അറിയപ്പെടുക?

   സിവിൽ ജഡ്ജി
   (രാജ്യത്താകെ ഇത് നടപ്പിൽ വരുത്തണമെന്ന് 2023 മേയിൽ സുപ്രീം കോടതി നിർദേശിച്ചിരുന്നു)

8. ഇന്ത്യയിൽ ആദ്യമായി ഡിജിറ്റൽ കോടതി ആരംഭിച്ചതെവിടെ?

   കേരളത്തിൽ
   (കൊല്ലം ജില്ലയിൽ)

9. മയക്കുമരുന്ന് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി?

   മാനസ്
   (മദക് പദാർത്ഥ് നിഷേധ് അസുചന കേന്ദ്ര)

10. എസ്.എസ്.എൽ.സി.യോ തത്തുല്യയോഗ്യതയോ ഉണ്ടായിരുന്നിട്ടും പതിനൊന്നാം ക്ലാസിൽ പഠിക്കാൻ കഴിയാത്തവർക്ക് പ്രായഭേദമന്യേ പ്ലസ്ടു യോഗ്യത നേടാനായി കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതി?

    സ്കോൾ - കേരള പദ്ധതി (SCOLE : State Council for Open and Lifelong Education)

ടി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ നിയമം

സംസ്ഥാനത്തെ കർഷകർക്ക് 1970 ജൂലായ് 14 ന് മുമ്പ് ഉണ്ടായ കടങ്ങളിൽ നിന്ന് ആശ്വാസം നൽകുന്നതിനുവേണ്ടി കേരള നിയമസഭ പാസാക്കിയ ഒരു നിയമമായിരുന്നു 1970 ലെ കേരള അഗ്രിക്കൾച്ചറിസ്റ്റ്സ് ഡെബ്റ്റ് റിലീഫ് ആക്റ്റ്. ഈ നിയമത്തിന്റെ പ്രസക്തി കുറഞ്ഞതിനാലും സംസ്ഥാനത്തെ കർഷകരുടെ കടബാധ്യത പല കാരണങ്ങളാൽ വർധിച്ച് വന്നതിനാലും കാർഷിക വിളകളുടെ വിലയിടിവ് വ്യാപകമായതിനാലും നാളികേരം, കുരുമുളക്, കശുവണ്ടി തുടങ്ങിയ വിളകൾക്ക് രോഗബാധയുണ്ടായതിനാലും സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലുണ്ടായ വെള്ളപ്പൊക്കവും ഭൂചലനവും കാരണം കാർഷിക വിളകൾക്ക് നാശം സംഭവിച്ചതിനാലും കർഷകർക്കുണ്ടായ സാമ്പത്തിക നഷ്ടത്തിന് താൽക്കാലിക ആശ്വാസം പകരുന്നതിന് ഉതകുന്ന തരത്തിലുള്ള ലഘു വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് പാസാക്കിയ മറ്റൊരു നിയമമാണ് 2001 ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) ആക്റ്റ്.

എന്നാൽ 2001 ലെ താൽക്കാലിക ആശ്വാസ നിയമപ്രകാരം നൽകപ്പെട്ട ആനുകൂല്യങ്ങൾ കർഷകരുടെ 2001 ഡിസംബർ 29 ന് മുമ്പുള്ള കടബാധ്യതകൾക്ക് മാത്രമേ ലഭ്യമായിരുന്നുള്ളൂ. നിശ്ചിത തീയതിക്ക് ശേഷവും സംസ്ഥാനത്തെ കർഷക കടബാധ്യത വിവിധ കാരണങ്ങളാൽ വർധിച്ചുകൊണ്ടിരുന്നു. അത് നിരവധി കർഷകരെ സാമ്പത്തികമായി തകർക്കുകയും പലപ്പോഴും ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്തു. കർഷകരുടെ കടം ഈടാക്കുന്നതിനുവേണ്ടി ധാരാളം വ്യവഹാരങ്ങൾ കോടതികളിലും ട്രൈബ്യൂണലുകളിലും മറ്റ് അധികാരസ്ഥാനങ്ങളിലും തീർപ്പു കൽപ്പിക്കാതെ നിലനിന്നുവന്ന സാഹചര്യത്തിൽ കടബാധ്യത മൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസാക്കുന്നതിനുള്ള അധികാരം ഉള്ളതും മധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനുമായി ഒരു കമ്മീഷൻ രൂപീകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പാസാക്കിയ ഒരു നിയമമാണ് 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് (2007 ലെ 1 ാമത് നിയമം)

പന്ത്രണ്ടാം കേരള നിയമസഭയിൽ റവന്യൂ വകുപ്പിന്റെ ചുമതല

ഉണ്ടായിരുന്ന മന്ത്രി കെ. പി. രാജേന്ദ്രൻ 2006 ഒക്ടോബർ 26 ാം തീയതിയാണ് ഇതിനായുള്ള ബിൽ സഭയിൽ അവതരിപ്പിച്ചത്. അവതരണത്തെ തുടർന്ന് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് റഫർ ചെയ്യപ്പെടുകയായിരുന്നു. റവന്യൂ വകുപ്പുമന്ത്രി തന്നെ അധ്യക്ഷനായ സെലക്ട് കമ്മിറ്റിയുടെ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് 2006 ഡിസംബർ 27 ാം തീയതി സഭയിൽ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 29 ാം തീയതി ബിൽ പാസാക്കുകയും ചെയ്തു. സഭ പാസാക്കിയ ബില്ലിന് 2007 ജനുവരി 18 ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

'കോഴിപങ്കും' ചർച്ചയിൽ

ബില്ലിന്റെ രണ്ടാം വായനയിൽ 2006 ഡിസംബർ 28 ാം തീയതി സഭയിൽ നടന്ന ചർച്ചയിൽ ഒട്ടേറെ വിഷയങ്ങൾ ചർച്ചചെയ്യപ്പെട്ടു. മനഃശാസ്ത്രവും സാഹിത്യവും കഥയും കവിതയും പരാമർശിക്കപ്പെട്ട ചർച്ചയിൽ ശക്തമായ വിമർശനവും ഉണ്ടായിരുന്നു. അതിലെ ചില പ്രസക്ത ഭാഗങ്ങൾ ചുവടെചേർക്കുന്നു.

കെ. കെ. ഷാജു: 'അങ്ങ് കമ്മീഷന്റെ നിരർഥകതയെക്കുറിച്ചാണല്ലോ പറഞ്ഞുവരുന്നത്. പണമൊന്നും നീക്കിവച്ചിട്ടില്ലാത്ത കമ്മീഷനായതുകൊണ്ട് അപേക്ഷകൾ വാങ്ങുമ്പോഴും തീരുമാനങ്ങളെടുക്കുമ്പോഴും കൃഷിക്കാർക്ക് സഹായങ്ങൾ ചെയ്തുകൊടുക്കാൻ പറ്റാത്തതുകൊണ്ട് വിവിധ മേഖലകളിൽ ഈ കമ്മീഷനെ തടയാൻ ഇടയുണ്ടെന്നും, അങ്ങനെ തടയുന്നത് ശ്രീ. എം. എ. ബേബിയുടെ ഭാഷയിൽ ആശയവിനിമയം എന്നായി മാറുമെന്നും അങ്ങ് കരുതുന്നുണ്ടോ?'

കെ. കുട്ടി അഹമ്മദ് കുട്ടി: 'മലയാള ഭാഷയ്ക്ക് പുതിയ പുതിയ പദങ്ങൾ കിട്ടുകയാണ്. തടയുക എന്നതിനെ ആശയവിനിമയം എന്നാക്കി തന്നതിന് ബഹുമാനപ്പെട്ട ബേബിയോട് നന്ദിയുണ്ട്.'

സാജു പോൾ: 'ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി വളരെ ഗൗരവമായി ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. സഹകരണ ആക്റ്റിന്റെ ആമുഖത്തിൽ കടത്തിൽ ജനിച്ച്, കടത്തിൽ വളർന്ന്, കടത്തിൽ മരിക്കുന്നവനാണ് ഇന്ത്യൻ കർഷകൻ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ കുട്ടിയായി ജനിച്ച് കുട്ടിയായി വളർന്ന കുട്ടി അഹമ്മദ് കുട്ടി ഒരു കുറ്റിക്ക് ചുറ്റും കുട്ടിയായി നിൽക്കുന്നു. അങ്ങ് മനഃശാസ്ത്രം വായിച്ചുവെന്ന് പറഞ്ഞല്ലോ. ഏറ്റവും കൂടുതൽ മനഃശാസ്ത്ര ഗ്രന്ഥങ്ങളെഴുതിയ Dale Carnegie അവസാനം ആത്മഹത്യ ചെയ്ത് എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?'

കെ. കുട്ടി അഹമ്മദ് കുട്ടി: 'Dale Carnegie മനഃശാസ്ത്രജ്ഞനല്ല. അയാൾ അറിയപ്പെടുന്ന ഒരു മനഃശാസ്ത്രജ്ഞനല്ല. സാജു പോളിന് വിവരം വളരെ കുറവാണ്. അതുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. അദ്ദേഹം എഴുതിയ പുസ്തകങ്ങൾ, How to Win Friends and Influence People, How to Stop Worrying and Start Living. ഇങ്ങനെയുള്ള personality development നുള്ള പുസ്തകങ്ങളാണ് എഴുതിയത്. എന്തെങ്കിലും കാര്യങ്ങൾ കുറച്ച് അറിഞ്ഞുകൊണ്ട് മുറിവൈദ്യനെ പോലെ അതിനെപ്പറ്റി പറയരുത്. ഈ ബില്ലിന്റെ മുഖമുദ്ര എന്നുപറയുന്നത് വന്ധ്യമായ വാചാലതയും പരിഹാസ്യമായ നാട്യങ്ങളും അതിനിന്ദ്യമായ കാപട്യവുമാണ്. നമ്മുടെ കടാശ്വാസ ബിൽ വായിച്ചപ്പോൾ എന്റെ ഓർമ്മയിൽ വന്നത് സച്ചിദാനന്ദന്റെ കവിതയാണ്. 'കോഴിപങ്ക്' എന്ന് ശീർഷകമുള്ള ഒരു കവിതയിൽ പറയുന്നത്,

എന്റെ കോഴിയെ നിങ്ങൾ
പകുത്തോളിൻ
പക്ഷേ കൂർമ്മൻകൊക്ക്
എനിക്ക് തരീൻ,
കോഴിയെ നിങ്ങൾ പകുത്തോളിൻ
പക്ഷേ ചെമ്പൻപൂവ്
എനിക്ക് തരീൻ,
എന്റെ കോഴിയെ നിങ്ങൾ
പകുത്തോളിൻ
പക്ഷേ കുന്നിക്കുരു കണ്ണ്
എനിക്ക് തരീൻ,
എന്റെ കോഴിയെ നിങ്ങൾ
പകുത്തോളിൻ
പക്ഷേ പൊന്നിൻ കാൽ
എനിക്ക് തരീൻ.

അങ്ങനെ എല്ലാം എനിക്ക് തരാൻ പറയുകയാണ്. അവസാനം

എന്റെ കോഴിയെ നിങ്ങൾ
പകുത്തോളിൻ
പക്ഷേ എന്റെ കോഴിയെ മാത്രം
എനിക്ക് തരീൻ

എന്നാണ്. ഈ കടാശ്വാസ ബില്ലിനെക്കുറിച്ച് പറയുമ്പോൾ എനിക്ക് ഈ കവിതയാണ് ഓർമ്മ വരുന്നത്. കാരണം നിങ്ങൾക്ക് കടാശ്വാസമുണ്ട്, പക്ഷേ നാഷണലൈസ്ഡ് ബാങ്കിൽ നിന്ന് വാങ്ങിയ കടത്തിന് യാതൊരു ആശ്വാസവുമില്ല, നിങ്ങളുടെ പലിശ എഴുതിത്തള്ളുന്നുണ്ട്, പക്ഷേ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നെടുത്ത വായ്പകളുടെ പലിശ എഴുതിത്തള്ളുന്നില്ല. സഹകരണ ബാങ്കുണ്ടെന്ന് ഇപ്പോൾ ഒഫിഷ്യൽ അമെന്റ്മെന്റായിട്ട് വന്നിട്ടുണ്ട്. എന്നാൽ അതിന് ഗവൺമെന്റ് പണമൊന്നും മാറ്റിവച്ചതായി കാണുന്നില്ല. ഈ കമ്മീഷന് ഉപദേശക സമിതിയുടെ ജോലിയാണ്.'

കടത്തിന് ആശ്വാസം വരുന്ന വഴി

ഈ നിയമപ്രകാരം കടം എന്നാൽ ഈ നിയമത്തിന്റെ പ്രാരംഭ തീയതിയിലോ അതിനുമുമ്പോ ഒരു കരാറിൻ കീഴിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഡിക്രിയുടേയോ അല്ലെങ്കിൽ ഉത്തരവിന്റെയോ കീഴിലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ജാമ്യമുള്ളതോ ജാമ്യമില്ലാത്തതോ ആയതും ഒരു കർഷകനിൽ നിന്നും കിട്ടേണ്ടതായിട്ടുള്ള ഏതെങ്കിലും ബാധ്യത എന്നർഥമാകുന്നതുമാണ്. അതിൽ ഒരു ഉത്തമർണ്ണ സ്ഥാപനത്തിനോ, ഒരു സഹകരണ സംഘത്തിനോ കൊടുക്കേണ്ടതായ തുകയും ഒരു കർഷകൻ ഉത്തമർണ്ണനിൽ നിന്നും വാങ്ങിയ തുകയും ഉൾപ്പെടുന്നതുമാണ്. കർഷകൻ എന്ന നിർവചനത്തിൻ കീഴിൽ ഉടമസ്ഥനായോ അനുമതിപത്രക്കാരനായോ ഒറ്റി കൈവശക്കാരനായോ വാക്കാൽ പാട്ടക്കാരനായോ

സർക്കാർ ഭൂമി പാട്ടക്കാരനായോ കുത്തക പാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റുവിധത്തിലും നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും കൃഷി പ്രധാന ഉപജീവനമാർഗ്ഗം ആയിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നർഥമാകുന്നതാണ്. അതിൽ കർഷകത്തൊഴിലാളിയും പാട്ടക്കരാർ വ്യവസ്ഥയിൽ കൃഷിസ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുന്ന കുടുംബശ്രീ, സ്വയംസഹായ സംഘയൂണിറ്റുകൾ എന്നിവയും ഉൾപ്പെടുന്നു.

ഈ നിയമ പ്രകാരം രൂപീകരിക്കപ്പെടുന്ന കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്നതും റിട്ടയർ ചെയ്ത ഒരു ഹൈക്കോടതി ജഡ്ജി ചെയർമാനായിരിക്കുന്നതുമാണ്. കമ്മീഷന്റെ കാലാവധി മൂന്നു വർഷമായിരിക്കും. ഈ കമ്മീഷന് മാനദണ്ഡങ്ങൾക്ക് വിധേയമായി ജില്ലയെയോ, ജില്ലകളെയോ ദുരന്തബാധിത പ്രദേശമായോ വിളയെയോ, വിളകളെയോ ദുരന്തബാധിത വിളയായോ പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്. കൂടാതെ കർഷകർക്ക് നൽകേണ്ട കടാശ്വാസത്തിന്റെ വ്യാപ്തിയും രീതിയും സംബന്ധിച്ചും, കടം പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കുന്നത് സംബന്ധിച്ചും സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. കമ്മീഷന്റെ ശിപാർശയിന്മേൽ ദുരന്തബാധിത പ്രദേശമെന്നോ ദുരന്തബാധിത വിളയെന്നോ പ്രഖ്യാപിക്കുവാൻ സർക്കാരിനുള്ള അധികാരം, കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കേണ്ട രീതി, കർഷകർ എടുത്ത വായ്പകളുടെ ഒത്തുതീർപ്പ് സംബന്ധിച്ച വ്യവസ്ഥകൾ, വായ്പകളുടെ പുനഃക്രമീകരണം, കടം ഗഡുക്കളായി വീട്ടൽ തുടങ്ങിയ ഇതര വിഷയങ്ങളെ സംബന്ധിച്ചുള്ള വിശദമായ വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിയമം അനുശാസിക്കുന്നതനുസരിച്ച് കാർഷിക കടാശ്വാസ കമ്മീഷന് ഒരു സിവിൽ കോടതിക്ക് സമാനമായ അധികാരങ്ങൾ ഉള്ളതും ന്യായനിർണ്ണയങ്ങൾ നടത്തി അവാർഡുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. ആയതിലേക്കായി കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അവാർഡ് പ്രകാരം സർക്കാരിലേക്ക് കടാശ്വാസ ശിപാർശ നടത്തുകയും ചെയ്തുവരുന്നു.

കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിലേക്കായി 2008, 2012, 2019 എന്നീ വർഷങ്ങളിൽ ചില ഭേദഗതികൾ വരുത്തിക്കൊണ്ട് മൂലനിയമം കൂടുതൽ ശക്തിപ്പെടുത്തുകയുണ്ടായി.

കർഷകൻ കൊടുത്ത് തീർക്കാനുള്ള തുക 50,000 രൂപയോ അതിൽ കുറവോ ആണെങ്കിൽ കടാശ്വാസം പരമാവധി 75 ശതമാനവും 50,000 രൂപയിൽ കൂടുതലായിരിക്കുന്ന വായ്പയിൽ 50 ശതമാനത്തിൽ അധികരിക്കാത്തതോ പരാമാവധി 2 ലക്ഷം രൂപയോ ആയിരിക്കും കടാശ്വാസമായി അനുവദിച്ച് വരുന്നത്.

കമ്മീഷനുകളുടെ നിയമനം

19.03.2007 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിക്കുകയും ജസ്റ്റിസ് കെ. എ. അബ്ദുൾ ഗഫൂറിനെ ആദ്യ ചെയർമാനായി നിയമിക്കുകയും ചെയ്തിരുന്നു. മൂന്ന് വർഷമാണ് കമ്മീഷന്റെ കാലാവധി. 2010 ൽ കമ്മീഷന്റെ കാലാവധി രണ്ട് വർഷം കൂടി ദീർഘിപ്പിച്ചിരുന്നു. തുടർന്ന് 19.05.2012 ൽ കമ്മീഷൻ ചെയർമാനായി ജസ്റ്റിസ് കെ.ആർ. ഉദയഭാനുവിനെ നിയമിക്കുകയും കമ്മീഷൻ 2018 മെയ് വരെ തുടരുകയും ചെയ്തു. അതിനുശേഷം 12.06.2018 ലെ ഉത്തരവ് പ്രകാരം ജസ്റ്റിസ് എം. ശശിധരൻ നമ്പ്യാർ ചെയർമാനായി രൂപീകരിച്ച കമ്മീഷന്റെ കാലാവധി 15.07.2021 ൽ അവസാനിച്ചതിനെ തുടർന്ന് ജസ്റ്റിസ് കെ. എബ്രഹാം മാത്യു ചെയർമാനായി പുതിയ കമ്മീഷൻ നിലവിൽ വരികയുണ്ടായി. ഈ കമ്മീഷന്റെ കാലാവധി 2024 സെപ്റ്റംബറിൽ പൂർത്തിയായി. എങ്കിലും ജസ്റ്റിസ് കെ. എബ്രഹാം മാത്യു ചെയർമാനായും എൻ.യു. ജോൺകുട്ടി, അഡ്വ. കെ. ആർ. രാജൻ, പി. എം. ഇസ്മയിൽ, കെ. സി. വിജയൻ, ജോസ് പാലത്തിനാൽ, കെ. എം. ദിനകരൻ എന്നിവർ അംഗങ്ങളായും കമ്മീഷൻ പുനഃസംഘടിപ്പിക്കുകയാണുണ്ടായത്.

പ്രവർത്തനരീതി

03.12.2022ലെ GO(P) No. 296/2022/RD പ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2020 വരെയും മറ്റ് പന്ത്രണ്ട് ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത കാർഷിക വായ്പകളാണ് കടാശ്വാസത്തിന് പരിഗണിക്കുന്നത്.

നിലവിൽ 31.12.2023 വരെ 6,52,987 അപേക്ഷകൾ കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപ്രകാരം ലഭിച്ച അപേക്ഷകളിൽ 31.03.2024 വരെ 5,92,451 അപേക്ഷകൾ തീർപ്പാക്കുകയും 740.19 കോടി രൂപ കടാശ്വാസമായി അനുവദിക്കുവാൻ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം 2,10,807 കർഷകർക്ക് ഈ നിയമപ്രകാരമുള്ള ആശ്വാസം ലഭ്യമായിട്ടുണ്ട്. ഇതുവരെ കടാശ്വാസം നൽകിയ വകയിൽ 300.78 കോടി രൂപ സർക്കാർ സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

പ്രത്യക്ഷ ജനസൗഹൃദം

സംസ്ഥാനത്തെ ഒരു പ്രധാന പരമ്പരാഗത തൊഴിൽ മേഖലയായ കാർഷിക രംഗത്ത് പ്രവർത്തിച്ച് വരുന്നവർ അങ്ങേയറ്റം പ്രതികൂല സാഹചര്യങ്ങളുമായി മല്ലിട്ടാണ് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നത്. കാർഷിക രംഗത്ത് പൊതുവെ ഉണ്ടായിട്ടുള്ള മാന്ദ്യം ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ കൂടുതൽ കൂടുതൽ തകർച്ചയിലേക്കാണ് കൊണ്ടെത്തിച്ചിരിക്കുന്നത്. അപ്രകാരം ജീവിതം വഴിമുട്ടിയ ഒട്ടനേകം പേർക്ക് ഒരുപരിധിവരെ ആശ്വാസം പകരുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ട ഈ നിയമം കേരള നിയമസഭ പാസാക്കിയ ജനസൗഹൃദ നിയമങ്ങളുടെ പട്ടികയിൽ ഇടംപിടിക്കുന്ന ഒരു മാതൃകാ നിയമമാണെന്ന് നിസ്സംശയം പറയാവുന്നതാണ്.

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ

പാടൂ നിലാവേ...
എസ്.പി.ബി യുടെ ജീവിതവും സംഗീതവും
ഡോ. എം. ഡി. മനോജ് (എഡി.)
ഒലിവ് പബ്ലിക്കേഷൻസ് : കോഴിക്കോട്, 2021
NRwBAL 32R1
(അനശ്വര ഗായകൻ എസ്.പി. ബാലസുബ്രഹ്മണ്യത്തെ കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ)

സുധീര പോരാട്ടങ്ങൾ
ഓർമ, അനുഭവം, പോരാട്ടം
വി. എം. സുധീരൻ
പേരക്ക ബുക്സ് : മലപ്പുറം, 2021
W,3.212y7SUD 32R1
(മുൻ മന്ത്രിയും സ്പീക്കറുമായ വി.എം.സുധീരന്റെ രാഷ്ട്രീയ ജീവിതത്തിലെ ചില മുഹൂർത്തങ്ങളും വീക്ഷണങ്ങളും)

മൗനത്തിന്റെ മുറിവുകൾ
രജനി ആത്മജ
ഗ്രാമീണ പബ്ലിക്കേഷൻസ് : പാലക്കാട്, 2023.
O32,1REJ R3
(കവിതകൾ)

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ

പ്രണയ സഞ്ചാരങ്ങളുടെ ആഴക്കടൽ

ബിച്ചു കൽഹാര

സീഡ് ബുക്ക്സ് : തൃശൂർ, 2022.

O32,3BIC R2

(കഥകൾ)

ഇനിയും പറയാനുണ്ട്

ബിനോയ് വിശ്വം

സൈകതം ബുക്ക്സ് : എറണാകുളം, 2019.

W.2 32Q9

(ലേഖകന്റെ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യുന്ന ലേഖനങ്ങൾ)

AT THE WHEEL OF RESEARCH

An Exclusive Biography of Dr. Soumya Swaminathan

Anuradha Mascarenhas

Bloomsbury : New Delhi, 2024.

L9CwSOU R4

(Dr. Soumya Swaminathan, daughter of Dr. M.S.Swaminathan, is an Indian Paediatrician & clinical scientist known for her research on tuberculosis and HIV. She served as the chief scientist at the WHO)

സ്ത്രീ

സ്ത്രീകളെക്കുറിച്ച് കുറേ കഥകൾ

എസ്. കെ. പൊറ്റെക്കാട്ട്

പൂർണ പബ്ളിക്കേഷൻസ് : കോഴിക്കോട്, 2021.

O32,3POT(Y15) R1

(സ്ത്രീപക്ഷ കഥകൾ)

കേരളീയ സമൂഹവും പരിവർത്തനവും

ഡോ.കെ.കെ.എൻ. കുറുപ്പ്

ടെൽബ്രെയ്ൻ ബുക്ക്സ് : കൊച്ചി, 2021.

Y:1:7.212 32R1

(പരിസ്ഥിതി, ഫോക്‌ലോർ, ശ്രീനാരായണ ദർശനം, അദ്വൈത ദർശനം, വേദാർഥ നിരൂപണം തുടങ്ങിയ വിഷയങ്ങൾ വിശകലനം ചെയ്യുന്നു. കോഴിക്കോട് സർവകലാശാല മുൻ വൈസ് ചാൻസലറും ചരിത്രകാരനുമാണ് ലേഖകൻ)



REDESIGN THE WORLD

A GLOBAL CALL TO ACTION

Sam Pitroda

Penguin Random House : Haryana, 2021.

X:89ZB(W) R1

(This book is about reshaping the world to come across the future challenges of our planet and our people)

വയനാടൻ ചിത്രലിഖിതങ്ങൾ

കെ. പി. ദീപ

ഒലിവ് പബ്ളിക്കേഷൻസ് : കോഴിക്കോട്, 2023

U8.212WAY 32R3

(ഒരു വയനാടൻ യാത്രാവിവരണം)



MANSIONS OF THE MOON

Shyam Selvadurai

Penguin Books : Haryana, 2023

O111,3SHY,M R3

(Novel)



IMPERIAL GAMES IN TIBET

The Struggle for Statehood and Sovereignty

Dilip Sinha

Macmillan : Delhi, 2024.

V498 R4

(This book deals with the geopolitical history of Tibet)

ARIVORAM
BIMONTHLY | **DECEMBER 2024** | PRICE : ₹50/-

അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Dr. N. Krishna Kumar, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Orange Printers, Thiruvananthapuram, Kerala - 695 001 and Published from Data Resource Development 'B' Section, Kerala Legislature Secretariat, Vikas Bhavan P. O., Thiruvananthapuram - 695 033, Chief Editor - A. N. Shamseer